“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും” (യാക്കോബ് ൪:൮)

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

| | | |
|---|---|---|
| *Vol. XXXVII* | *2009 April* | *No. 4* |
| വാർഷിക വരിസംഖ്യ 120 രൂപ, | | ഒറ്റപ്രതി 10 രൂപ |

# ഉള്ളടക്കം


സർക്കുലർ ........................................................................ 259
സർക്കുലർ ........................................................................ 263
ഇടയലേഖനം ........................................................................ 266
സർക്കുലർ ........................................................................ 272
രൂപതാ കച്ചേരി വാർത്തകൾ ........................................................ 281
പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് ........................................................ 285
റീജിയണൽ വാർത്തകൾ ........................................................ 288
മതബോധനരംഗം ........................................................................ 290
ചെറുപുഷ്പമിഷൻലീഗ് ........................................................................ 292
കെ. സി. വൈ. എം. ........................................................................ 298
കുടുംബപ്രേഷിതത്വം ........................................................................ 304
സിയോൻ വാർത്തകൾ ........................................................................ 305
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................................................ 309
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ........................................................ 312
ജയിൽ മിനിസ്ട്രി ........................................................................ 313
ക്രിസ്റ്റീൻ വാർത്തകൾ ........................................................................ 314
സാമൂഹ്യസേവന രംഗം ........................................................................ 315
വിദ്യാഭ്യാസ മണ്ഡലം ........................................................................ 223
ന്യൂമാൻസ് കോളേജ് ........................................................................ 335
അറിയിപ്പുകൾ ........................................................................ 337
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................................ 341
ബിഷപ്സ് പ്രോഗ്രാം ........................................................................ 342

# സർക്കുലർ

## ക്രൈസ്തവവോട്ടർമാർക്ക് ലോകസഭാ തിരഞ്ഞെടുപ്പി നോടനുബന്ധിച്ച് കെ.സി.ബി.സി. നല്കുന്ന ആഹ്വാനം

പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഭാരതം ഒരിക്കൽക്കൂടി പൊതു തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുകയാണ്. നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന മഹത്തായ ലക്ഷ്യങ്ങളും മൂല്യങ്ങളും ഉറപ്പുവരുത്താനുള്ള അവസരമാണ് തിരഞ്ഞെടുപ്പ് എന്നത് നാം പ്രത്യേകം ഓർക്കണം. വലിയ വെല്ലുവിളികളുടെ പശ്ചാത്തലത്തിലാണ് നാം പതിനഞ്ചാം പൊതുതിരഞ്ഞെടുപ്പിനെ നേരിടുന്നത്. ഒരു രാഷ്ട്രമെന്ന നിലയിൽ നമ്മുടെ നിലനിൽപ്പിനെ ഉലയ്ക്കാനും ഭരണഘടനയെതന്നെ നിർവീര്യവും ദുർബ്ബലവുമാക്കാനും പര്യാപ്തമായ സാഹചര്യങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്. ഇത്തരം ഭീഷണികളും വെല്ലുവിളികളും ഉണ്ടെന്നറിയുന്ന നമ്മൾ സമ്മതിദാനാവകാശം ഒറ്റ വോട്ടു പോലും പാഴാക്കാതെ ശരിയായി വിനിയോഗിക്കണമെന്ന് ആദ്യമേ പറയട്ടെ.

ഇന്ത്യയിലെ കത്തോലിക്കാ മെത്രാൻ സമിതി 2009 ഫെബ്രുവരി 19 ന് നടത്തിയ ആഹ്വാനം ഈ പശ്ചാത്തലത്തിൽ സവിശേഷമായ പ്രാധാന്യവും പ്രസക്തിയും ഉള്ളതാണ്. കേരളത്തിലെ കത്തോലിക്കാ മെത്രാന്മാരായ ഞങ്ങൾ  ഇടയധർമ്മത്തിന്റെ ഭാഗമായി ഇതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ സഭാംഗങ്ങളുടെ ശ്രദ്ധയിൽപെടുത്താൻ ആഗ്രഹിക്കുന്നു.

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെയും രാഷ്ട്രശിൽപ്പികളുടെയും ഭരണഘടനയുടെ വിധാതാക്കളുടെയും ദർശനങ്ങളോട് പൊതുവേ ക്രിയാത്മകമായി പ്രതികരിക്കാൻ ഓരോ തിരഞ്ഞെടുപ്പിലും ഇന്ത്യയ്ക്കു കഴിഞ്ഞിട്ടുണ്ട്. സി.ബി.സി.ഐ. ചൂണ്ടിക്കാട്ടുന്നതുപോലെ സാമൂഹിക പരിവർത്തനത്തിനും ഐക്യത്തിനും, സഹവർത്തിത്വത്തിനും സാമ്പത്തിക പുരോഗതിക്കും രാഷ്ട്രീയ പക്വതയ്ക്കും വേണ്ടിയുള്ള നമ്മുടെ നിരന്തരമായ സമരവും ആത്മാർത്ഥമായ സമർപ്പണവും പുതിയ ഉയരങ്ങളിലേക്ക് നമ്മെ എത്തിച്ചിട്ടുമുണ്ട്. നാനാത്വത്തിൽ ഏകത്വം കാണുകയും അതു പ്രഘോഷിക്കുകയും ചെയ്യുന്ന ഭാരതത്തിന്റെ മഹനീയ

സംസ്കാരവും ജനാധിപത്യവും അവ ഉയർത്തിപ്പിടിക്കുന്ന മനുഷ്യാവകാശ, മതേതര മൂല്യങ്ങളുമാണ് ഇതിനു നമ്മെ പ്രാപ്തരാക്കിയത്. നമ്മുടെ ഭരണഘടന ഉറപ്പാക്കുന്ന ന്യൂനപക്ഷാവകാശങ്ങൾ അടിസ്ഥാന മനുഷ്യാവകാശങ്ങളുടെ ഭാഗം തന്നെയാണെന്നത് തർക്കമറ്റ യാഥാർത്ഥ്യമാണ്.

പ്രാദേശിക, ദേശീയ തലങ്ങളിൽ ഇവയ്ക്കെല്ലാമെതിരേ അതിരൂക്ഷമായ കടന്നാക്രമണങ്ങളും വെല്ലുവിളികളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ദേശീയതയുടെയും പാവപ്പെട്ടവരോടുള്ള ആഭിമുഖ്യത്തിന്റെയുമൊക്കെ കപട മേലങ്കിയണിയുന്ന തീവ്രവാദവും, വർദ്ധിച്ചുവരുന്ന സങ്കുചിത ചിന്താഗതികളും മതമൗലിക സംഘടനങ്ങളും ആൾക്കൂട്ടാധിപത്യ പ്രവണതയും പലപ്പോഴും ഭീകരതയുടെ രൂപം സ്വീകരിക്കുന്നു. അനുദിനം വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക മാന്ദ്യവും കാര്യങ്ങൾ പൂർവ്വോപരി സങ്കീർണമാക്കുന്നുണ്ട്. കൂടുതൽ ജാഗ്രതയും വിവേചനബുദ്ധിയും വോട്ടർമാരായ നമ്മിൽ നിന്ന് ആവശ്യപ്പെടുന്ന സവിശേഷ സാഹചര്യമാണിത്.

നമ്മുടെ രാജ്യത്തിന്റെ പരമാധികാരവും ജനാധിപത്യവും ഭരണഘടനയും സമഭാവനയിലൂന്നിയ മതേതരത്വവും ആത്മീയതയിൽ അടിയുറച്ച സംസ്കാരവും സംരക്ഷിക്കാൻ കെൽപ്പുള്ള ശക്തമായ ഭരണം കേന്ദ്രത്തിൽ ഉണ്ടാകണം. ഈ തിരഞ്ഞെടുപ്പിലെ മുഖ്യമായ മുൻഗണന ഇതായിരിക്കണമെന്നാണ് ഞങ്ങൾക്ക് പറയുവാനുള്ളത്. ഇതുവരെ നാം വളർത്തിയെടുത്ത ഐക്യവും സഹവർത്തിത്വവും വിവിധ മേഖലകളിൽ കൈവരിച്ച നേട്ടങ്ങളും വീണ്ടും ശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ കേന്ദ്രത്തിൽ അത്തരമൊരു ഭരണ സംവിധാനം ഉണ്ടായേ പറ്റൂ.

ന്യൂനപക്ഷ, ദളിത്, ട്രൈബൽ, പിന്നോക്ക വിഭാഗങ്ങൾക്ക് നീതി ഉറപ്പാക്കാനും അവരുടെ നേർക്കുണ്ടായ കൊടുംക്രൂരതകളുടെ മുറിവുണക്കാനുമുള്ള നിശ്ചയദാർഢ്യവും പ്രതിജ്ഞാബദ്ധതയും രാഷ്ട്രീയ കക്ഷികൾ പരസ്യമായി വ്യക്തമാക്കണം. അധികാരത്തിലേറുമ്പോൾ അത് യാഥാർത്ഥ്യമാക്കുകയും വേണം. ഗുജറാത്ത് കലാപം പോലുള്ള സംഭവങ്ങളെയും ഒറീസ ഉൾപ്പെടെ രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ ക്രൈസ്തവർക്കെതിരേ ഉണ്ടായ അതിക്രമങ്ങളെയും ഈ പശ്ചാത്തലത്തിൽ ഓർക്കാതിരിക്കുക വയ്യ. ഭരണഘടന ഉറപ്പുനൽകുന്ന മനുഷ്യാവകാശങ്ങൾ ഇങ്ങനെ നഗ്നമായി ലംഘിക്കപ്പെടുമ്പോൾ, ഒരു രാഷ്ട്രമെന്ന നിലയിലുള്ള നമ്മുടെ നിലനിൽപ്പ് ഭീഷണിയിലാണ്.

അടുത്ത കാലത്തായി ഇത്തരം ഭരണഘടനാ പ്രതിസന്ധികൾ കൂടെക്കൂടെ ഉണ്ടാകുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിലും മറ്റും തുടരെ

ത്തുടരെ നടക്കുന്ന ന്യൂനപക്ഷാവകാശധ്വംസനങ്ങളെ ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്താൻ. കോടതിയും ഭരണഘടനയും മാത്രമാണു പലപ്പോഴും ന്യൂനപക്ഷങ്ങൾക്ക് ആശ്രയം. സഭാസംവിധാനങ്ങളുടെ മാത്രമല്ല കോടതിയുടെയും വിശ്വാസ്യത തകർക്കാനും ഭരണഘടനയുടെ പ്രഥമസ്ഥാനം നിഷേധിക്കാനും തത്പരകക്ഷികൾ പരിശ്രമിക്കുന്നു. അവർ ഒളിഞ്ഞും തെളിഞ്ഞും നടത്തുന്ന നിരന്തര ശ്രമങ്ങളെ ന്യൂനപക്ഷങ്ങൾക്കു മാത്രമല്ല മറ്റുള്ളവർക്കും ഭയാശങ്കകളോടെ മാത്രമേ വീക്ഷിക്കാനാവൂ.

ജനാധിപത്യംതന്നെ അപകടത്തിലാക്കുന്ന സ്ഥിതിവിശേഷം സംജാതമാകുന്നുണ്ട്. കേരളത്തിൽ പലയിടങ്ങളിലും പ്രത്യേകിച്ച് വടക്കൻ ജില്ലകളിൽ കണ്ടുവരുന്ന ജനാധിപത്യവിരുദ്ധനീക്കങ്ങൾ ഫലത്തിൽ മറ്റുള്ളവരുടെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റമല്ലേ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. വോട്ടർമാർക്കു സ്വതന്ത്രമായും നിർഭയമായും വോട്ടവകാശം വിനിയോഗിക്കാനുള്ള സാഹചര്യം ഉറപ്പാക്കിയാൽ മാത്രമേ യഥാർത്ഥത്തിലുള്ള ജനാധിപത്യം സംരക്ഷിക്കപ്പെടുകയുള്ളൂ.

ഭരണഘടനയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്കൊത്ത് രാഷ്ട്രഗതിയെ നയിക്കാനും മാർഗഭ്രംശമുണ്ടായാൽ അതിനെ തിരുത്താനുമുള്ള ശക്തി ജനങ്ങളിൽത്തന്നെയാണ് നിക്ഷിപ്തമായിരിക്കുന്നത്. ഈ വിധത്തിൽ നമ്മുടെ രാജ്യത്തെ ശക്തവും ശ്രേഷ്ഠവും സമ്പന്നവും നീതിനിഷ്ഠവുമാക്കാൻ ആവശ്യമായ കരുത്തും അർപ്പണബോധവും സ്വഭാവവൈശിഷ്ട്യവുമുള്ള സ്ഥാനാർത്ഥികളെ നാം തന്നെയാണല്ലോ തെരഞ്ഞെടുക്കേണ്ടത്. തീവ്രവാദം ചെറുക്കാനും ഭീകരപ്രവർത്തനങ്ങൾ അമർച്ച ചെയ്യാനും വർഗീയത ഉന്മൂലനം ചെയ്യാനും ഭരണഘടനയുടെ അന്ത:സ്സത്ത ഉയർത്തിപ്പിടിച്ച് മതേതര മൂല്യങ്ങൾ സംരക്ഷിക്കാനും എല്ലാവർക്കും നീതി ഉറപ്പാക്കാനും രാജ്യത്തെ സമഗ്ര പുരോഗതിയിലേക്ക് നയിക്കാനും കഴിവുള്ള പാർട്ടികളെയും വ്യക്തികളെയുമാണ് വിജയിപ്പിക്കേണ്ടത്. അവർ അഴിമതിയുടെ കറപുരളാത്തവരും മാനുഷിക-ധാർമ്മിക മൂല്യങ്ങളിൽ അടിയുറച്ച വിശ്വാസമുള്ളവരും ആയിരിക്കണം. നിരീശ്വരവാദവും അക്രമരാഷ്ട്രീയവും മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കുന്നവരാകരുത്. ദേശീയ താത്പര്യങ്ങളും ജനങ്ങളുടെ ക്ഷേമവും അവഗണിച്ചു വ്യക്തിതാത്പര്യങ്ങളും പാർട്ടിതാത്പര്യങ്ങളും ഉയർത്തിപ്പിടിക്കുന്നവരും ആയിരിക്കരുത്. തെരഞ്ഞെടുക്കപ്പെടുന്നവർ എല്ലാവരുടെയും അവകാശങ്ങൾ നീതിപൂർവ്വം കാത്തുസംരക്ഷിക്കുവാൻ

കടപ്പെട്ടിട്ടുണ്ടെന്ന് ഓർക്കണം. നാം ജാഗ്രത പുലർത്തിയാലേ ഇത് സാധിക്കൂ. നിതാന്ത ജാഗ്രതയാണ് സ്വാതന്ത്ര്യത്തിനു കൊടുക്കേണ്ട വലിയ വില.

എല്ലാ മതങ്ങളെയും തുല്യമായി കാണുകയും ഭാഷ, മതന്യൂന പക്ഷങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുകയും മതേതരത്വം സംര ക്ഷിക്കുകയും ചെയ്യുന്നവർ തിരഞ്ഞെടുക്കപ്പെടണം. അടിസ്ഥാന മനു ഷ്യാവകാശങ്ങൾ സംരക്ഷിക്കുക, പാർശ്വവത്കരിക്കപ്പെട്ടവർ, ദരിദ്രർ, സ്ത്രീകൾ മുതലായവരുടെ ക്ഷേമം ഉറപ്പു വരുത്തുക, ദളിത് ക്രൈസ്ത വരോട് കാട്ടുന്ന വിവേചനം അവസാനിപ്പിച്ച് അതേ സാമൂഹ്യ വ്യവ സ്ഥിതിയിൽ പെട്ടവർക്കൊപ്പം തുല്യ സംവരണം ഏർപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളിൽ താത്പര്യമുള്ളവരായിരിക്കണം നമ്മുടെ ജന പ്രതിനിധികൾ. ഭാരതീയസംസ്കാരം ഉയർത്തിപ്പിടിക്കുന്ന ധാർമ്മിക, മാനുഷികമൂല്യങ്ങൾക്കു ക്ഷയം സംഭവിക്കുന്ന ഇന്നത്തെ സാഹചര്യ ത്തിൽ ഈശ്വരവിശ്വാസം, സത്യം, നീതി, സാഹോദര്യം, സമഭാവന, സഹിഷ്ണുത തുടങ്ങിയ മൂല്യങ്ങൾ മുറുകെപ്പിടിക്കുന്നവരായിരിക്കണം നമ്മുടെ ഭരണകർത്താക്കൾ. വിവാഹത്തിന്റെയും കുടുംബത്തിന്റെയും ഭദ്രതയും മൂല്യങ്ങളും കാത്തു സംരക്ഷിക്കുന്നതോടൊപ്പം ഗർഭഛിദ്രം, ദയാവധം തുടങ്ങിയ തിന്മകളെ ചെറുക്കുന്നവരുമായിരിക്കണം അവർ.

അതിനാൽ തികഞ്ഞ ഉത്തരവാദിത്വബോധമാണ് ഈ തിരഞ്ഞെടുപ്പിൽ രാഷ്ട്രം ഓരോ സമ്മതിദായകനോടും ആവശ്യപ്പെ ടുന്നത്. ആ ബാധ്യത ഗൗരവപൂർവം നിറവേറ്റാൻ ഞങ്ങൾ നിങ്ങളോട് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

ഉയിർപ്പുതിരുനാളിന്റെ സമാധാനവും പ്രത്യാശയും ഏവർക്കും ആശംസിക്കുന്നു.

കേരള കത്തോലിക്കാമെത്രാൻ സമിതിക്കുവേണ്ടി,

1. **മോസ്റ്റ് റവ. ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ**
   (കെ.സി.ബി.സി. പ്രസിഡന്റ്)
2. **അത്യുന്നത കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ**
   (മേജർ ആർച്ചുബിഷപ് സീറോ മലബാർ സഭ)
3. **മോറാൻമോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**
   (മേജർ ആർച്ചുബിഷപ് മലങ്കരസഭ)

## സർക്കുലർ

*Circular Letter No. 05/2009*
*Prot. No. 7824/2009*

# സ്നേഹനിധി 2009

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

വലിയ നോമ്പാചരണത്തിന്റെ സമാപന ഘട്ടത്തിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. തന്റെ ഏകജാതനെ നൽകി ലോകത്തെ സ്നേഹിച്ച പിതാവിന്റെ സ്നേഹം എത്രയോ വലുതാണ്. ആ പിതാവിന്റെ സ്നേഹത്തിന് പ്രത്യുത്തരം നൽകേണ്ടവരും പ്രതിനന്ദി പ്രകാശിപ്പിക്കേണ്ടവരും ദൈവത്തിന്റെ മക്കളെന്നു വിളിക്കപ്പെടുവാൻ ആഗ്രഹിക്കുന്ന നാം ഓരോരുത്തരുമാണ്. അന്നന്നത്തെ അപ്പത്തിനായി നീക്കി വച്ചിരുന്ന ഏക സമ്പാദ്യമായ രണ്ട് ചെമ്പ് നാണയം കാഴ്ചയിട്ട വിധവയും, അവശേഷിക്കുന്ന സമ്പത്തിന്റെ നാലിലൊന്നു ദരിദ്രർക്കു ദാനം നൽകിയ സക്കേവൂസും നമുക്ക് മാതൃകയാണ്.

വിശന്നുവലയുന്ന ആയിരങ്ങൾക്കുമുമ്പിൽ തന്റെ കൈയ്യിലുള്ളത് ഒന്നുമാവില്ല എന്ന തിരിച്ചറിവോടുകൂടിത്തന്നെ അഞ്ചപ്പവും രണ്ടു മീനും ഗുരുവിന്റെ പാദത്തിലർപ്പിച്ച ബാലനും, വംശമുറയ്ക്ക് വൈരീഗണത്തിൽപെടുത്താവുന്നവനാണ് വഴിയരികിൽ ആപത്തിൽപ്പെട്ടുകിടക്കുന്നതെന്നറിഞ്ഞിട്ടും കൈയ്യിലുള്ളതു മുഴുവനും നൽകി ഇനിയുമെന്തെങ്കിലും വേണമെങ്കിൽ താൻ തിരിച്ചുവരുമ്പോൾ തന്നുകൊള്ളാമെന്ന് വാഗ്ദാനം നൽകി നടന്നകന്ന നല്ല സമരിയാക്കാരനുമെല്ലാം നമ്മുടെ മാതൃകകൾ തന്നെ. ജീവൻ ബലിയായ് നൽകി സ്നേഹിച്ച പുത്രന്റെ സ്നേഹത്തിന് മാറ്റുകൂട്ടിയവരാണ് അവർ. ഈ സ്നേഹഗണത്തിൽ അംഗങ്ങളാകുവാനുള്ള ക്ഷണമാണ് നോമ്പുകാലത്തിന്റെ ത്യാഗസ്മരണയിൽ കഴിയുന്ന ഓരോ ക്രൈസ്തവന്റെ മുമ്പിലും ദൈവം വയ്ക്കുന്നത്. അതിനായ് രൂപപ്പെടുത്തപ്പെട്ട "ദൈവത്തിന്റെ കരവേലയാണ് നാം. നാം ചെയ്യാൻ വേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സൽപ്രവൃത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവർ" (എഫേ. 4:10) ദൈവം ഒരുക്കിയ സൽപ്രവൃത്തികൾ ചെയ്യുകവഴി "നമ്മുടെ സൽപ്ര

വൃത്തികൾ കണ്ട് മറ്റുള്ളവർ സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനാണിത്". അങ്ങനെ നിങ്ങൾ ദൈവമക്കളാണെന്ന് തിരിച്ചറിയപ്പെടേണ്ടതിനും വേണ്ടി "നിങ്ങളുടെ പ്രകാശം മറ്റുള്ളവരുടെ മുമ്പിൽ പ്രകാശിതമാകേണ്ടിയിരിക്കുന്നു".

ദൈവസ്നേഹം നമ്മുടെ ഹൃദയത്തിൽ നിറയുമ്പോൾ സഹജീവികളിലേക്ക് പ്രത്യേകിച്ച് അവശരും സഹായം അർഹിക്കുന്നവരുമായവരിലേക്ക് അത് അണമുറിഞ്ഞൊഴുകുക തന്നെ ചെയ്യും. ആവശ്യകാര്യങ്ങളിൽ സഹായിക്കുവാനുള്ള നിങ്ങളുടെ സന്നദ്ധതയെ ഞാൻ നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

'യാഹ്‌വെയുടെ ദരിദ്രർ' എന്ന ഒരു ഗണത്തെക്കുറിച്ച് പഴയ നിയമത്തിൽ പറയുന്നുണ്ട്. ദൈവത്തിന്റെ ഈ ദരിദ്രർക്കായി അവിടുന്ന് ഒരു നിയമമുണ്ടാക്കി. കൊയ്യുമ്പോൾവീഴുന്ന കതിരുകൾ പെറുക്കരുതെന്നും, വിളവെടുപ്പിനു ശേഷം മുന്തിരിത്തോട്ടത്തിൽ വീണ്ടും പാകമാകുന്ന മുന്തിരിക്കുലകൾ ശേഖരിക്കരുതെന്നും അത് തന്റെ ദരിദ്രർക്കുള്ളതാണെന്നും ആയിരുന്നു അത്. സംരക്ഷിക്കപ്പെടേണ്ട - സഹായിക്കപ്പെടേണ്ട യാഹ്‌വെയുടെ - ദൈവത്തിന്റെ - ദരിദ്രർ ഇന്നുമുണ്ട്. കൊയ്ത്തിനു ശേഷം പെറുക്കാൻ കാലാകളില്ലാതാകുമ്പോഴും രണ്ടാമതൊരു വിളകൂടി നൽകാൻ മുന്തിരിവള്ളിക്കു ശേഷി ഇല്ലാതാവുമ്പോഴും, ദൈവത്തിന്റെ ദരിദ്രരുടെ അവശതകൾ വർദ്ധിക്കുകയാണ്. ദൈവത്തിന്റെ കരവേലകളായ നിങ്ങളിലേക്കാണ് അവിടുന്ന് തന്റെ ദരിദ്രർക്കായി നോക്കുന്നത്. ഉചിതമായ തീരുമാനം എടുക്കുവാനുള്ള സ്വാതന്ത്ര്യം അവിടുന്ന് നിങ്ങൾക്ക് നൽകിയിരിക്കുന്നു. വി. പൗലോസ് ശ്ലീഹായിലൂടെ നൽകപ്പെട്ട വചനം നമുക്ക് അനുസ്മരിക്കാം. "നമ്മളിൽ പ്രവർത്തിക്കുന്ന ശക്തിയിൽ നാം ചോദിക്കുന്നതിലും ആഗ്രഹിക്കുന്നതിലും വളരേക്കൂടുതൽ ചെയ്തുതരുവാൻ കഴിയുന്ന അവിടുത്തേയ്ക്ക് ..... എന്നേയ്ക്കും മഹത്വമുണ്ടാകട്ടെ". (എഫേ: 4:20)

നമ്മുടെ രൂപതയിൽ അവശത അനുഭവിക്കുന്നവർ യഥാർത്ഥത്തിൽ യാഹ്‌വെയുടെ ദരിദ്രരാണെന്നും അവരെ സഹായിക്കേണ്ടത് നമ്മുടെ കടമയാണെന്നുമുള്ള ചൈതന്യം ഉൾക്കൊണ്ടുകൊണ്ടാണ് സ്നേഹനിധി നമ്മൾ രൂപപ്പെടുത്തിയതും അതിലൂടെ അനേകരെ സഹായിക്കുന്നതും. നമ്മുടെ രൂപതയുടെ സാമൂഹിക സേവന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴിയും മണിമൂളി റീജിയണൽ സോഷ്യൽ സർവ്വീസ് സെന്റർ വഴിയും ആണ് ഇതുവരെ നാം സ്നേഹനിധിയുടെ വിതരണം

നടത്തിയിരുന്നത്. എന്നാൽ മാനന്തവാടിയിൽ നിന്നും വളരെ അകലങ്ങളിൽ താമസിക്കുന്നവർക്ക് പലപ്പോഴും സ്നേഹനിധിയുടെ ഗുണം ലഭിക്കാതെ പോകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ സമാഹരിക്കപ്പെടുന്ന സ്നേഹനിധി ഫൊറോനാ തലത്തിൽ ആയിരിക്കും ഇനിമുതൽ വിതരണം ചെയ്യുന്നത്. അതിനുള്ള സംവിധാനം ചെയ്തുവരുന്നു.

സ്നേഹനിധിയിലേയ്ക്ക് നിങ്ങളുടെ ഉദാരമായ സംഭാവനകൾ പ്രതീക്ഷിക്കുന്നു. നിങ്ങളുടെ ചെറുതും വലുതുമായ സംഭാവനകൾ ഇതോടൊപ്പമുള്ള കവറിൽ ഇട്ട് ഓശാന ഞായറാഴ്ച നിങ്ങൾ പള്ളിയിൽ വരുമ്പോൾ അവിടെ ഏൽപ്പിക്കണം എന്നഭ്യർത്ഥിക്കുന്നു. ഏവർക്കും അനുഗ്രഹപ്രദമായ ഉയർപ്പു തിരുനാൾ ആശംസിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

എന്ന് സ്നേഹപൂർവ്വം,

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ



# ഇടയലേഖനം



## പുതുതായിരൂപം കൊള്ളുന്ന സെക്ടുകളെക്കുറിച്ച് കേരള കത്തോലിക്കാമെത്രാന്മാർ പുറപ്പെടുവിക്കുന്ന ഇടയലേഖനം

മിശിഹായിൽ പ്രിയപ്പെട്ട സഹോദരീ/സഹോദരന്മാരേ,

രണ്ടാംവത്തിക്കാൻ സൂനഹദോസിനു(1962-65) ശേഷം കത്തോലിക്കാസഭയിൽ വിവിധങ്ങളായ ആത്മീയമുന്നേററങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിൽ ഒന്നാണു കരിസ്മാററിക്കു നവീകരണം. ഇതുവഴി സഭയിൽ ഉണ്ടായിട്ടുള്ള ആത്മീയ ഉണർവ് വളരെ വലുതാണ്. ക്രൈസ്തവജീവിതം ആത്യന്തികമായി വചനാധിഷ്ഠിതമായിരിക്കണമെന്നകാര്യം പ്രബലപ്പെടുന്നതിന് ഇതു സഹായകമായി. ബൈബിൾ വായിക്കുന്നതിന് താത്പര്യം ഉണർത്തിയെന്നതും കരിസ്മാററിക്കു നവീകരണത്തിന്റെ നേട്ടമാണ്. ഇതിൻെറ ഫലമായി കരിസ്മാററിക്കു ധ്യാനകേന്ദ്രങ്ങൾ, ബൈബിൾ കൺവെൻഷനുകൾ, പ്രാർത്ഥനാഗ്രൂപ്പുകൾ, വിവിധ ആത്മീയശുശ്രൂഷകൾ തുടങ്ങിയവ രൂപപ്പെട്ടു. ഇവയെല്ലാം നവീകരണരംഗത്തു വലിയ സംഭാവനകളാണ് നല്കിക്കൊണ്ടിരിക്കുന്നത്.

എന്നാൽ, യേശുവിൻെറ പ്രബോധനത്തിനും സഭയുടെ വിശുദ്ധ പാരമ്പര്യത്തിനും ചേരാത്തതും കത്തോലിക്കാ കരിസ്മാറ്റിക് നവീകരണത്തോട് ബന്ധമില്ലാത്തതുമായ വളരെ അപകടകരങ്ങളായ പ്രവണതകളും ചിന്തകളും നമ്മുടെയിടയിൽ രൂപപ്പെടുന്നുണ്ട്. അവ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുകയെന്നതു ഞങ്ങളുടെ ഗൗരവപൂർണ്ണമായ അപ്പസ്തോലിക ഉത്തരവാദിത്വമാണ്.

സഭയെപ്പററിയും ദൈവവചനത്തെപ്പററിയും നിരവധി തെററായ ചിന്തകളും പ്രബോധനങ്ങളും ഇന്നു പ്രചരിപ്പിക്കപ്പെടുന്നുണ്ട്. സഭ ഏകവും വിശുദ്ധവും കാതോലികവും അപ്പസ്തോലികവും ആണെന്ന വിശ്വാസം സഭയുടെ വിശുദ്ധ പാരമ്പര്യമാണ്. അതു ബൈബിള

ധിഷ്ഠിതവുമാണ്. നിഖ്യാവിശ്വാസപ്രമാണത്തിൽ നാം അത് ഏററുപറയുന്നു. യേശു ഒരു സഭ മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ. അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടതാണ് ആ സഭ. ഈ അടിത്തറയുടെ മൂലക്കല്ലു ക്രിസ്തുവാണ് (എഫേ 2.20). യേശുവിലൂടെ സാക്ഷാത്കരിക്കപ്പെട്ട രക്ഷാകരപ്രവർത്തനം തുടർന്നുപോകുന്നത് ഈ സഭയിലൂടെയാണ്. യുക്തിപൂർവ്വം ചിന്തിക്കുന്നവർക്ക് ഇതു നിഷേധിക്കാനാവുകയില്ല. കർത്താവുതന്നെ രൂപംകൊടുത്ത ഒരു ഘടനയാണിത്. പത്രോസാകുന്ന പാറമേൽ പണിയപ്പെട്ട ഈ സഭയുടെ പ്രധാന ചുമതലക്കാരൻ അദ്ദേഹത്തിൻെറ പിൻഗാമിയായി നിയമിക്കപ്പെടുന്ന പരിശുദ്ധ മാർപാപ്പയാണ്. മാർപാപ്പയോടൊപ്പം സഭയെ നയിക്കുന്നതും പഠിപ്പിക്കുന്നതും അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരുടെ സംഘമാണ്.

ഇന്നത്തെ മെത്രാൻ സംഘത്തിൻെറ ആദിമരൂപം അപ്പസ്തോല ഗണത്തിലാണു നമ്മൾ കാണുന്നത്. അവർക്കു നല്കപ്പെട്ട ആത്മീയ അധികാരാവകാശങ്ങളും ഉത്തരവാദിത്വങ്ങളും ഇന്നത്തെ മെത്രാൻ സംഘത്തിനും ഉണ്ട്. അന്ത്യഅത്താഴവേളയിൽ യേശുനാഥൻ അപ്പസ്തോലഗണത്തിനു നല്കിയ ഉപദേശങ്ങൾ, അവർക്കായി നടത്തിയ പ്രാർത്ഥനകൾ, അവരോടു ചെയ്ത വാഗ്ദാനങ്ങൾ തുടങ്ങിയവയെല്ലാം അവരുടെ അനുഗാമികൾക്കും കൂടിയുള്ളതാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് എക്കാലവും സഭ അപ്പസ്തോലികമാണന്ന വസ്തുതയാണ്. ക്രിസ്തു വാഗ്ദാനം ചെയ്ത രക്ഷ അവകാശ മാക്കാനുള്ള മാർഗ്ഗം ഈ സഭയിൽ അംഗമായിരിക്കുക എന്നതാണ്. തിരുസഭയിലാണു യേശു സ്ഥാപിച്ച കൂദാശകളുടെ പരികർമ്മം നടക്കുന്നത്. പൗരോഹിത്യശുശ്രൂയിലൂടെയാണല്ലോ കൂദാശകൾ പരികർമ്മം ചെയ്യപ്പെടുന്നത്.

ബൈബിളിനെ സംബന്ധിച്ചു പല തെററായ പ്രബോധനങ്ങൾ പ്രചരിക്കുന്നുണ്ട്. വിശുദ്ധഗ്രന്ഥം രൂപപ്പെട്ടതു സഭയിലാണ്. അപ്പസ്തോലന്മാരും അവരുടെ പിൻഗാമികളായ മെത്രാൻ സംഘവുമാണ് അതു വ്യാഖ്യാനിക്കാൻ അധികാരപ്പെട്ടവർ. ആത്മാവിൻെറ നിവേശനത്താൽ വ്യാഖ്യാനിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവയുടെ സത്യാവസ്ഥ തീരുമാനിക്കപ്പെടുന്നത് അവരിലൂടെയാണ്. ഈ പാരമ്പര്യമനുസരിച്ചാണു സഭാമക്കൾ ദൈവവചനത്തെയും ഇതര ആത്മീയ സത്യങ്ങളെയും വേർതിരിച്ചറി യുന്നതും അനുസരിക്കുന്നതും.

അടുത്തകാലത്തു സഭയിലെ ചില അല്മായ പ്രഘോഷകർ സ്വന്തം സുവിശേഷ ധ്യാനടീമുകളും പ്രാർത്ഥനാ ഗ്രൂപ്പുകളും സ്ഥാപിക്കുകയും ക്രമേണ സഭാപ്രബോധനങ്ങളിൽനിന്നും നിയന്ത്രണത്തിൽനിന്നും അകന്നു സ്വന്തം നിലയിൽ സെക്ടുകളായി മാറുകയും ചെയ്തിട്ടുണ്ട്. അവർ നടത്തുന്ന ബൈബിൾ വ്യാഖ്യാനങ്ങൾ പലതും സഭയുടെ വിശുദ്ധ പാരമ്പര്യത്തിനോ പ്രബോധനങ്ങൾക്കോ സാമാന്യ ബുദ്ധിക്കോ നിരക്കാത്തവയാണ്. ലോകാവസാനം അധികം താമസിയാതെ ഉണ്ടാകുമെന്നു വിശ്വസിക്കുന്നവരുടെ ചില കൂട്ടായ്മകളുണ്ട്. വിശുദ്ധഗ്രന്ഥത്തിലെ ചില വചനങ്ങളുടെ തെററായ വ്യാഖ്യാനമാണ് അതിനു കാരണം. ഇതിനു മുമ്പും ലോകത്തിൻെറ പലഭാഗത്തും ലോകാവസാനം പ്രഖ്യാപിച്ച് വെഞ്ചരിച്ച തിരികളുമായി കാത്തിരുന്നവരുണ്ട്. ക്രിസ്തുജയന്തി രണ്ടായിരത്തിൽ നമ്മുടെ നാട്ടിലും ഇത്തരം വെളിപാടുകൾ അവതരിപ്പിക്കപ്പെടുകയും പലരും അതു വിശ്വസിക്കുകയും ചെയ്തിരുന്നുവല്ലോ.

വ്യക്തികൾക്കും കുടുംബങ്ങൾക്കും ഉണ്ടാകുന്ന പ്രശ്നങ്ങൾ ബാഹ്യവസ്തുക്കളുടെ സ്വാധീനംമൂലം ഉണ്ടാകുന്നതാണെന്നു പഠിപ്പിക്കുന്ന സുവിശേഷപ്രഘോഷകരുമുണ്ട്. ചില പുഷ്പങ്ങൾ, ആന, മയിൽ എന്നിവയുടെ ചിത്രങ്ങൾ, താലി, നിലവിളക്കു തുടങ്ങിയവയുടെ ഉപയോഗം എന്നിവയിലൂടെ ദുഷ്ടാരൂപി നമ്മിലേക്കു കടന്നുവരുമെന്നും മററും ഇവർ പഠിപ്പിക്കുന്നു. വിശുദ്ധ കുർബാനയ്ക്കിടയിൽ സമാധാനാശംസ നല്കുമ്പോൾ അപരനിലെ ദുഷ്ടാരൂപി തങ്ങളിലേക്കു കടന്നുവരാതിരിക്കാൻ ഓരോരുത്തരും ശ്രദ്ധിക്കണമെന്നും ഉപദേശിക്കുന്നവരുണ്ട്. ഇത്തരം പഠിപ്പിക്കലുകൾക്കു പിൻബലമായി ചില ബൈബിൾ വാചകങ്ങൾ അവർ ഉദ്ധരിക്കുകയും ചെയ്യും. മററു മതവിശ്വാസികൾ പൂജ്യമായി കരുതുന്ന വസ്തുക്കളുടെ ഉപയോഗം മൂലം തിന്മ നമ്മിലേക്കു കടന്നുവരുമെന്ന ചിന്തയാണ് അവർ വ്യാപകമായി പ്രചരിപ്പിക്കുന്നത്. ഹൈന്ദവമതത്തോടുള്ള വെറുപ്പാണ് ഇതിലൂടെയെല്ലാം കാണിക്കുന്നത്. തിരുസഭയ്ക്ക് ഇതരമതങ്ങളോടുള്ള ബന്ധം സംബന്ധിച്ചു രണ്ടാം വത്തിക്കാൻ സൂനഹദോസ് നടത്തിയിട്ടുള്ള പ്രഖ്യാപനം ഇവിടെ സ്മരണീയമാണ് (1.1). ദൈവം അവിടുത്തെ പരിപാലനയും നന്മയുടെ വെളിപ്പെടുത്തലും രക്ഷാപദ്ധതികളും എല്ലാവരിലേക്കും വ്യാപിപ്പിച്ചിരിക്കുന്നു (cf.ജ്ഞാനം 8.1; അപ്പ.14.17; റോമ 2: 67;1.തിമോ2.4). ക്രിസ്തുവിനെയാണു തിരുസ്സഭ എന്നും പ്രഘോഷിക്കുന്നതും പ്രഘോഷി

ക്കേണ്ടതും. എങ്കിലും ഇതരമതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായിട്ടുള്ള യാതൊന്നിനെയും കത്തോലിക്കാ സഭതിരസ്കരിക്കുന്നില്ല. എന്നുമാത്രമല്ല, അവയെ ആത്മാർത്ഥമായ ആദരവോടെയാണു കാണുന്നതെന്നും സൂനഹദോസു എടുത്തു പറയുന്നുണ്ട് (11.2). ചില പ്രഘോഷകർ ഇതിൽനിന്നും വ്യത്യസ്തമായ രീതിയിൽ മററു മതങ്ങളെപ്പററി പ്രതിപാദിക്കുന്നതു തിരുസഭയുടെ കാഴ്ചപ്പാടിനു ചേർന്നതല്ല.

ബൈബിൾ മാത്രം മതി, അത് ആർക്കും വായിച്ചു വ്യാഖ്യാനിക്കാൻ കഴിയും എന്ന ചിന്തയാണ് ഇത്തരം പ്രശ്നങ്ങൾക്കു കാരണമാകുന്നത്. ഇക്കൂട്ടർ സഭാപ്രബോധനങ്ങളും അപ്പസ്തോല പാരമ്പര്യങ്ങളും മനസ്സിലാക്കത്തവരോ അതു കണക്കിലെടുക്കാത്തവരോ ആണ്. എല്ലാം വെളിപ്പെടുത്തി കിട്ടുന്നുവെന്ന അവകാശവാദവും പലരും ഉന്നയിക്കുന്നു. അങ്ങനെ പരിശുദ്ധാത്മാവുതന്നെ വെളിപ്പെടുത്തിക്കൊടുക്കുമ്പോൾ പിന്നെ സഭയുടെ ആവശ്യമെന്ത് എന്ന ചോദ്യവും ഉന്നയിക്കപ്പെടുന്നു. ഇതിൻെറ യൊക്കെഫലമായി സഭാകൂട്ടായ്മയിൽനിന്നും അവർ അകന്നു പോകുന്നു. ഇങ്ങനെയുണ്ടായിട്ടുള്ള സെക്ടുകളിൽ കൂദാശകളുടെ പരികർമ്മമുണ്ടാവുകയില്ല. അപ്പസ്തോലിക സ്വഭാവം നഷ്ടപ്പെടുന്ന അത്തരം ഗ്രൂപ്പുകൾക്കു പൗരോഹിത്യ ശുശ്രൂഷയുടെ പ്രസക്തിയില്ലല്ലോ. യേശു സ്ഥാപിച്ച സഭയുമായുള്ള ബന്ധം അത്തരക്കാർ വിച്ഛേദിക്കുകയാണു ചെയ്യുന്നത്.

ബൈബിൾ എങ്ങനെ വ്യാഖ്യാനിക്കണമെന്നതിനെ സംബന്ധിച്ചു സഭ നല്കുന്ന മാർഗനിർദ്ദേശങ്ങളൊന്നും ഇത്തരം ഗ്രൂപ്പുകൾ കണക്കിലെടുക്കുന്നില്ല. വിശുദ്ധലിഖിതത്തിലെ പ്രവചനങ്ങളൊന്നുംതന്നെ ആരുടെയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല. എന്തുകൊണ്ടെന്നാൽ, പ്രവചനങ്ങൾ ഒരിക്കലും മാനുഷികബുദ്ധിയാൽ രൂപംകൊണ്ടതല്ല; മറിച്ച്, പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ദൈവത്തിൻെറ മനുഷ്യർ സംസാരിച്ചവയാണ് (2പത്രോ1.20-21). വ്യാജപ്രവാചകന്മാരെയും വ്യാജോപദേഷ്ടാക്കളെയും സംബന്ധിച്ചു പത്രോസ്ശ്ലീഹാ ക്രിസ്തീയസമൂഹത്തിനു നല്കുന്ന മുന്നറിയിപ്പ് എല്ലാവരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇസ്രായേൽ ജനങ്ങൾക്കിടയിൽ വ്യാജപ്രവാചകന്മാരുണ്ടായിരുന്നു. അതുപോലെ തങ്ങളുടെമേൽ ശീഘ്രനാശം വരുത്തി വയ്ക്കുന്ന വ്യാജോപദേഷ്ടാക്കൾ നിങ്ങളുടെയിടയിലും ഉണ്ടാകും. അവർ വിനാശകരമായ അഭിപ്രായങ്ങൾ രഹസ്യത്തിൽ പഠിപ്പിക്കുകയും

തങ്ങളെ വിലകൊടുത്തു വാങ്ങിയ നാഥനെപ്പോലും നിഷേധിക്കുകയും ചെയ്യും. പലരും അവരുടെ ദുഷിച്ച മാർഗത്തെ അനുഗമിക്കും. അങ്ങനെ അവർമൂലം സത്യത്തിൻെറ മാർഗ്ഗം നിന്ദിക്കപ്പെടും. അത്യാഗ്രഹം കാരണം വ്യാജം പറഞ്ഞു നിങ്ങളെ അവർ ചൂഷണം ചെയ്യും (2പത്രോ. 2. 2.13).

കേരളത്തിൽ അടുത്തകാലത്ത് ആരംഭിച്ചതും സഭയുടെ അംഗികാരവും അനുവാദവുമില്ലാതെ നടത്തപ്പെടുന്നതുമായ ചില സുവിശേഷപ്രസ്ഥാനങ്ങളും പ്രാർത്ഥനാലയങ്ങളുമുണ്ട്. അവ സഭയുടെ അംഗീകാരമുള്ളതാണന്ന തെററിദ്ധാരണ പരക്കുന്നു. ഇരിങ്ങാലക്കുട രൂപതാതിർത്തിയിൽ മുരിയാട് കേന്ദ്രമായി പ്രവർത്തിക്കുന്ന എമ്പറർ എമ്മാനുവേൽ ട്രസ്ററ്, മാളയിലെ അമ്മ,കാഞ്ഞിരപ്പള്ളിയിലെ അപ്പർ റൂം, എറണാകുളത്തെ കോർണർ സ്റേറാൺ, സ്പിരിറ്റ് ഇൻ ജീസസ്, ആത്മാഭിഷേകം തുടങ്ങിയവ ഇവയിൽ പെടും. ഇവ കൂടാതെ സ്വർഗ്ഗീയവിരുന്ന് പോലെയുള്ള സഭാ ഗ്രൂപ്പുകളും വിശ്വാസസമൂഹത്തിൽ തെറ്റിദ്ധാരണ പരത്തി പലരെയും ആകർഷിക്കുന്നു. ഈ സമൂഹങ്ങൾ നടത്തുന്ന പ്രാർത്ഥനകളിലും ധ്യാനങ്ങളിലും സഭാ വിശ്വാസങ്ങൾക്കു വിരുദ്ധമായ ആശയങ്ങൾ അവതരിപ്പിക്കുന്നുണ്ട്. ഇതുകൂടാതെ കേരളത്തിൽ പല സ്ഥലങ്ങളിലും വ്യക്തികൾ ഇടവക വികാരിമാരുടെ അറിവും അനുവാദവും കൂടാതെ പ്രാർത്ഥനാ ഗ്രൂപ്പുകളും മററും നടത്തുന്നതായി മനസ്സിലാക്കുന്നു. വേണ്ടത്ര പഠനവും പക്വതയും ഇല്ലാത്ത ഇവർ തികച്ചും അപകടകരവും സഭയുടെ പരമ്പരാഗത പ്രബോധനത്തിനു നിരക്കാത്തതുമായ ചിന്തകൾ ജനമധ്യത്തിൽ പ്രചരിപ്പിക്കുന്നുണ്ട്. ഇക്കാര്യങ്ങളെക്കുറിച്ച് സഭാവിശ്വാസികൾ ജാഗ്രതയുള്ളവരായിരിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

ഈ സാഹചര്യത്തിൽ ചില പ്രായോഗിക നിർദ്ദേശങ്ങൾ നല്കുക ആവശ്യമാണ്. സർവ്വപ്രധാനമായും സഭയുടെ വിശ്വാസങ്ങളും പ്രബോധനങ്ങളും ദൈവജനത്തിനു കൂടുതലായി വിശദീകരിച്ചു കൊടുക്കാനും വിശ്വാസത്തിൽ അവരെ ആഴപ്പെടുത്താനുമുള്ള ശ്രമം ബഹുമാനപ്പെട്ട വികാരിമാരുടെ ഭാഗത്തുനിന്നുണ്ടാകണം. സെക്ടുകളിൽ അകപ്പെട്ടുപോയവരെ സ്നേഹബുദ്ധ്യാ തിരുത്താൻ വികാരിമാർ ശ്രദ്ധിക്കണം. വീടുകൾ സന്ദർശിക്കാനും വിശ്വാസികളുമായി വ്യക്തിപരമായ ബന്ധം സ്ഥാപിക്കാനും ബ. വൈദികർ ഉത്സാഹം കാണിക്കണം. ബൈബിൾ മാത്രം മതി എന്ന തെററിദ്ധാരണ തിരുത്തപ്പെടേണ്ടതുണ്ട്.

സഭയുടെ അംഗീകാരമില്ലാത്ത പ്രാർത്ഥനാഗ്രൂപ്പുകളിലും ധ്യാനങ്ങളിലും സംബന്ധിക്കാതിരിക്കാൻ ഏവരും ശ്രദ്ധിക്കണം. ഈ കാര്യത്തിൽ വേണ്ടത്ര നിർദ്ദേശങ്ങൾ ബഹു. വികാരിമാർ വിശ്വാസികൾക്കു നല്കണം. വെളിപാടും ദർശനവും രോഗശാന്തി വരവും തങ്ങൾക്കുണ്ടെന്ന് അവകാശവാദങ്ങൾ ഉന്നയിക്കുന്നവരെ വിവേകത്തോടെ വിലയിരുത്തണം. രൂപതാദ്ധ്യക്ഷന്മാരാണ് ഇക്കാര്യം സ്ഥിരീകരിക്കേണ്ടത്. ഈ അവകാശവാദം ഉന്നയിച്ചു പലരെയും സ്വാധീനിക്കുന്നവരുണ്ടെന്ന കാര്യം എല്ലാവരും ശ്രദ്ധിക്കണം. അതിനാൽ സുവിശേഷ പ്രഘോഷകരെയും ധ്യാനപ്രസംഗകരെയും ക്ഷണിക്കുന്നതിനു മുൻപ് അവരുടെ രൂപതാദ്ധ്യക്ഷൻെറ അനുമതിയുണ്ടെന്ന് ഉറപ്പുവരുത്തണം.

കേരളത്തിലെ കരിസ്മാറ്റിക് പ്രവർത്തനങ്ങളെ നയിക്കുന്നതിന് കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ നിലവിലുണ്ട്. പ്രസ്തുത കമ്മീഷന്റെ സെക്രട്ടറിയേറ്റ് കളമശ്ശേരിയിലെ എമ്മാവൂസ് കേന്ദ്രമാണ്. കേരള സർവ്വീസ് ടീം (കെ.എസ്.ടി.) ആണ് കേരളത്തിലെ നവീകരണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നത്. കരിസ്മാറ്റിക് നവീകരണത്തെ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾക്കു പ്രസ്തുത കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്.

യേശു സ്ഥാപിച്ചതും അപ്പസ്തോലന്മാരുടെ പിൻഗാമികൾ നയിക്കുന്നതുമായ സഭയിൽ അംഗമാകുവാനും അങ്ങനെ രക്ഷയുടെ മാർഗത്തിൽ ചരിക്കുവാനും ഭാഗ്യം ലഭിച്ചവരാണ് നമ്മൾ. ആ വലിയ ഭാഗ്യത്തിന് നാം നന്ദിയുള്ളവരായിരിക്കണം. ഏകവും സാർവ്വത്രികവും ശ്ലൈഹികവും വിശുദ്ധവുമായ സഭയോടൊത്ത് ജീവിക്കുവാനും സഭ യോടൊപ്പം ചിന്തിക്കുവാനും ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

കേരള കത്തോലിക്കാമെത്രാൻ സമിതിക്കുവേണ്ടി,

**1. മോസ്റ്റ് റവ. ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ**
(കെ.സി.ബി.സി. പ്രസിഡന്റ്)

**2. അത്യുന്നത കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ**
(മേജർ ആർച്ചുബിഷപ് സീറോ മലബാർസഭ)

**3. മോറാൻമോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**
(മേജർ ആർച്ചുബിഷപ് മലങ്കരസഭ)

*NB:- ഈ ഇടയലേഖനം 2009 ഏപ്രിൽ 19-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.*

# സർക്കുലർ

## കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന മെയ്ദിന സന്ദേശം – 2009

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീ സഹോദരന്മാരേ,

മെയ് ഒന്നാം തീയതി തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ ഓർമ്മദിനവും അന്താരാഷ്ട്ര തൊഴിലാളി ദിനവുമാണല്ലോ. എല്ലാ തൊഴിലാളി സഹോദരങ്ങൾക്കും ഈ ദിനത്തിന്റെ മംഗളാശംസകൾ നേരുന്നു. വി. യൗസേപ്പിതാവിന്റെ പ്രത്യേക മാധ്യസ്ഥം വഴി ആത്മീയവും ഭൗതീകവുമായ നന്മകളാൽ തൊഴിലാളി സമൂഹം അനുഗ്രഹിക്കപ്പെടട്ടെയെന്ന് പ്രാർത്ഥിക്കുന്നു. മുപ്പതു വയസുവരെ തന്റെ വളർത്തുപിതാവിന്റെ പണിശാലയിൽ കഠിനാദ്ധ്വാനം ചെയ്ത നമ്മുടെ നാഥനും രക്ഷകനുമായ ഈശോമിശിഹായുടെ പ്രത്യേക കാരുണ്യവർഷം അദ്ധ്വാനിക്കുന്നവരുടെമേൽ ഉണ്ടാകുമെന്ന് ഉറപ്പാണ്.

തൊഴിൽകാര്യങ്ങൾക്ക് വേണ്ടിയാണ് കേരള കത്തോലിക്കാ മെത്രാൻസമിതിയിൽ ലേബർ കമ്മീഷൻ പ്രവർത്തിച്ചുവരുന്നത്. നമ്മുടെ രൂപതകൾക്കുള്ളിൽ വരുന്ന പ്രദേശങ്ങളിലെ തൊഴിലാളികളുടെ പ്രത്യേകിച്ചും അസംഘടിത തൊഴിലാളികളുടെ ആത്മീകവും ഭൗതികവുമായ നന്മയ്ക്കും പുരോഗതിയ്ക്കുംവേണ്ടി പ്രവർത്തിക്കുന്ന ഡിപ്പാർട്ടുമെന്റാണത്. ഈ കമ്മീഷന്റെ കീഴിൽ കെ.എൽ.എം എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന കേരളാ ലേബർ മൂവ്മെന്റിലൂടെയാണ് കമ്മീഷൻ അതിന്റെ ദൗത്യം പ്രധാനമായും നിർവ്വഹിക്കുന്നത്. കെ.എൽ.എം സർക്കാരിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു സൊസൈറ്റിയാണ്.

ലേബർ കമ്മീഷനും കെ. എൽ. എമ്മും പ്രധാനമായും സർക്കാരിനും തൊഴിലാളികൾക്കും ഇടയിൽ ഒരു കണ്ണിയായി പ്രവർത്തിക്കുകയാണിപ്പോൾ ചെയ്യുന്നത്. അതോടൊപ്പം സ്വന്തം നിലയിലും കെ. എൽ.എം തൊഴിലാളി ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. സർക്കാരും സർക്കാർ ഏജൻസികളും ആവിഷ്ക്കരിച്ചിട്ടുള്ള തൊഴിലാളി ക്ഷേമപദ്ധതികൾ അവർക്ക് കിട്ടാനുള്ള സാഹചര്യം ഒരുക്കുകയും അവ കിട്ടുന്നുണ്ട് എന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. അതുപോലെതന്നെ പുതിയൊരു തൊഴിൽ സംസ്കാരത്തിന് രൂപം കൊടുക്കാനും കെ.എൽ.എം ശ്രമിക്കുന്നു. കത്തോലിക്കാ സഭയുടെ

സാമൂഹിക പ്രബോധനങ്ങളിൽ തൊഴിലാളികളുടെ ഉന്നതിയ്ക്കും പുരോഗതിയ്ക്കും സവിശേഷ പ്രാധാന്യം കൊടുത്തിട്ടുണ്ട് എന്നതാണ് ഈ പ്രവർത്തനങ്ങളുടെയെല്ലാം അടിസ്ഥാനം.

തൊഴിലിന്റെ മഹത്വത്തെയും തൊഴിലാളികളുടെ അവകാശങ്ങളെയും അന്തസിനെയും എക്കാലവും കത്തോലിക്കാ തിരുസഭ ഉയർത്തിപ്പിടിച്ചിട്ടുണ്ട്. ഭാഗ്യസ്മരണാർഹനായ പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറയുന്നു:" തൊഴിൽ ചെയ്തുകൊണ്ടുവേണം മനുഷ്യൻ അനുദിനം ആഹാരം സമ്പാദിക്കുവാൻ. അതിലൂടെ ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും നിരന്തരമായ പുരോഗതിയെ ത്വരിതപ്പെടുത്തണം. സർവ്വോപരി, താൻ ഉൾപ്പെടുന്ന കുടുംബമാകുന്ന സമൂഹത്തിന്റെ സാംസ്കാരികവും ധാർമ്മികവുമായ നിലവാരം ഉയർത്തുവാൻ അതുവഴി നിരന്തരം സഹായിക്കുകയും വേണം. മനുഷ്യന്റെ ശാരീരികമോ, ബുദ്ധിപരമോ ആയ ഏതെങ്കിലുമൊരു പ്രവർത്തനമാണ് - അതിന്റെ സ്വഭാവവും സാഹചര്യവും എന്തൊക്കെ ആയാലും - തൊഴിൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്... മറ്റു ജീവജാലങ്ങളിൽ നിന്നും മനുഷ്യനെ വേർതിരിച്ചു കാണിക്കുന്ന സ്വഭാവ വിശേഷങ്ങളിൽ ഒന്നാണ് തൊഴിൽ...മനുഷ്യനു മാത്രമേ തൊഴിൽ ചെയ്യുവാൻ സാധിക്കുകയുള്ളു. മനുഷ്യൻ മാത്രമാണ് തൊഴിൽ ചെയ്യുന്നത്. മനുഷ്യൻ മാത്രമാണ് തൊഴിൽ ചെയ്യുകയും അതുവഴി തന്റെ അസ്തിത്വത്തെ ഭൂമിയിൽ നിലനിർത്തുകയും ചെയ്യുന്നത്. (ജോൺ പോൾ 2, തൊഴിൽ 0). അതുകൊണ്ടാണ് ജോലി ചെയ്യാത്തവർ ഭക്ഷണം കഴിക്കാൻ പാടില്ലായെന്ന് പൗലോസ് ശ്ലീഹാ പ്രബോധിപ്പിക്കുന്നത് (2 തെസ. 3: 10) തൊഴിലിനേയും തൊളിലാളികളെയും വളരെ ഗൗരവത്തോടെയാണ് തിരുസഭ ഉൾകൊള്ളുന്നത് എന്ന് പരി. പിതാവിന്റെ വാക്കുകൾ നമ്മെ ഓർമ്മപ്പെടുത്തുന്നു.

ലോകജനതയെ മുഴുവൻ സാമ്പത്തിക മാന്ദ്യം വലയം ചെയ്തുകൊണ്ടിരിക്കുന്നതിന്റെ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ തൊഴിലാളിദിനം ആചരിക്കപ്പെടുന്നത്. സാമ്പത്തികമായി വളരെ മുന്നോക്കം നിൽക്കുന്ന പാശ്ചാത്യ നാടുകളിൽ നിന്നാണ് സാമ്പത്തിക മാന്ദ്യത്തിന്റെ വിഷപ്പുക വമിയ്ക്കാൻ തുടങ്ങിയത് എന്നതാണ് ഇതിന്റെ പ്രത്യേകത. ധനാസക്തി, ഉപഭോഗാസക്തി എന്നിവയുടെ പിന്നാലെ പാഞ്ഞ ചിലർ ഒരുക്കിയ ചതിക്കുഴികളിൽ നിന്നാണ് സാമ്പത്തിക മാന്ദ്യത്തിന് തുടക്കം കുറച്ചിട്ടുള്ളത്. "ധനാസക്തിയാണ് എല്ലാ തിന്മകളുടെയും അടിസ്ഥാന കാരണം" (1 തിമോത്തി 6:10) എന്ന വിശുദ്ധ ഗ്രന്ഥ വചനം ശ്രദ്ധിക്കുക.

ഈ സാമ്പത്തിക മാന്ദ്യം എല്ലാവരേയും ബാധിക്കും. എന്നാൽ ആവശ്യത്തിലേറെ സമ്പാദിച്ചു വച്ചിട്ടുള്ള ധനാഢ്യരെ സംബന്ധിച്ച് അത്ര പ്രശ്നമല്ല. കാരണം അവരുടെ സുഖസൗകര്യങ്ങളിൽ വലിയ കുറവുവരുത്താതെ തന്നെ അവർക്കതിനെ നേരിടാൻ കഴിയും. സാമ്പത്തിക മാന്ദ്യത്തിന്റെ ഏറ്റവും വലിയ ബലിയാടുകൾ തൊഴിലാളികളാണ്. ഇപ്പോഴത്തെ ആഗോളമാന്ദ്യം മൂലം ലോകത്ത് അമ്പത് കോടിയിൽ പരം പേർക്ക് തൊഴിൽ നഷ്ടപ്പെടുമെന്നാണ് അന്താരാഷ്ട്ര തൊഴിൽ സംഘടന കണക്കുകൂട്ടിയിരിക്കുന്നത്. നമ്മുടെ കൊച്ചു കേരളത്തിൽ തന്നെ മുപ്പത്തിയെട്ടു ലക്ഷത്തിൽപരം പേരുടെ തൊഴിലിനെ സാമ്പത്തിക മാന്ദ്യം ബാധിക്കുമെന്നാണ് സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസ് കേരളസർക്കാരിനുവേണ്ടി നടത്തിയ പഠനത്തിൽ നിന്നും വെളിവാകുന്നത്. ചെറുകിട കർഷകരേയും കർഷകതൊഴിലാളികളേയുമാണ് സാമ്പത്തിക മാന്ദ്യം കേരളത്തിൽ ഏറ്റവും ശക്തമായി ബാധിക്കുന്നത്. മത്സ്യതൊഴിലാളികൾ, നിർമ്മാണ തൊഴിലാളികൾ, കയർ-കശുവണ്ടി തൊഴിലാളികൾ എന്നിവരെയും സാമ്പത്തിക മാന്ദ്യം ബുദ്ധിമുട്ടിലാക്കും. കാരണം അവരുണ്ടാക്കുന്ന ഉല്പന്നങ്ങൾ വാങ്ങാൻ ആളില്ലാതെ വരും. അപ്പോൾ കമ്പനികൾ ജോലിക്കാരെ പിരിച്ചു വിടും. നമ്മുടെ രാജ്യത്തിന്റെ വളർച്ചാ നിരക്ക് തന്നെ രണ്ടു മുതൽ രണ്ടര ശതമാനം വരെ പുറകോട്ടായി കഴിഞ്ഞുവെന്നാണ് ഔദ്യോഗിക കണക്കുകൾ കാണിക്കുന്നത്. ഏഴു ശതമാനമാണ് ഈ വർഷത്തെ പ്രതീക്ഷിത വളർച്ചാ നിരക്ക്. എന്നാൽ ഏറ്റവും ഗൗരവമേറിയ കാര്യം നമ്മുടെ ജനതയിലെ അറുപത്തിയഞ്ച് ശതമാനം പേരും കൃഷി, മത്സ്യബന്ധനം, കന്നുകാലി വളർത്തൽ എന്നിവ ഉൾപ്പെടുന്ന പ്രാഥമിക മേഖലയിലാണ് പ്രവർത്തിക്കുന്നത് എന്നതാണ്. ഈ രംഗത്തുള്ള വളർച്ചാ നിരക്ക് മൂന്നു ശതമാനത്തിൽ താഴെമാത്രമായിരിക്കുമെന്നാണ് സൂചന.

ഇതുമൂലം അടിസ്ഥാന തൊഴിലാളികളുടെയും ചെറുകിട കർഷകരുടെയും ജീവിതം കൂടുതൽ ദുരിതപൂർണ്ണമാകും. ക്ഷാമകാലത്തെ നേരിടാനായി പൂർവ്വപിതാവായ യൗസേപ്പിതാവിന്റെ വിവേകത്തോടെ പെരുമാറാൻ തൊളിലാളി വിഭാഗം തയ്യാറാകേണ്ടിയിരിക്കുന്നു. കഴിഞ്ഞ ഒരു ദശകക്കാലമായി നമ്മുടെ രാജ്യം വികസന കുതിപ്പിലാണെന്നത് അഭിമാനാർഹമായ കാര്യമാണ്. ലോകത്തിലെ ശതകോടീശ്വരന്മാരുടെ എണ്ണത്തിൽ ഇന്ത്യ നാലാം സ്ഥാനത്താണ്. പക്ഷേ ഈ നേട്ടങ്ങൾ നമ്മുടെ രാജ്യത്തെ അടിസ്ഥാന ജനവിഭാഗങ്ങളിലേയ്ക്ക് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ലാ എന്നതാണ് വസ്തുത. കർഷകരുടെ ഇടയി

ലുള്ള ആത്മഹത്യകൾ പോലെയുള്ള ദുരന്തങ്ങൾ സൂചിപ്പിക്കുന്നത് അതാണ്. ഐക്യരാഷ്ട്ര സംഘടന കഴിഞ്ഞ വർഷം പുറത്തിറക്കിയ മനുഷ്യവികസന സൂചികയിൽ (Human Development Index) ഇന്ത്യയുടെ സ്ഥാനം നൂറ്റിയിരുപത്തിയെട്ടാണ്. ഒരു വർഷം മുമ്പ് അത് നൂറ്റിയിരുപത്തിയാറായിരുന്നു. കണ്ണഞ്ചിപ്പിക്കുന്ന വികസിതകുതിപ്പിനിടയിലും അടിസ്ഥാന തൊഴിലാളി വിഭാഗങ്ങളുടെ ജീവിത നിലവാരം താഴോട്ട് പോകുകയാണെന്ന് ഇത് സൂചിപ്പിക്കുന്നു.

ദാരിദ്ര്യത്തെ വിശകലനം ചെയ്യുന്നതിനെ സംബന്ധിച്ച മാനദണ്ഡം ലോകബാങ്ക് ഈയിടെ പുതുക്കി നിശ്ചയിക്കുകയുണ്ടായി. പ്രതിദിനം രണ്ടു ഡോളറിൽ (ഏകദേശം നൂറ് രൂപ) കുറവ് വരുമാനം ലഭിക്കുന്നവരെയാണ് ദരിദ്രരുടെ പട്ടികയിൽ ഉൾപ്പെടത്തിയിരിക്കുന്നത്. പ്രതിദിനം ഒന്നേകാൽ ഡോളർ പോലും ലഭിക്കാത്തവരെ പരമദരിദ്രർ എന്നാണ് വിശേഷിപ്പിക്കുന്നത്. ഇന്ത്യയിലെ ജനങ്ങളിൽ എഴുപത്തിയഞ്ച് ശതമാനം പേരേയും ദരിദ്രരുടെ പട്ടികയിലാണ് പെടുത്തിയിരിക്കുന്നത്. പരമദരിദ്രരാവട്ടെ മൊത്തം ഇന്ത്യക്കാരുടെ നാൽപത്തിയൊന്ന് ശതമാനമാണ്.

2006 ജനുവരിയിൽ ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ സമ്മേളനത്തിൽ വത്തിക്കാന്റെ പ്രതിനിധി ഇപ്രകാരം പറയുകയുണ്ടായി:"ആഗോളീകരണത്തിന്റെ ഭാഗമായുള്ള സമ്പത്വ്യവസ്ഥയുടെ ഉദാരവൽക്കരണം വഴി കൂടുതൽ കൂടുതൽ സമ്പത്ത് ഉണ്ടായിട്ടുണ്ട്. എന്നാൽ വളരെ വർദ്ധിച്ചിട്ടും ഈ സമ്പത്തിന്റെ സദ്ഫലങ്ങൾ കൊയ്തെടുക്കുന്നതിൽ രാഷ്ട്രങ്ങൾ തമ്മിലും രാഷ്ട്രങ്ങളുടെ ഉള്ളിലും വ്യത്യാസം ഉണ്ടായിട്ടുണ്ടെന്ന് ധാരാളം തെളിവുകളുണ്ട്. അന്തസുള്ള തൊഴിലിന്റെ മാനദണ്ഡങ്ങൾ വച്ച് അളന്നാൽ വളരെ പേർ സാമൂഹിക നേട്ടങ്ങൾ ആസ്വദിക്കുന്നതിൽ നിന്നും തഴയപ്പെട്ടിരിക്കുകയാണെന്ന് കാണാം. കാരണം അപമാനകരമായ വിധത്തിൽ അവർ ചൂഷണം ചെയ്യപ്പെടുന്നു".

ഇതേകാര്യത്തെപ്പറ്റി പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ 2009 ജനുവരി 1 ന് നൽകിയ ലോകസമാധാനദിന സന്ദേശത്തിൽ ഇപ്രകാരം പറയുന്നു "ഇന്നത്തെ ആഗോളീകൃത ലോകത്തിൽ എല്ലാവർക്കും ന്യായമായി വളരാനുള്ള അവസരം നൽകിയെങ്കിൽ മാത്രമേ സമാധാനം സ്ഥാപിക്കാൻ സാധിക്കുകയുള്ളു എന്ന് വ്യക്തമാണ്. അനീതി നിറഞ്ഞ സാമൂഹിക ക്രമം സൃഷ്ടിച്ചിട്ടുള്ള വ്യതിയാനങ്ങൾക്ക് ഉടനെ അല്ലെങ്കിൽ അധികം വൈകാതെ എല്ലാവരും വില നൽകേണ്ടി വരും. മരുഭൂമിയുടെ നടുവിൽ ആഢംബരം നിറഞ്ഞ ഭവനം നിർമ്മിക്കുകയെന്നത് ശുദ്ധവിഢിത്തമാണ്".

നമ്മുടെ രാജ്യത്ത് ഏറെയും അസംഘടിത മേഖലയിലെ തൊഴിലാളികളാണ് എന്ന് നാം പറഞ്ഞു. സംഘടിത മേഖലയിൽ പോലും സാമൂഹിക തൊഴിൽ സുരക്ഷ ലഭിക്കാത്തവർ ധാരാളം ഉണ്ട്. കർഷകത്തൊഴിലാളികൾ, ചെറുകിട കർഷകർ (അഞ്ചേക്കർ കൃഷി ഭൂമിയിൽ താഴെയുള്ളവർ), മത്സ്യത്തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ, കയർ-കശുവണ്ടി തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, പീടിക തൊഴിലാളികൾ തുടങ്ങിയ നൂറിൽപരം വിഭാഗങ്ങളിലെ അസംഘടിത തൊഴിലാളികളുടെ ലിസ്റ്റിൽ സർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്.

നമ്മുടെ ദേശീയ വരുമാനത്തിന്റെ അറുപത് ശതമാനത്തിൽ അധികം ഈ വിഭാഗത്തിന്റെ സംഭാവനയാണെങ്കിലും ഈ വിഭാഗത്തിന്റെ സാമൂഹിക ക്ഷേമത്തിനും സുരക്ഷയ്ക്കുമുള്ള സമഗ്രനിയമങ്ങൾ ഒന്നുംതന്നെ കഴിഞ്ഞ ആറ് പതിറ്റാണ്ടുകൾക്കിടയിൽ രൂപീകരിക്കപ്പെട്ടിരുന്നില്ലാ എന്നത് ഖേദകരമാണ്. അതുകൊണ്ട് തന്നെ ഈ അടുത്തകാലത്ത് കേന്ദ്രസർക്കാർ പാസാക്കിയ അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷാ ആക്ട് - 2008 ഈ രംഗത്തുള്ള വലിയ കാൽവെയ്പ്പായിട്ടാണ് കാണുന്നത്. ഈ നിയമം കൊണ്ടുവരുന്നതിൽ കെ.എൽ.എം. വളരെ അധികം നീക്കങ്ങൾ നടത്തിയിരുന്നു. നിയമം അതിന്റെ പൂർണ്ണ ഉദ്ദേശ്യശുദ്ധിയോടെ നടപ്പിലാക്കാൻ വേണ്ട പിന്തുണയും സഹകരണവും തൊഴിലാളി സമൂഹവും തൊഴിലാളി സംഘടനയും നൽകണം.

തൊഴിലാളി സമൂഹത്തിന്റെ ജീവിത യാഥാർത്ഥ്യങ്ങളുമായി ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ തിരുസഭ എന്നും തയ്യാറായിട്ടുണ്ട്. ആധുനിക കാലഘട്ടത്തിലെ തിരുസഭയുടെ പ്രഥമ സാമൂഹിക പ്രബോധനമായ റേരും നൊവാരും 1891 ൽ ഭാഗ്യസ്മരണാർഹനായ ലെയോ 13-ാമൻ മാർപാപ്പ പുറത്തിറക്കിയത് തൊഴിലാളി സമൂഹത്തിനുവേണ്ടിയായിരുന്നു. ഇതിനെത്തുടർന്ന് ധാരാളം സാമൂഹിക ലേഖനങ്ങൾ പരിശുദ്ധ പിതാക്കന്മാർ പുറത്തിറക്കിയിട്ടുണ്ട്. തിരുസഭയുടെ നേതൃത്വത്തിൽ തൊഴിലാളി പ്രവർത്തനങ്ങൾ പലതലത്തിലും നടത്തിവരുന്നുണ്ട്. തൽസംബന്ധമായി രണ്ടാം വത്തിക്കാൻ സൂനഹദോസ് പറയുന്നു " ഈ കാലഘട്ടത്തിലെ മനുഷ്യരുടെ വിശിഷ്യ പാവങ്ങളുടെയും പീഡിതരുടെയും സന്തോഷവും പ്രതീക്ഷകളും സങ്കടങ്ങളും ഉത്കണ്ഠകളുമെല്ലാം ക്രിസ്തുവിന്റെ അനുയായികളുടെയും കൂടിയാണ്. ഈ ധർമ്മം നിർവ്വഹിക്കുവാൻ കാലത്തിന്റെ അടയാളങ്ങൾ സൂക്ഷ്മനിരീക്ഷണം ചെയ്ത് സുവിശേഷവെളിച്ചത്തിൽ വ്യാഖ്യാനിക്കാൻ സഭ എല്ലായ്പ്പോഴും ബാധ്യസ്ഥയത്രേ". (സഭആധുനിക ലോകത്തിൽ 1 & 4)

"ഇക്കാരണത്താൽ തന്നെ തൊഴിലിന്റെ കർത്താവിനെപ്പറ്റിയും അവന്റെ ജീവിത സാഹചര്യങ്ങളെപ്പറ്റിയും നിരന്തരമായ പഠനം നടത്തേണ്ടിയിരിക്കുന്നു"(ജോൺ പോൾ 2, തൊഴിൽ 85). ഈ അടിസ്ഥാന കാഴ്ചപ്പാടിലൂടെയാണ് തിരുസഭ തന്റെ സാമൂഹിക പ്രബോധന ദൗത്യം നിർവ്വഹിക്കുന്നത്.

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ലേബർ കമ്മീഷന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന കേരളലേബർ മൂവ്മെന്റാണ് കേരളകത്തോലിക്കാ സഭയുടെ തൊഴിലാളി പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത് എന്ന് തുടക്കത്തിൽ നാം കണ്ടു. കഴിഞ്ഞ കുറച്ചു വർഷങ്ങൾക്കൊണ്ടുതന്നെ കേരളത്തിലെ എല്ലാ രൂപതകളിലേയ്ക്കും പ്രവർത്തനം വ്യാപിപ്പിക്കാൻ കെ.എൽ.എം ന് സാധിച്ചിട്ടുണ്ട്. സഭയുടെ തൊഴിലാളി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ശക്തമായ അല്മായ നേതൃത്വത്തെ ഇതിലൂടെ രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്.

സമകാലിക സാമൂഹിക സാഹചര്യങ്ങളിൽ തൊഴിൽ മേഖലകളിൽ ധാരാളം പുതിയ പുതിയ പ്രശ്നങ്ങൾ രൂപപ്പെട്ടുവരുന്നുണ്ട്. സാമ്പത്തിക മാന്ദ്യം, വികസനത്തിന്റെ സദ്ഫലങ്ങൾ താഴെത്തട്ടിലേയ്ക്ക് വിതരണം ചെയ്യപ്പെടാതിരിക്കൽ, ക്ഷേമരാഷ്ട്ര ആശയത്തിൽനിന്നുള്ള സർക്കാരിന്റെ പിൻമാറ്റം, കമ്പോള സംസ്ക്കാരത്തിന്റെ വളർച്ച, ഭൗതിക മൂല്യങ്ങളുടെ സ്വാധീനം, ട്രേഡ് യൂണിയനുകൾക്കുണ്ടായിട്ടുള്ള മൂല്യച്യുതി, തൊഴിലാളി ചൂഷണം തുടങ്ങിയ ധാരാളം പ്രശ്നങ്ങൾ ഉണ്ട്.

ഇത്തരം കാര്യങ്ങളിൽ സമഗ്രമായ കാഴ്ചപ്പാടോടുകൂടിയുള്ള പ്രവർത്തനപരിപാടികൾ ആവിഷ്ക്കരിക്കാൻ കെ.എൽ.എം ന് കഴിയുന്നുണ്ട് എന്നത് അഭിമാനാർഹമാണ്. അദ്ധ്വാനത്തിന്റെ ശ്രേഷ്ഠതയും മഹത്വവും ഉയർത്തിപ്പിടിക്കുന്ന തൊഴിൽ സംസ്കാരം വ്യാപിപ്പിക്കുക, സമകാലിക സാമൂഹിക - സാമ്പത്തിക സാഹചര്യങ്ങൾ തൊഴിലാളികൾക്കുമുന്നിൽ ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ അവരെ ശക്തീകരിക്കുക, പുത്തൻ സാങ്കേതിക പരിജ്ഞാനവും ആധുനിക യന്ത്രോപകരണങ്ങളും പുത്തൻ പ്രവണതകളും തൊഴിലാളികൾക്ക് ലഭ്യമാകാൻ അവസരം ഒരുക്കുക, സർക്കാരിന്റെയും ഇതര ഏജൻസികളുടെയും വിവിധ ക്ഷേമപദ്ധതികളുടെയും ഗുണഭോക്താക്കളായി മുഴുവൻ തൊഴിലാളികളെയും മാറ്റുക, തൊഴിലാളികളുടെ നേതൃത്വത്തെ പരിപോഷിപ്പിക്കുകയും സാമൂഹിക ജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് നയിക്കുകയും ചെയ്യുക എന്നിങ്ങനെയുള്ള അഞ്ച് പ്രവർത്തന പദ്ധതികളുമായിട്ടാണ് കെ.എൽ.എം മുന്നോട്ടു പോകുന്നത്.

തൊഴിലാളികളുടെ ശക്തീകരണത്തിന് ഫലപ്രദമായ ഒരു പ്രവർത്തനമാണ് തൊഴിലാളി സ്വയം സഹായ സംഘങ്ങളുടെ രൂപീകരണം. ഇതിന്റെ തുടർച്ചയായി തൊഴിലാളി ഫോറങ്ങൾ രൂപപ്പെടുത്തണം. വിവിധ തലങ്ങളിൽ ഇടവക പ്രവർത്തനങ്ങളുടെ കോ-ഓഡിനേഷന് വേണ്ടിയുള്ള സംവിധാനങ്ങൾ ഉണ്ടാവണം. എല്ലാ രൂപതകളിലും തൊഴിലാളി നേതൃത്വം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. രൂപതാ സാമൂഹിക പ്രവർത്തന സംവിധാനങ്ങൾ വഴിയായിട്ടാണ് സാധാരണ കെ. എൽ.എം പ്രവർത്തിച്ചു വരുന്നത്. ഇന്ന് എല്ലാ ഇടവകകളിലും തന്നെ സ്വയം സഹായസംഘങ്ങൾ, ക്രെഡിറ്റ് യൂണിറുകൾ മുതലായവ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സംഘങ്ങളിലുള്ള തൊഴിലാളികളുടെ ഏകോപനം വിവിധ തൊഴിലാളി ഫോറങ്ങൾ വഴി നടത്തപ്പെടണം. എല്ലാ തൊഴിലാളികളെയും സംഘടിതരാക്കണം.

കേരള സർക്കാരിന്റെ നേതൃത്വത്തിൽ ഇരുപത്തിയഞ്ചിൽ പരം തൊഴിലാളി ക്ഷേമപദ്ധതികൾ പ്രവർത്തിച്ചുവരുന്നുണ്ട്. എല്ലാ തൊളിലാളികളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കുവാൻ നാം ശ്രദ്ധിക്കണം. ആദ്യമായി ഈ രംഗത്ത് സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ക്ഷേമപദ്ധതികളെപ്പറ്റി അറിവുണ്ടാവുക അത്യാവശ്യമാണ്. ക്ഷേമനിധികളെപ്പറ്റിയുള്ള എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ച് ഒരു കൈപുസ്തകം കെ. എൽ.എം അടുത്തയിടെ പുറത്തിറക്കിയിട്ടുണ്ട്. ജെ. ബി. വൈ എന്ന കേന്ദ്രസർക്കാർ സ്പോൺസേർഡ് ഇൻഷ്വറൻസ് പദ്ധതിയിൽ എല്ലാ അസംഘടിത തൊഴിലാളികൾക്കും അംഗങ്ങളാവാൻ കഴിയും. ജീവൻ മധൂർ പോലെയുള്ള ഇൻഷ്വറൻസ് വഴിയുള്ള പണം ശേഖരിക്കാനും, കാലക്രമേണ എല്ലാവർക്കും പെൻഷൻ ലഭിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്താനും വേണ്ട ഒത്താശകൾ ചെയ്യാൻ കെ.എൽ.എം പരിശ്രമിച്ചു വരുന്നു.

മറ്റൊരു പ്രധാനപ്പെട്ട മേഖലയാണ് രോഗീചികിത്സയ്ക്ക് സഹായം ലഭിക്കുന്ന മെഡിക്ലെയിം ഇൻഷ്യൂറൻസ് പദ്ധതികൾ. എല്ലാ തൊഴിലാളികളും മെഡിക്ലെയിം ഇൻഷ്യൂറൻസിൽ അംഗങ്ങളാവണം. ഇതിനായി ഒട്ടുമിക്ക രൂപതകളിലെയും സാമൂഹിക സേവന വിഭാഗത്തിന്റെ കീഴിൽ ഇൻഷ്യൂറൻസ് സംബന്ധിയായ കാര്യങ്ങൾ ചെയ്തു വരുന്നുണ്ട്. അത് എല്ലാ തൊഴിലാളികളിലേയ്ക്കും വ്യാപിപ്പിക്കാൻ രൂപതാ കെ.എൽ.എം ഘടകങ്ങൾ നേതൃത്വം നൽകണം. തൊഴിലാളികളുടെ ക്ഷേമനിധി പ്രവേശനം, ഇൻഷ്വറൻസ് സംബന്ധിയായ കാര്യങ്ങൾ എന്നിവയ്ക്ക് വേണ്ട ഉപദേശവും നേതൃത്വവും കെ.എൽ.എം നൽകുന്നതാണ്.

തൊഴിൽ അന്വേഷകരേയും, തൊഴിൽ സ്ഥാപനങ്ങളെയും രജിസ്റ്റർ ചെയ്യുന്ന കേരള ലേബർ ഓർഗനൈസേഷന്റെ പ്രവർത്തനങ്ങളും കെ.എൽ.എം നടത്തുന്നുണ്ട്. അതും എല്ലാ രൂപതകളിലേയ്ക്കും വ്യാപിപ്പിക്കണം. ഇപ്പോൾതന്നെ ഇതിലേയ്ക്കായി മൂന്ന് വെബ്സൈറ്റുകൾ (www. Keralalabour.org, www.medicarrier.in, www.jobtech.in) കെ.എൽ.എം തയ്യാറാക്കി നടത്തിവരുന്നുണ്ട്. ജോലി തേടുന്നവരേയും ജോലി തരാൻ സാധ്യതയുള്ളവരേയും ഒരേ വേദിയിൽ കൊണ്ടുവരുന്ന ഒരു പ്രസ്ഥാനമാണ് ഈ സൈറ്റുകൾ. ജോലി അന്വേഷിച്ച് വിവിധ സ്ഥലങ്ങളിൽ പോകുമ്പോഴുണ്ടാവുന്ന സമയനഷ്ടവും പണനഷ്ടവും എല്ലാം ഇതിലൂടെ ഇല്ലാതാക്കാൻ കഴിയും. രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികളും കെ.എൽ.എം ഉം ഈ കാര്യത്തിൽ പ്രത്യേകം താൽപ്പര്യമെടുക്കണം.

തൊഴിൽ സാമ്പത്തിക രംഗങ്ങളിൽ വൻ പ്രതിസന്ധികളുടെ കാർമേഘം ഉരുണ്ടുകൂടി വരുന്ന ഈ സാഹചര്യത്തിൽ തൊഴിലാളികളുടെ ശക്തീകരണത്തിന് ഉപയുക്തമായ പ്രവർത്തനങ്ങൾ നമ്മുടെ എല്ലാ ഇടവകകളിലും ഉണ്ടാവേണ്ടിയിരിക്കുന്നു. കെ.എൽ.എം ന്റെ യൂണിറ്റുകൾ എല്ലാ ഇടവകകളിലും സ്ഥാപിക്കപ്പെടണം. ഒരു പക്ഷേ പുതിയൊരു പ്രസ്ഥാനം തുടങ്ങുന്നതിനുപകരം നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഇതു ചെയ്യുകയാവും കാരണീയവും എളുപ്പവും. അതുപോലെ തന്നെ പെട്ടെന്നുള്ള ഫലങ്ങൾ ഇതിൽ നിന്നും പ്രതീക്ഷിക്കുകയും ചെയ്യരുത്.

തൊഴിൽ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലുള്ള പങ്കുചേരലാണ്. ഏതു തരത്തിലും തലത്തിലുമുള്ള തൊഴിലും മാന്യതയുള്ളതാണ് എന്ന് നാം മനസിലാക്കണം. അതുപോലെ ഏതുതരം തൊഴിൽ ചെയ്യുന്നവരും മാന്യതയും അംഗീകാരവും അർഹിക്കുന്നവരാണ് എന്ന കാര്യവും നാം അനുസ്മരിക്കണം. മലയാളിയുടെ ദുരഭിമാനബോധമാണ് നമുക്ക് പലതിനും തടസമായി നിൽക്കുന്നത് എന്നതൊരു വസ്തുതയാണ്. വെള്ളക്കോളർ ജോലിമാത്രം ജോലിയായി കണക്കാക്കുന്ന ഒരു ജനതയ്ക്ക് പുരോഗതി ഉണ്ടാവുക എളുപ്പമല്ല. അതുപോലെതന്നെ എന്തിനും ഏതിനും സമരം, ബന്ദ് മുതലായവ ചെയ്യുന്നതും അതുവഴി ഉൽപാദനം തടസ്സപ്പെടുത്തുന്നതും ശരിയായ ഒരു പ്രവണതയല്ല. ഒരു പരിധിവരെ ജോലിയെടുക്കാതെ പണം സമ്പാദിക്കാനുള്ള തൃഷ്ണയാണ് ഇത്തരം പ്രവണതകൾക്ക് പിന്നിൽ പ്രവർത്തിക്കുന്നത് എന്ന് പറയേണ്ടിയിരിക്കുന്നു. അതൊരിക്കലും നമ്മെ പുരോഗതിയിലേയ്ക്ക് നയിക്കുകയില്ല. തീഷ്ണമതിയായ വി. പൗലോസ് അപ്പസ്തോലന്റെ

വർഷാചരണത്തിന്റെ ഇടയിലാണ് 2009 ലെ മെയ് ദിനം കടന്നു വരുന്നത്. അലസത കൂടാതെ അദ്ധ്വാനിക്കാനുള്ള ആഹ്വാനമാണ് വി. പൗലോസ് നമുക്ക് നൽകുന്നത്. തന്നെ അനുകരിക്കേണ്ടത് എങ്ങിനെയെന്ന് വി. പൗലോസ് ശ്ലീഹ പഠിപ്പിക്കുന്നുണ്ട്."ആരിൽനിന്നും ഞങ്ങൾ അപ്പം ദാനമായി വാങ്ങി ഭക്ഷിച്ചിട്ടില്ല. മറിച്ച് ആർക്കും ഭാരമാകാതിരിക്കാൻവേണ്ടി ഞങ്ങൾ രാപകൽ കഷ്ടപ്പെട്ട് കഠിനാദ്ധ്വാനം ചെയ്തു. ഞങ്ങൾക്ക് അവകാശം ഇല്ലാഞ്ഞിട്ടല്ല, പ്രത്യുത അനുകരണാർഹമായ ഒരു മാതൃക നിങ്ങൾക്ക് നൽകുവാനാണ് ഇങ്ങനെ ചെയ്തത്" (2 തെസ.3: 7-9)

നമ്മുടെ രാജ്യത്തെ കർഷകർ ഉൾപ്പെടെയുള്ള അസംഘടിത തൊഴിൽ മേഖല നേരിടുന്ന പ്രശ്നങ്ങൾ അതിജീവിക്കാൻ പുതിയ കാഴ്ചപ്പാടും പുതിയ മനോഭാവവും പുതിയ പ്രവർത്തനശൈലിയും സ്വാംശീകരിക്കാൻ നാം തയ്യാറാവുമെന്ന് ഈ മെയ്ദിനത്തിൽ നമുക്ക് പ്രതിജ്ഞയെടുക്കാം. ഒന്നിച്ചു നിന്ന് വികസനത്തിനും നന്മയ്ക്കുമായി നമുക്ക് മുന്നേറാം. "പരസ്പരം ഭാരങ്ങൾ വഹിച്ചുകൊണ്ട് ക്രിസ്തുവിന്റെ നിയമം പൂർത്തിയാക്കുവിൻ (ഗലാ. 6: 2) എന്ന അപ്പസ്തോല വചനങ്ങൾ നമുക്ക് ഓർക്കാം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

ഒരിക്കൽക്കൂടി എല്ലാവർക്കും മെയ്ദിനാശംസകൾ നേരുന്നു.

**മാർ ജോസ് പൊരുന്നേടം**
ചെയർമാൻ, കെ. സി. ബി. സി. ലേബർ കമ്മീഷൻ

**മാർ ജയിംസ് പഴയാറ്റിൽ**
വൈസ് ചെയർമാൻ

**ഡോ. ജോസഫ് കാരിക്കശ്ശേരി**
വൈസ് ചെയർമാൻ

*NB:- ഈ സർക്കുലർ 2009 ഏപ്രിൽ മാസം 26 ന് വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.*

# രൂപതാകച്ചേരി വാർത്തകൾ

**മാർ എമ്മാനുവേൽ പിതാവിന്റെ ചരമവാർഷികം**

മാർച്ച് മാസത്തെ ബുള്ളറ്റിനിൽ അറിയിച്ചിരുന്നതുപോലെ മാർ എമ്മാനുവേൽ പോത്തനാമുഴി പിതാവിന്റെ ചരമവാർഷിക ദിനമായ ഏപ്രിൽ 6-ാം തീയതി രാവിലെ 9 മണിക്ക് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ കാർമ്മികത്വത്തിൽ കത്തീഡ്രൽ പള്ളിയിൽ വച്ച് നടക്കുന്ന തിരുകർമ്മങ്ങളിലേയ്ക്ക് ഏവരുടെയും സാന്നിദ്ധ്യം ക്ഷണിക്കുന്നു.

**പൊതുപിരിവുകൾ**

രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ചുതരേണ്ട പൊതുപിരിവുകൾ മാർച്ച് 31-നകം എത്തിച്ചുതരാത്ത ഏതെങ്കിലും ഇടവകകളുണ്ടെങ്കിൽ ഏപ്രിൽ 15 നു മുമ്പായി ആ തുക എത്തിച്ച് തരണമെന്ന് ഓർമ്മിപ്പിക്കുന്നു.

**നവവൈദികർ**

ഇക്കൊല്ലം നമ്മുടെ രൂപതയ്ക്കുവേണ്ടി ഡീക്കന്മാരായ അലക്സ് ഓണംപള്ളി ഏപ്രിൽ 15-ാം തീയതിയും, സെബാസ്റ്റ്യൻ പാക്കാനിക്കുഴി ഏപ്രിൽ 18-ാം തീയതിയും നവാഭിഷിക്തരാകും. അവരെ രണ്ടുപേരേയും നമ്മുടെ പ്രാർത്ഥനകളിൽ സ്നേഹപൂർവ്വം സ്മരിക്കാം.

**സ്നേഹസ്മരണ**

നമ്മുടെ രൂപതാ വൈദികരായിരുന്ന ബഹു. അഗസ്റ്റിൻ കണ്ണാടിക്കരയച്ചന്റെ ചരമ വാർഷികം ഏപ്രിൽ 21-നും ബഹു. ജോസഫ് വെട്ടിക്കുഴിച്ചാലിലച്ചന്റേത് ഏപ്രിൽ 29-നും ആണ്. ഈ പ്രിയപ്പെട്ട വൈദികരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും സ്മരിക്കാം.

**അഭിനന്ദനങ്ങൾ**

ചെറുപുഷ്പ മിഷൻലീഗിന്റെ രാജ്യാന്തര പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. തോമസ് ഏറണാട്ടിനും വൈസ് ഡയറക്ടറായി

തിരഞ്ഞെടുക്കപ്പെട്ട ബഹു. ബെന്നി മുതിരക്കാലായിലച്ചനും രൂപത മുഴുവന്റേയും അനുമോദനങ്ങളും, പ്രാർത്ഥനകളും!

**മേജർ സെമിനാരിക്കാർ**

ഈ വർഷം നമ്മുടെ രൂപതാ മേജർ സെമിനാരിക്കാരുടെ മൈനർ ഓർഡേഴ്സ് ഏപ്രിൽ 2-ാം തീയതിയും സമ്മേളനം ഏപ്രിൽ 26-ാം തീയതി വൈകുന്നേരം മുതൽ 30-ാം തീയതിവരെയുമായിരിക്കും.

**രൂപതാദിനം**

പതിവുപോലെ ഇക്കൊല്ലവും മെയ് 1-ാം തീയതി നമ്മൾ രൂപതാദിനമായി ആചരിക്കുകയാണ്. മുൻവർഷങ്ങളിലേതുപോലെ പ്രതിനിധി സമ്മേളനത്തിൽ പങ്കെടുക്കേണ്ടവർ താഴെ പറയുന്നവരാണ്.

1) രൂപതയിലെ എല്ലാ വൈദികരും.
2) സന്യാസ സഭകളുടെ മേജർ സുപ്പീരിയേഴ്സും, ഓരോ ഭവനത്തിന്റേയും സുപ്പീരിയറും.
3) നടത്തുകൈക്കാരന്മാർ.
4) ദേവാലയ ശുശ്രൂഷികൾ.
5) ഇടവക സെക്രട്ടറിമാർ.
6) സൺഡേസ്കൂൾ പ്രധാനാധ്യാപകർ.
7) ഭക്തസംഘടനകളുടേയും മതബോധനത്തിന്റേയും രൂപതാ ഭാരവാഹികൾ.
8) L.P, U.P., H.S., H.S.S., College പ്രധാനാധ്യാപകർ.

ഈ കുടുംബ സമ്മേളനത്തിൽ ആദരിക്കപ്പെടേണ്ടവർ ഇക്കൊല്ലം സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന വൈദികർ, സന്യസ്തർ, ഇക്കൊല്ലം 35 വർഷം പൂർത്തിയാക്കുന്ന മതാധ്യാപകർ, 25 വർഷം പൂർത്തിയാക്കുന്ന അൾത്താര ശുശ്രൂഷികൾ എന്നിവരാണ്. ഇവരുടെ പേരു വിവരം ബന്ധപ്പെട്ടവർ ഏപ്രിൽ 15-ാം തീയതിയ്ക്കകം രൂപതാ കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

വി. കുർബാനയ്ക്കും പൊതുസമ്മേളനത്തിനും ശേഷം 2.15 മുതൽ ശ്രീ. സാബു സെബാസ്റ്റ്യന്റെ നേതൃത്വത്തിലുള്ള നടനകലാ കേന്ദ്രത്തിലെ കുട്ടികളുടെ ഡാൻസ് പരിപാടികളും, ബഹു. വിജയൻ ചോഴംപറമ്പിലച്ചൻ ഈണം പകർന്ന ദേവാലയ സംഗീതവും ആസ്വദിക്കാൻ അവസരമുണ്ടായിരിക്കും. ഉച്ചകഴിഞ്ഞുള്ള ഈ പരിപാടികളിലേയ്ക്ക് പ്രതിനിധികളല്ലാത്തവർക്കും സ്വാഗതം!

## പ്രത്യേക ശ്രദ്ധയ്ക്ക്

## ഓഡിറ്റിംഗ്

ഏപ്രിൽ 16-ാം തീയതി ഇലക്ഷനായതിനാൽ മാർച്ച് മാസത്തെ ബുള്ളറ്റിനിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഓഡിറ്റിംഗ് നടത്താൻ സാധിക്കുകയില്ല. അതിനാൽ ഏപ്രിൽ 15 മുതൽ 18 വരെയുള്ള ദിവസങ്ങളിലെ ഓഡിറ്റിംഗ് 27 മുതൽ 30 വരെയുള്ള ദിവസങ്ങളിലേയ്ക്ക് മാറ്റിയിരിക്കുന്നു. മറ്റുള്ളവയ്ക്ക് മാറ്റമില്ല. പുതിയക്രമം താഴെ ചേർക്കുന്നു.

| | |
|---|---|
| ഏപ്രിൽ 27 തിങ്കൾ A.M. | - ചുങ്കക്കുന്ന് ഫൊറോന |
| P.M. | - കൽപ്പറ്റ ഫൊറോന |
| ഏപ്രിൽ 28 ചൊവ്വ | - കല്ലോടി ഫൊറോന |
| ഏപ്രിൽ 29 ബുധൻ | - മാനന്തവാടി ഫൊറോന |
| ഏപ്രിൽ 30 വ്യാഴം | - മുള്ളൻകൊല്ലി ഫൊറോന |

മണിമൂളി, നിലമ്പൂർ ഫൊറോനകളുടെ സമയം മാറ്റിയിരിക്കുന്നു.

| | |
|---|---|
| ഏപ്രിൽ 24 വെള്ളി | - മണിമൂളി ഫൊറോന |
| ഏപ്രിൽ 25 ശനി | - നിലമ്പൂർ ഫൊറോന |

**മോൺ. ജോർജ് മൂലയിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

## EFFECT & രൂപതാ വിദ്യാഭ്യാസ സഹായനിധി

**1.** മാർച്ച് മാസത്തെ ബുള്ളറ്റിനിൽ പറഞ്ഞിരുന്നതനുസരിച്ച് അഭിവന്ദ്യപിതാവിന്റെ വിദ്യാഭ്യാസ നിധിയിൽ നിന്നും EFFECT ൽ നിന്നും സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും സംഗമം മെയ് മാസത്തിൽ നടത്തുമ്പോൾ ഓരോ സ്ഥലത്തും വരേണ്ടവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) സ്ഥലം :- ചുങ്കക്കുന്ന് (മെയ് 7)
എത്തേണ്ട കുട്ടികളുടെ ഇടവകകൾ:- ചുങ്കക്കുന്ന് ഫൊറോനായിലെ എല്ലാ ഇടവകകളിൽ നിന്നും മാനന്തവാടി ഫൊറോനായിലെ ഏലപ്പീടിക, ബോയ്സ് ടൗൺ ഇടവകകളിൽ നിന്നുമുള്ളവർ.

(2) സ്ഥലം :- ദ്വാരക (മെയ് 8)
എത്തേണ്ട കുട്ടികളുടെ ഇടവകകൾ:- കല്ലോടി, മാനന്തവാടി,

പയ്യമ്പള്ളി, തരിയോട് ഫൊറോനാകളിലെ എല്ലാ ഇടവകകളിൽ നിന്നും നടവയൽ ഫൊറോനായിലെ ചെറുകാട്ടൂർ, ചുണ്ടക്കര, വിളമ്പുകണ്ടം, അരിഞ്ചേർമല, കണിയാമ്പറ്റ, പറളിക്കുന്ന് ഇടവകകളിൽ നിന്നുമുള്ളവർ.

(3) സ്ഥലം :- ബത്തേരി (മെയ് 11)

എത്തേണ്ട കുട്ടികളുടെ ഇടവകകൾ:- ബത്തേരി, നടവയൽ (ദ്വാരകയിൽ എത്തേണ്ടവർ ഒഴികെ), മുള്ളൻകൊല്ലി, കൽപ്പറ്റ ഫൊറോനാകളിലെ എല്ലാ ഇടവകകളിൽനിന്നും ഗൂഡല്ലൂർ റീജിയണിലെ കൽപ്ര, കയ്യൂന്നി, പനംചിറ ഇടവകകളിൽ നിന്നും ഉള്ളവർ.

(4) മണിമൂളി :- മണിമൂളി (മെയ് 13)

എത്തേണ്ട കുട്ടികളുടെ ഇടവകകൾ:- മണിമൂളി, നിലമ്പൂർ ഫൊറോനകളിലെ എല്ലാ ഇടവകകളിൽ നിന്നും ഗൂഡല്ലൂർ റീജിയണിലെ കൽപ്ര, കയ്യൂന്നി, പനംചിറ ഇടവകകൾ ഒഴികെയുള്ള ഇടവകകളിൽ നിന്നുമുള്ളവർ.

**2.** EFFECT ൽ നിന്ന് കഴിഞ്ഞവർഷം സ്കോളർഷിപ്പ് ലഭിച്ചവർ ഈ വർഷം തുടരുന്നവരും പുതിയ അപേക്ഷ അയയ്ക്കണം.

**3.** ഒരിടവകയിൽ നിന്നും EFFECT സ്കോളർഷിപ്പ് 2 കുട്ടികൾക്കു മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

**ഫാ. പോൾ ഇടയക്കൊണ്ടാട്ട്**
സെക്രട്ടറി, വിദ്യാഭ്യാസ സഹായനിധി

**സി. സിൻക്ലെയർ**
കൺവീനർ, EFFECT

# പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

മാനന്തവാടി രൂപതയിലെ പ്രസ്ബിറ്ററൽ കൗൺസിലിന്റെ ഒരു യോഗം 2009 മാർച്ച് 17-ാം തീയതി ബിഷപ്സ് ഹൗസിൽ വച്ച് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. റവ. ഫാ.ജോർജ് തേരകം നയിച്ച പ്രാർത്ഥനയോടെ 10.30 ന് യോഗം ആരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോർജ് മൂലയിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. കേരള സഭ പ്രത്യേക സാഹചര്യത്തിലൂടെയാണ് കടന്നു പോകുന്നതെന്നും സഭയിൽ നിന്നും വിട്ടുപോകുന്നവരെ ഉപയോഗിച്ചുകൊണ്ട് സഭയെ ആക്രമിക്കാനുള്ള ശ്രമങ്ങളെ നാം ജാഗ്രതയോടെയും സൂക്ഷ്മതയോടെയും നിരീക്ഷണപാടവത്തോടെയും മനസ്സിലാക്കണമെന്നും അച്ചൻ ആഹ്വാനം ചെയ്തു. അഭിവന്ദ്യ പിതാവ് തന്റെ ആമുഖപ്രഭാഷണത്തിൽ യോഗത്തിന്റെ അജണ്ട എല്ലാവർക്കുമായി പരിചയപ്പെടുത്തി. ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെ അസുഖത്തെക്കുറിച്ച് പിതാവ് അംഗങ്ങളെ അറിയിച്ചു. കണിയാമ്പറ്റ അടുത്തുള്ള അച്ചന്റെ സ്വന്തം കെട്ടിടത്തിൽ വിശ്രമജീവിതം നയിക്കുവാൻ അച്ചൻ താൽപര്യപ്പെട്ട കാര്യം പിതാവ് യോഗത്തെ അറിയിച്ചു.

തുടർന്ന് രൂപത പ്രൊക്കുറേറ്റർ റവ. ഫാ. ഗർവ്വാസീസ് മറ്റം 2009-2010 വർഷത്തെ രൂപതയുടെ ബഡ്ജറ്റ് അവതരിപ്പിച്ചു. തുടർന്ന് കമ്മ്യൂണിറ്റി റേഡിയോ 'മാറ്റൊലി'യെക്കുറിച്ച് ബഹു. തോമസ് ജോസഫ് തേരകം അച്ചൻ സംസാരിച്ചു. മെയ് മാസം 1-ാം തീയതി സ്വിച്ച് ഓൺ കർമ്മം നടത്തുവാനായി പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നുവെന്നദ്ദേഹം യോഗത്തെ അറിയിച്ചു. ഏകദേശം രണ്ടു ലക്ഷത്തിനാല്പത്തിരണ്ടായിരം ആളുകൾക്ക് പ്രയോജനപ്പെടുമെന്നും അച്ചൻ പറഞ്ഞു. കേരള നിയമപരിഷ്കരണ കമ്മീഷന്റെ ശിപാർശകളെക്കുറിച്ച് മോൺ. ജോർജ് മൂലയിൽ സംസാരിച്ചു. ശിപാർശകളെക്കുറിച്ച് ആഴമേറിയ പഠനവും പ്രതികരണവും പ്രതിഷേധങ്ങളും ഉണ്ടാകണമെന്ന് അച്ചൻ അംഗങ്ങളോട് ആഹ്വാനം ചെയ്തു.

തുടർന്ന് ഇടവക തലത്തിൽ പാരിഷ് കൗൺസിലിന്റെ സബ്കമ്മിറ്റിയായി ജാഗ്രതാസമിതികൾ രൂപവത്ക്കരിക്കുന്നതിനെക്കുറിച്ച് ചിന്തിച്ചു. ജാഗ്രതാസമിതിയുടെ നിയമാവലിയുടെ ഡ്രാഫ്റ്റ് രൂപതാ ചാൻസലർ ഫാ. ജോസഫ് പരുവുമ്മേൽ തയ്യാറാക്കി അവതരിപ്പിച്ചു. അംഗങ്ങൾ ചിലകാര്യങ്ങൾ കൂടി കൂട്ടിച്ചേർക്കണമെന്ന് നിർദ്ദേശിച്ചു.

തുടർന്ന് ഇടവക തിരുനാളിനോടനുബന്ധിച്ച് ഗാനമേളകൾ നട

ത്തുന്നതിന് നിയന്ത്രണം വേണമോയെന്ന ചർച്ചയിൽ ഗാനമേള നിരോധിക്കണമെന്ന് ബഹുഭൂരിപക്ഷം അംഗങ്ങളും ആവശ്യപ്പെട്ടു. ഇടവകയുടെ ഗ്രേഡുകൾ പുതുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ : ഇടവകയുടെ സാമ്പത്തിക അവസ്ഥ, കുടുംബങ്ങളുടെ എണ്ണം, ഇടവകയുടെ പാരമ്പര്യം എന്നിവയാണ്. രൂപതാകച്ചേരിയിൽ നിന്നും പുതുക്കിയ ഗ്രേഡുകൾ അനുസരിച്ചുള്ള ഒരു ലിസ്റ്റ് ഫൊറോന വികാരിയച്ചന്മാർക്ക് എത്തിച്ചുകൊടുക്കുമെന്നും അത് കൂരിയയിൽ നിന്നുള്ള നിർദ്ദേശം മാത്രമാണെന്നും ഫൊറോന മാസധ്യാനത്തിൽ അതത് ഫൊറോനയിൽപ്പെട്ട ഇടവകകളുടെ ഗ്രേഡ് പുതുക്കി നിശ്ചയിച്ച് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്നും രുപതാചാൻസലർ ഫാ. ജോസഫ് പരുവുമ്മേൽ യോഗത്തെ അറിയിച്ചു.

ഗൂഡല്ലൂർ റീജിയൺ ഫൊറോനയായി ഉയർത്തുന്നതിനെക്കുറിച്ച് നടന്ന ചർച്ചയിൽ ഇപ്പോഴത്തേതുപോലെ റീജിയണായി തൽക്കാലം തുടരുന്നതാണ് നല്ലതെന്നും ഗൂഡല്ലൂർ ആസ്പദമാക്കി ഒരു സെന്ററും ഒരു ഇടവകയും സ്ഥാപിച്ചതിനുശേഷം ഫൊറോനയായി ഉയർത്തുന്നതായിരിക്കും നല്ലതെന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു.

മൂലങ്കാവ് കുരിശുപള്ളി സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തുന്നതിനെക്കുറിച്ച് നടന്ന ചർച്ചയിൽ ബഹു. ജോർജ് മമ്പള്ളി അച്ചന്റെ ശുപാർശയുടെ വെളിച്ചത്തിൽ ഒരു സ്വതന്ത്ര കുരിശുപള്ളിയാക്കാമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മൂലങ്കാവ് ഇടവകയിലെ കുടുംബനാഥന്മാർ ഒപ്പിട്ട ഒരു അപേക്ഷ രൂപതാ കച്ചേരിയിൽ സമർപ്പിക്കുവാൻ ആവശ്യപ്പെടണമെന്നും യോഗം തീരുമാനിച്ചു.

ബഹു. മാത്യു പ്ലാത്തോട്ടം അച്ചന്റെ റിട്ടയർമെന്റിനുശേഷം മാനന്തവാടി രൂപതാ വൈദികരുടെ വിശ്രമസ്ഥലമായ ദ്വാരക വിയാനിഭവനിൽ താമസിക്കുവാൻ അനുവാദം ചോദിച്ച കാര്യം അഭിവന്ദ്യ പിതാവ് സൂചിപ്പിച്ചു. വ്യക്തമായ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ അനുവാദം നൽകാമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു.

വൈദിക വിദ്യാർത്ഥികളുടെ പഠനത്തിനുള്ള ഭീമമായ ഒരു തുക കണ്ടുപിടിക്കേണ്ടി വരുമെന്നും എങ്ങനെ ആ തുക സ്വരൂപിക്കാമെന്നുമുള്ള ചർച്ചയിൽ സാമ്പത്തികമായി ഉയർന്ന ഇടവകകൾ ഒരു വൈദിക വിദ്യാർത്ഥിയെ എങ്കിലും പഠിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നും ചെറിയ ഇടവകകൾ സാധിക്കുന്ന ഒരു തുക എല്ലാവർഷവും സംഭാവനയായി നൽകുന്നത് നന്നായിരിക്കുമെന്നും യോഗം അഭിപ്രായപ്പെട്ടു. ഈ കാര്യങ്ങൾ അടുത്ത പൊതുയോഗത്തിൽ അവതരിപ്പിച്ച് പൊതുയോഗാംഗങ്ങളുടെ അഭിപ്രായവും കൂടി കണക്കിലെടുത്ത് തീരുമാനിക്കുന്നത് ഉചിതമായിരിക്കുമെന്ന് യോഗം വിലയിരുത്തി.

വൈദികരുടെ ചികിത്സയ്ക്ക് ഭീമമായ തുക ആവശ്യമായി വരുന്നത് ഇപ്പോൾ സ്വരൂപിക്കുന്ന രീതികൂടാതെ മറ്റേതെങ്കിലും മാർഗ്ഗം കൂടി കണ്ടുപിടിക്കാനാവുമോയെന്ന ചർച്ചയിൽ അംഗങ്ങൾ ആർക്കും യാതൊരു നിർദ്ദേശവും വയ്ക്കാനുണ്ടായില്ല.

ന്യൂമാൻസ് കോളേജിലെ കോഴ്സുകൾ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കോഴ്സുകൾ മാത്രമാക്കി ചുരുക്കുന്നതിനെക്കുറിച്ച് യോഗം ചർച്ച ചെയ്തു. സ്നേഹനിധിയുടെ വിതരണം സംബന്ധിച്ച ചർച്ചയിൽ രൂപതയിൽ നിന്നും ശേഖരിക്കുന്ന സ്നേഹനിധി ഫൊറോനയിലെ ഇടവകകളുടെ ഗ്രേഡ് അനുസരിച്ച് ഫൊറോനാ കേന്ദ്രത്തിലേയ്ക്ക് കൊടുക്കുകയും അവിടെനിന്ന് വിതരണം ചെയ്യുകയും ചെയ്യാമെന്ന് തീരുമാനിച്ചു.

വൈദികരുടെ മാസധ്യാനത്തിന്റെ ചിലവ് അതാത് ഇടവകകൾ വഹിക്കുന്നതിനെക്കുറിച്ച് നടന്ന ചർച്ചയിൽ ഇക്കാര്യം അടുത്ത വൈദിക സമ്മേളനത്തിൽ ചർച്ച ചെയ്ത ശേഷം ഉചിതമായ തീരുമാനം എടുക്കാമെന്ന് തീരുമാനിച്ചു.

നമ്മുടെ രൂപതയിലെ ചില പാവപ്പെട്ട ഇടവകകളിൽ നിന്ന് കളക്ഷൻ എടുക്കുവാൻ സാമ്പത്തികമായി മെച്ചപ്പെട്ട ഇടവകകളിൽ വരുന്നതിനെക്കുറിച്ചുള്ള രൂപതാ പോളിസിയെക്കുറിച്ച് ഒരംഗം ചോദിക്കുകയും സാമ്പത്തികമായി മെച്ചപ്പെട്ട ഇടവകകൾ പാവപ്പെട്ട ഇടവകകളെ സഹായിക്കണമെന്നും എന്നാൽ ബഹു. വികാരിയച്ചന്റെ ഉചിതമായ തീരുമാനത്തിന് അനുസരിച്ച് അതു പ്രാവർത്തികമാക്കുകയായിരിക്കും നല്ലതെന്നും മറ്റൊരംഗം നിർദ്ദേശിച്ചു. എന്നാൽ വർഷത്തിൽ ഇത്തരത്തിലുള്ള കളക്ഷനുകൾ രണ്ടോ മൂന്നോ ആയി ചുരുക്കണമെന്നും നിർദ്ദേശമുണ്ടായി. നിലമ്പൂരിലേയ്ക്കുള്ള എളുപ്പവഴിയായ ചൂരൽമല റോഡ് യാഥാർത്ഥ്യമാക്കാൻ കഴിയുന്നത് ചെയ്യണമെന്ന് ഒരംഗം അഭിപ്രായപ്പെട്ടു.

തുടർന്ന് മാനന്തവാടി രൂപതാ കോഡിനേറ്റർ റവ.ഫാ. ജോർജ് മമ്പള്ളി ദീപിക പത്രം പരമാവധി ആളുകളിലേയ്ക്ക് എത്തിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു. തുടർന്ന് അഭിവന്ദ്യ പിതാവ് സമാപന സന്ദേശത്തിൽ ദൈവം തരുന്ന മുന്നറിയിപ്പുകൾ മനസ്സിലാക്കി നാം ജീവിക്കുവാൻ പരിശ്രമിക്കണമെന്നും നാടിന്റെ വികസനത്തിന് ആവശ്യമായ കാര്യങ്ങൾ നടന്നു കിട്ടുവാൻ നാം നിരന്തരം പരിശ്രമിക്കണമെന്നും ആഹ്വാനം ചെയ്തു. അഭിവന്ദ്യ പിതാവ് തന്നെ ഏവർക്കും നന്ദി പറഞ്ഞതോടെ 1.40 ന് യോഗം അവസാനിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ**
സെക്രട്ടറി, പ്രസ്ബിറ്ററൽ കൗൺസിൽ




# റീജിയണൽ വാർത്തകൾ

## എൻ. ആർ. പുര റീജിയൻ

### സെന്റ് നോർബർട്ട് സ്കൂൾ, കൊപ്പ

ഏറെ നാളത്തെ പ്രതീക്ഷാ നിർഭരമായ കാത്തിരിപ്പിനുശേഷം സെന്റ് നോർബർട്ട് സ്കൂളിന് സി.ബി.എസ്.ഇ. അംഗീകാരം ലഭിച്ചു. നാടിന്റെ അഭിമാനമായ ഈ വിദ്യാലയത്തിന്റെ വളർച്ചയിൽ അംഗീകാരം നാഴികകല്ലുതന്നെ തീർച്ച. പ്രശോഭനമായ ഈ നേട്ടത്തിനു പിന്നിൽ അഹോരാത്രം പ്രയത്നിച്ച ഫാ. സലു ജേക്കബിനും, ഫാ. തോമസ് അറയ്ക്കലിനും, ഫാ. പോൾ വല്ലാട്ടിനും, സ്റ്റാഫംഗങ്ങൾക്കും അഭിനന്ദനങ്ങൾ!!! ഏകാഗ്രമായ അന്തരീക്ഷവും, വിശാലമായ ക്ലാസ് റൂമുകളും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ലൈബ്രറിയും, കമ്പ്യൂട്ടർ ലാബും, സയൻസ് ലാബും, അനുഭവ സമ്പന്നരായ അദ്ധ്യാപകരും ഈ സ്ഥാപനത്തെ കൂടുതൽ മനോഹരമാക്കുന്നു. "Be Ready for every good work" എന്ന ആപ്തവാക്യവുമായി മുന്നേറുന്ന സെന്റ് നോർബർട്ട് സ്കൂളിന് എല്ലാവിധ വിജയാശംസകളും.

For Admission Contact : 08265 - 223375, 223475

Hostal facilities available for both boys and girls

### തിരുനാളുകൾ

ശക്തമായ വിശ്വാസ പ്രഘോഷണത്തിന്റെ വലിയ അവസരങ്ങളായിരുന്നു റീജിയണിലെ എല്ലാ ഇടവകകളിലും നടത്തപ്പെട്ട ഇടവക തിരുനാളുകൾ. ക്രൈസ്തവ കൂട്ടായ്മയുടെയും, സഹകരണത്തിന്റെയും സാക്ഷ്യമായി ഈ തിരുനാളുകളെല്ലാം പ്രഘോഷിക്കപ്പെട്ടു എന്നത് വളരെയേറെ അഭിമാനകരമായ വസ്തുത തന്നെ.

**യാത്രാമംഗളങ്ങൾ**

അനേക വർഷങ്ങൾ എൻ.ആർ. പുര റീജിയണിലെ വിവിധ ഇടവകകളിൽ സേവനം ചെയ്ത്, സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ അമരത്തിരുന്ന് നാടിന്റെ അഭിവൃദ്ധിക്കായി യത്നിച്ച ബഹുമാനപ്പെട്ട സലു അച്ചന് റീജിയണൽ കുടുംബത്തിന്റെ നന്ദിയും, കടപ്പാടും... പുതിയ സേവന രംഗങ്ങളിൽ നന്മവരട്ടെ എന്നാശംസിക്കുന്നു...

SWS ന്റെ പുതിയ ഡയറക്ടർ ഫാ. മനോജിന് പുതിയ സേവന പാതയിൽ ക്രിസ്തു സാക്ഷിയാകാൻ എല്ലാവിധ പ്രാർത്ഥനാശംസകളും ഒപ്പം അഭിനന്ദനങ്ങളും...

സേവന സന്നദ്ധരായി റീജിയണിലേയ്ക്ക് കടന്നുവന്നിരിക്കുന്ന ഷെട്ടിക്കൊപ്പ വികാരി ഫാ. ജിന്റോ മുണ്ടയ്ക്കലിനും, എൻ.ആർ.പുര അസിസ്റ്റന്റ് വികാരി ഫാ. ഷിന്റോയ്ക്കും റീജിയണൽ കുടുംബത്തിലേയ്ക്ക് സ്വാഗതം.

**സി. സ്മിത നാൽപ്പാടൻ SABS**
റീജിയണൽ സെക്രട്ടറി



## മതബോധനരംഗം

**അദ്ധ്യാപക പരിശീലനം**

XII -ാം ക്ലാസ്സിലെ പാഠപുസ്തകം ഈ വർഷം മാറുകയാണ്. പാഠപുസ്തക പരിശീലനം മുൻ വർഷങ്ങളിലേതുപോലെ ഈ വർഷവും ക്രമീകരിക്കുകയാണ്. XII -ാം ക്ലാസ്സിലെ അധ്യാപകർക്കുള്ള പരിശീലനത്തിന്റെ തീയതി പിന്നീട് അറിയിക്കുന്നതാണ്. I -ാം ക്ലാസ്സു മുതൽ XI -ാം ക്ലാസ്സു വരെയുള്ള അധ്യാപകർക്ക് (പുതുതായി അധ്യാപനരംഗത്തേയ്ക്ക് വരുന്നവരും, പഠിപ്പിക്കുന്ന ക്ലാസ്സിലെ കോഴ്സിൽ പങ്കെടുക്കാത്തവരുമായ അധ്യാപകർക്ക്) താഴെപ്പറയുന്ന തീയതികളിൽ കോഴ്സ് നടത്തുന്നു. ഈ കോഴ്സിൽ അധ്യാപകർ പങ്കെടുക്കുവാനുള്ള ക്രമീകരണം ചെയ്യുമല്ലോ.

പങ്കെടുക്കേണ്ട അധ്യാപകർ മുൻകൂട്ടി അവരുടെ പേരുവിവരം രൂപതാ ഓഫീസിൽ അറിയിക്കണം.

| തീയതി | സ്ഥലം | ക്ലാസ് |
|---|---|---|
| മെയ് 2, 3 | പാസ്റ്ററൽ സെൻറർ ദ്വാരക | IV, V, VI |
| മെയ് 13, 14 | പാസ്റ്ററൽ സെൻറർ ദ്വാരക | VII, VIII, IX |
| മെയ് 21, 22 | പാസ്റ്ററൽ സെൻറർ ദ്വാരക | X, XI |

എല്ലാ കോഴ്സുകളും ആദ്യദിവസം രാവിലെ 9.30 ന് ആരംഭിച്ച് അടുത്തദിവസം വൈകുന്നേരം 4.00 ന് അവസാനിക്കും.

**പരീക്ഷകൾ, വിശ്വാസോത്സവം**

കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിലൂടെ അറിയിച്ചതുപോലെ വിശ്വാസോത്സവവും, പരീക്ഷകളും ഫലപ്രദമായി ക്രമീകരിച്ച് നടത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ.

**മൂല്യനിർണ്ണയക്യാമ്പ്**

HCC, Plus One, Plus Two പരീക്ഷയുടെ മൂല്യനിർണ്ണയക്യാമ്പ്

യൂണിവേഴ്സിറ്റി പ്രതിനിധിയുടെ മേൽനോട്ടത്തിൽ നിർവ്വഹിച്ചു. ക്യാമ്പിൽ സംബന്ധിച്ച് സഹായിച്ച എല്ലാ അദ്ധ്യാപരേയും ഏറെ നന്ദിയോടെ സ്മരിക്കുന്നു.

**ആദ്യകുർബാന പരിശീലകരുടെ പരിശീലനം**

ഫെബ്രുവരി 27, 28 ദിവസങ്ങളിൽ നടത്തിയ പരിശീലനത്തിൽ 107 പേർ പങ്കെടുത്തു. ക്യാമ്പിൽ സംബന്ധിച്ച എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

**"ഈശോയെ വാ..."**

ആദ്യകുർബാന സ്വീകരണത്തിന് കുട്ടികൾക്കും അദ്ധ്യാപകർക്കും ഒരുപോലെ ഉപയോഗിക്കുവാനുള്ള പുസ്തകമാണ് "ഈശോയെ വാ..., വളരെ ക്രമീകൃതമായും ചിട്ടയായും, തയ്യാറാക്കി, കുഞ്ഞുങ്ങളെ ഈശോയെ സ്വീകരിക്കുവാൻ പ്രാപ്തരാക്കുവാൻ സഹായിക്കുന്ന ഗ്രന്ഥമാണിത്. ആദ്യകുർബാന സ്വീകരണത്തിന് ഈ പുസ്തകം ഉപയോഗിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. പുസ്തകം ബുക്ക് സ്റ്റാളിൽ ലഭ്യമാണ്.

**Plus One, Plus Two റിസൾട്ട്**

വിശ്വാസോത്സവത്തിന്റെ ഇന്റേണൽ മാർക്ക് കൂടി ലഭിച്ചതിന് ശേഷമെ XI, XII, ക്ലാസുകളിലെ റിസൾട്ട് പ്രസിദ്ധീകരിക്കുകയുള്ളൂ.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷനറിമാരെ,

സുഭാഷിതങ്ങളുടെ പുസ്തകം 24-ാം അദ്ധ്യായം 30 മുതലുള്ള തിരുവചനങ്ങളിൽ നാം ഇപ്രകാരം വായിക്കുന്നു. " ഞാൻ അലസന്റെ വയലും ബുദ്ധിശൂന്യന്റെ മുന്തിരിത്തോപ്പും കടന്നു പോയി. അവിടെയെല്ലാം മുള്ളുകൾ നിറഞ്ഞിരുന്നു. നിലമാകെ കളകൾകൊണ്ട് മൂടിയിരുന്നു. അതിന്റെ കൽഭിത്തി ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്നു". നീണ്ട 10 മാസങ്ങളിലെ കഠിനാദ്ധ്വാനം നിറഞ്ഞ പഠനത്തിനും, പരിശീലനങ്ങൾക്കും ശേഷം വീണ്ടുമൊരു അവധിക്കാലം വന്നിരിക്കുകയാണല്ലോ. അവധിക്കാലം പൂർണ്ണമായും വിശ്രമത്തിന് എന്ന് ചിന്തിക്കരുത്; പ്രത്യേകിച്ച് മിഷൻലീഗ് അംഗങ്ങൾ. കാരണം മിഷൻ പ്രവർത്തനത്തിന് അവധിയില്ല എന്നത് തന്നെ.

ക്രിസ്തീയ ജീവിതം എപ്പോഴും കർമ്മനിരതമായ ഒരു ജീവിത ശൈലിയാണ്. അതിന് അവധിയില്ല. വയലുകളും, കൃഷിയിടങ്ങളുമൊക്കെ നാം എപ്പോഴും ശ്രദ്ധിക്കുന്നതുപോലെയാണ് നമ്മുടെ ജീവിതവും. ഒരു കൃഷിയിറക്കിയിട്ട് പിന്നീട് അതിലേയ്ക്ക് യാതൊന്നും ശ്രദ്ധിക്കാതെ അവസാനം വിളവെടുപ്പിനു ചെന്നാൽ യാതൊന്നും ലഭിക്കുകയില്ല. അങ്ങനെ ചെന്നാൽ അവിടമാകെ കളകളും, മുള്ളുകളും നിറഞ്ഞ് നശിച്ചുപോകും. എന്നാൽ കൃഷിയിറക്കിയാൽ യഥാസമയം അതിന് വളമിടുകയും, വെള്ളമൊഴിക്കുകയും ചുവടിളക്കി കൊടുക്കുകയും മറ്റും വേണം. അപ്പോൾ അത് നല്ല ഫലം പുറപ്പെടുവിക്കുകയും ചെയ്യും. 'കയ്യും കെട്ടിയിരുന്നാൽ ദാരിദ്ര്യം കവർച്ചക്കാരനെപ്പോലെ നിന്നെ സമീപിക്കുമെന്ന്' (സുഭാ. 24: 34) വചനം പഠിപ്പിക്കുന്നു.

അതുകൊണ്ട് പ്രിയ മിഷൻലീഗ് പ്രവർത്തകരെ, ഭാരവാഹികളെ, ഈ അവധിക്കാലത്ത് നമുക്ക് കർമ്മനിരതരാകാം. ഭവനസന്ദർശനങ്ങൾ, രോഗീസന്ദർശനങ്ങൾ, ഫണ്ട് സ്വരൂപണം, ഭവനനിർമ്മാണം,

ജയിൽ സന്ദർശനം, ക്യാമ്പുകൾ, സെമിനാറുകൾ തുടങ്ങിയവയൊക്കെ ശാഖകളിൽ സംഘടിപ്പിച്ച് നമുക്ക് കർമ്മോത്സുകരാകാം. 'ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്' എന്ന യേശു വചനം നമുക്ക് വഴികാട്ടിയായിരിക്കട്ടെ.

സ്നേഹപൂർവ്വം,

**ടോമിയച്ചൻ**

## തിരുശേഷിപ്പ് പ്രയാണത്തിന് ഭക്തിനിർഭരവും പ്രൗഢഗംഭീരവുമായ സമാപനം

146 ദിനങ്ങളിലായി 145 ദേവാലയങ്ങളിലൂടെ കടന്നുപോയ വി. അൽഫോൻസാമ്മയുടെ തിരുശേഷിപ്പ് പ്രയാണം 2009 മാർച്ച് 3-ന് ദ്വാരക വി. അൽഫോൻസാ പള്ളിയിൽ സമാപിച്ചു. സമാപനത്തോടനുബന്ധിച്ച് നടന്ന ദിവ്യബലിക്കും തിരിശേഷിപ്പ് പ്രതിഷ്ഠക്കും മാനന്തവാടി രൂപതയുടെ അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം കാർമ്മികത്വം വഹിച്ചു. മിഷൻലീഗ് രൂപതാ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ ദ്വാരക വികാരി റവ. ഫാ. ജോയി തുരുത്തേൽ എന്നിവരുടെ നേതൃത്വത്തിൽ ചുള്ളിയാന ഇടവകയിൽ നിന്നും നിരവധി വാഹനങ്ങളുടെയും വാദ്യഘോഷങ്ങളുടെയും അകമ്പടിയോടെ ചെറുപുഷ്പമിഷൻലീഗ് പ്രവർത്തകരും ദ്വാരക, ചുള്ളിയാന ഇടവകജനവും ഒന്നുചേർന്ന് തിരുശേഷിപ്പ് ദ്വാരക വി. അൽഫോൻസാ ദേവാലയത്തിൽ എത്തിച്ചു. ദിവ്യബലിക്കുശേഷം ദ്വാരക ഇടവകയുടെ നേതൃത്വത്തിൽ നേർച്ചഭക്ഷണം വിതരണം ചെയ്യുകയുണ്ടായി. രൂപതാ സെക്രട്ടറി ശ്രീ. സജി തറപ്പുതൊട്ടിയിൽ ചടങ്ങിൽ ഏവർക്കും നന്ദി നേർന്നു.

## പ്രഥമത്തിൽ ആരംഭിച്ച് പ്രമുഖത്തിൽ അവസാനിക്കുമ്പോൾ ഹൃദയപൂർവ്വം നന്ദി

2008 ഒക്ടോബർ 12-ന് അൽഫോൻസാമ്മ വിശുദ്ധയായ പ്രഖ്യാപിക്കപ്പെട്ട മുഹൂർത്തത്തിൽ രൂപത വികാരി ജനറാൾ മോൺ. ജോർജ് മൂലയിൽ ഉദ്ഘാടനം ചെയ്ത തിരുശേഷിപ്പ് പ്രയാണത്തിന് 146 ദിനങ്ങളിലായി നടന്ന യാത്രയയപ്പുകളും വരവേൽപ്പുകളും, കാത്തിരിപ്പിനും സമാപനമായി. പ്രയാണത്തിന്റെ വഴിത്താരകളെ ഭക്തിനിർഭരവും ആവേശകരവുമാക്കിയ നിരവധി വ്യക്തിത്വങ്ങൾ ഉണ്ട്. ഇടവകയിൽ ഭക്തിനിർഭരവും ആവേശകരവുമായ സ്വീകരണങ്ങൾ ഒരുക്കിയ വൈദികർ, സംഘടനാ ഭാരവാഹികൾ, പള്ളികമ്മിറ്റി അംഗങ്ങൾ ഇവരെല്ലാം പ്രയാണവീ

ഥികൾ ഓജസും തേജസും ഉള്ളതാക്കാൻ യത്നിച്ചു. മാനന്തവാടി രൂപതയിലെ പ്രഥമ അൽഫോൻസാ തീർത്ഥാടന കേന്ദ്രമായ പടമല ദേവാലയത്തിൽ നിന്ന് ആരംഭിച്ചപ്പോൾ വേണ്ട ക്രമീകരണങ്ങൾ നടത്തിയ പടമല ഇടവകക്കാർ, സമാപനം പ്രൗഢഗംഭീരമാക്കിയ അൽഫോൻസാമ്മയുടെ പ്രമുഖ തീർത്ഥാടനകേന്ദ്രമായ ദ്വാരക ഇടവകക്കാർ, 145 ദേവാലയങ്ങളിലായി വിജയത്തിനായി യത്നിച്ചവർ, ഇതരസംഘടനാ പ്രവർത്തകർ, നേതൃത്വം നൽകിയ ചെറുപുഷ്പമിഷൻലീഗ് പ്രവർത്തകർ എല്ലാവർക്കും ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ ഹൃദ്യമായി നന്ദിഅറിയിക്കുന്നു. ജീവിതവഴിത്താരകളിൽ അൽഫോൻസാമ്മയുടെ അനുഗ്രഹം നമുക്ക് വെളിച്ചവും തെളിച്ചവും ആകട്ടെ.

**'തിബേരിയാസിൽ' അണിചേരുക**

മാനന്തവാടി രൂപതയിലെ 4 റീജിയൺ കേന്ദ്രങ്ങളിലായി നടക്കുന്ന 'തിബേരിയാസ്' റീജിയണൽ ക്യാമ്പിൽ ഓരോ ശാഖയിൽ നിന്നും 5 പേർ പങ്കെടുക്കേണ്ടതാണ്. പങ്കെടുക്കുന്നവരുടെ രജിസ്ട്രേഷൻ അതാത് മേഖലാ ഭാരവാഹികളുമായി ബന്ധപ്പെട്ട് ചെയ്യേണ്ടതാണ്. 14 വയസിനുമുകളിലുള്ളവരെ പങ്കെടുപ്പിക്കുവാൻ ശാഖാ ഭാരവാഹികൾ ശ്രദ്ധിക്കേണ്ടതാണ്.

**മാനന്തവാടി റീജിയൺ ക്യാമ്പ് - ഏപ്രിൽ 26, 27, 28**

'തിബേരിയാസ് ' മാനന്തവാടി റീജിയൺ ക്യാമ്പ് മുൻപ് നിശ്ചയിച്ചതിൽ നിന്ന് വ്യത്യസ്തമായി ഏപ്രിൽ 26, 27, 28 തീയതികളിലായി കൊട്ടിയൂർ ശാഖയിൽ നടക്കും. പങ്കെടുക്കേണ്ട മേഖലകൾ : കൊട്ടിയൂർ, മാനന്തവാടി, പയ്യംമ്പള്ളി

**കല്ലോടി റീജിയൺ ക്യാമ്പ് പുതുശ്ശേരിക്കടവിൽ**

കല്ലോടി റീജിയൺ ക്യാമ്പ് പുതുശ്ശേരിക്കടവിൽ വെച്ച് ഏപ്രിൽ 21, 22, 23 തീയതികളിൽ നടക്കും.

**അന്തർദേശീയ നേതൃത്വനിരയിൽ മാനന്തവാടി രൂപതയുടെ തിളക്കം**

ചെറുപുഷ്പ മിഷൻലീഗ് അന്തർദേശീയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിൽ മാനന്തവാടി രൂപതയിൽ നിന്നുള്ള റവ.ഫാ.ബെന്നി മുതിരക്കാലായിൽ അന്തർദേശീയ വൈസ്ഡയറക്ടർ, ശ്രീ. തോമസ് ഏറനാട്ട് അനന്തർദേശീയ പ്രസിഡണ്ടായും തെരഞ്ഞെടുക്കപ്പെട്ടതിൽ ചെറുപുഷ്പമിഷൻലീഗ് മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ..ആശം

സകൾ. കർമ്മവീഥിയിൽ എല്ലാ വിധ വിജയങ്ങളും നേരുന്നു.

**തിബേരിയാസ് രൂപതാ ക്യാമ്പ്**

തിബേരിയാസ് റീജിയണൽ ക്യാമ്പിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവർക്കായുള്ള തിബേരിയാസ് രൂപതാ ക്യാമ്പ് മെയ് 5, 6, 7, 8 തീയതികളിലായി ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കും.

**കർമ്മവീഥിയിൽ നാഥനൊപ്പം മൂന്ന്ദിനം**

ചെറുപുഷ്പ മിഷൻലീഗ് രൂപതാ മാനേജിംഗ് കമ്മിറ്റിക്കും ടീം അംഗങ്ങൾക്കുമായുള്ള ത്രിദിന ധ്യാനം ഏപ്രിൽ 5 ന് 4 മണി മുതൽ 7-ന് വൈകുന്നേരം 4 pm വരെ ബോയ്സ് ടൗണിൽ വെച്ച് നടക്കും.

**ശാഖാവാർത്തകൾ**

*ഞാറപ്പാടം :-* വാർഷികം നടത്തി. ഫണ്ട് ശേഖരണാർത്ഥം തിരുനാളിന് സ്റ്റാൾ നടത്തി.

*കോട്ടത്തറ :-* ഗവ. ആശുപത്രിയിൽ അരിവിതരണം നടത്തി. രോഗിസന്ദർശനം നടത്തി.

*തൃശിലേരി :-* വചനാധിഷ്ഠിത ജീവിതത്തെക്കുറിച്ചുള്ള ക്ലാസുകൾ നടത്തി.

*പനവല്ലി :-* തിരുബാലസംഖ്യദിനം ആചരിച്ചു. ഫണ്ട് ശേഖരാണാർത്ഥം വാഴ കൃഷിച്ചെയ്യുന്നു.

*ഒലിവുമല :-* പാവപ്പെട്ടകുടുംബങ്ങൾക്ക് അരിവിതരണം നടത്തി. രോഗിസന്ദർശനം നടത്തി.

*ചാരിറ്റി :-* തിരുബാലസംഖ്യ ദിനം ആചരിച്ചു. രോഗീസന്ദർശനം നടത്തി.

*പോരൂർ :-* തിരുബാലസംഖ്യ ദിനം ആചരിച്ചു.

*പ്രശാന്തഗിരി :-* ജാഗരണ പ്രാർത്ഥന നടത്തി.

*കുറ്റിമൂല :-* വിവാഹസഹായം നൽകി.തിരുബാലസംഖ്യ ദിനം ആചരിച്ചു.

*മക്കിയാട് :-* ഭവനനിർമ്മാണത്തിനു സഹായിച്ചു.

*പുതുശ്ശേരി :-* തിരുബാലസംഖ്യ ദിനം ആചരിച്ചു. മഞ്ഞൂറ സ്നേഹഭവൻ സന്ദർശിച്ച് ഭക്ഷണസാധനങ്ങൾ നൽകി.

*കുന്നലാടി :-* സിമിത്തേരി സന്ദർശനം നടത്തി.

*വെള്ളമുണ്ട :-* തിരുബാലസംഖ്യ ദിനം ആചരിച്ചു. സിമിത്തേരി സന്ദർശനം നടത്തി.

*പുതിയിടംകുന്ന് :-* രോഗീസന്ദർശനം നടത്തി.

*വാകേരി :-* കുട്ടികൾക്ക് ധ്യാനം നടത്തി. തിരുബാലസംഖ്യദിനം ആചരിച്ചു.

*തോണിച്ചാൽ :-* ജാഗരണ പ്രാർത്ഥന നടത്തി. തിരുബാലസംഖ്യ ദിനം ആചരിച്ചു.

*വിളമ്പുകണ്ടം:-* തിരുബാലസംഖ്യത്തിലെ കുട്ടികൾക്ക് മത്സരം നടത്തി സമ്മാനങ്ങൾ വിതരണം ചെയ്തു. രോഗീസന്ദർശനം നടത്തി.

*ജൂഡ്സ് മൗണ്ട് :-* Birthday wish ചെയ്തു.

*മുതിരേരി :-* രോഗീസന്ദർശനം നടത്തി.

**മേഖലാ വാർത്തകൾ**

കൊട്ടിയൂർ - അൾത്താരസംഘത്തിലെ കുട്ടികൾക്ക് ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ ക്ലാസിന് നേതൃത്വം നൽകി.

**സെമിനാറുകൾ, ക്യാമ്പുകൾ**

*ആടിക്കൊല്ലി :-* ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ ദിവ്യബലി അർപ്പിക്കുകയും സംഘടനയെക്കുറിച്ച് കുട്ടികൾക്ക് ക്ലാസ്സെടുക്കുകയും ചെയ്തു.

*ചിത്രഗിരി :-* സജി വേങ്ങതടത്തിൽ സെമിനാറിന് നേതൃത്വം നൽകി.

*മുതിരേരി :-* ശ്രീ. തോമസ് കല്ലറയ്ക്കൽ, ശ്രീ. ജോൺസൺ വടക്കേക്കര ക്യാമ്പിന് നേതൃത്വം നൽകി.

*തോണിച്ചാൽ :-* സി. അർച്ചന CMC തിരുബാലസംഖ്യം കുട്ടികൾക്ക് സെമിനാർ നടത്തി.

*ടൗൺ ചർച്ച് :-* റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ വി. ബലി അർപ്പിക്കുകയും സംഘടനയെക്കുറിച്ച് ക്ലാസ് നൽകുകയും ചെയ്തു.

**സംസ്ഥാന പ്രവർത്തക അംഗത്വഫീസ് 1 രൂപ തന്ന ശാഖകൾ**

സീതാമൗണ്ട്, കൽപ്ര, തോണിച്ചാൽ, തവിഞ്ഞാൽ, ഇടിവണ്ണ, ശാന്തിഗിരി, നരിവാലമുണ്ട, മച്ചിക്കൊല്ലി, കേളകം, കോട്ടത്തറ, വെള്ളൂന്നി, ചിത്രഗിരി, വാകേരി, മക്കിയാട്, പോരൂർ, ആടിക്കൊല്ലി, കുന്നലാടി, ബെക്കി, അരുൾനിലയം.

**ഒറീസ സഹായനിധി തന്നശാഖകൾ**

സീതാമൗണ്ട്, കൽപ്ര, തവിഞ്ഞാൽ, ശാന്തിഗിരി, നരിവാലമുണ്ട, നെല്ലിയോടി, കോട്ടത്തറ, ചിത്രഗിരി, മക്കിയാട്, പോരൂർ, തരിയോട്, വിളമ്പുകണ്ടം, കുന്നലാടി, ബെക്കി, അരുൾനിലയം.

**മിഷൻ ഞായർ വിഹിതം തന്നശാഖകൾ**

സീതാമൗണ്ട് 200, തരിയോട് - 300, ശാന്തിഗിരി - 150, കരിമാനി - 150, മച്ചിക്കൊല്ലി - 100, കേളകം - 250, കോട്ടത്തറ - 200, വെള്ളൂന്നി -

300, മക്കിയാട് – 100, ആടിക്കൊല്ലി – 500, കുന്നലാടി – 200, ബെക്കി – 150, അരുൾനിലയം – 250.

## ഏപ്രിലിന്റെ ചിന്തകളും പ്രവർത്തനങ്ങളും

| | | |
|---|---|---|
| 1 – 3 | : | വിശ്വാസോത്സവം |
| 3 വെള്ളി | : | ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ചരമദിനം |
| 05 ഞായർ | : | ഓശാന ഞായർ |
| 06 തിങ്കൾ | : | മാർ എമ്മാനുവേൽ പോത്തനാമുഴി പിതാവിന്റെ ചരമ ദിനം |
| 12 ഞായർ | : | ഈസ്റ്റർ |
| 18 –20 | : | ബത്തേരി റീജിയണൽ ക്യാമ്പ്, സ്ഥലം : കല്പറ്റ ഡി പോൾ |
| 21– 23 | : | കല്ലോടി റീജിയണൽ ക്യാമ്പ്, സ്ഥലം : പുതുശ്ശേരിക്ക ടവ് |
| 26– 28 | : | മാനന്തവാടി റീജിയൺ ക്യാമ്പ് , സ്ഥലം : കൊട്ടിയൂർ |
| 28 – 30 | : | മണിമൂളി റീജിയൺ ക്യാമ്പ്, സ്ഥലം : മണിമൂളി പാസ്റ്റ റൽ സെന്റർ |

ചിന്താവിഷയം : “ദൈവവചനം നവീകരിക്കുന്ന അഗ്നി”

പ്രാർത്ഥനാ നിയോഗം : ലഹരി വിമുക്ത സമൂഹത്തിനുവേണ്ടി

സുകൃതജപം : ഉത്ഥിതനായ കർത്താവേ നിത്യാനന്ദം നൽകണമെ.

പ്രിയ മിഷൻപ്രവർത്തകർ ഏവർക്കും ഈസ്റ്ററിന്റെ മംഗളങ്ങൾ ഹൃദയപൂർവ്വം നേരുന്നു.

പ്രേഷിതാശംസകളോടെ,

**സജി തറപ്പുതൊട്ടിയിൽ**
രൂപതാസെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജന സുഹൃത്തുക്കളേ,

ഏപ്രിൽ...പുണ്യസമൃദ്ധിയുടെ കാൽവരിയിൽ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും വെൺനിലാവ് വിരിയുന്ന ഓർമ്മകളുടെ തീരത്ത് ഹൃദയത്തിലൊരായിരം സുകൃതങ്ങളുടെ നിറവുമായി യുവജനങ്ങളെ നമുക്ക് കരങ്ങൾ കോർക്കാം– ആ കുരിശിന്റെ ചുവട്ടിൽ.. ഓർമ്മകളുടെ ഓളങ്ങളിൽ അലയടിക്കുന്ന ഒരു തിരമാത്രമാവാതെ ഈ പുണ്യസ്മരണകൾ...ജീവിതവിഫലതകൾക്കിടയിൽ ഒരു നെരിപ്പോട്പോലെ ഹൃദയത്തിൽ സൂക്ഷിക്കുവാൻ ഈ കുരിശിലെ സ്നേഹത്തിന്റെ താഴ്വരയിൽ ചിന്തകൾ സമർപ്പിച്ച് നമുക്ക് ഇത്തിരിനേരം കരങ്ങൾ കൂപ്പാം..

ഒപ്പം സമൂഹത്തിന്റെ ഓരം ചേർന്ന് മുന്നേറുന്ന പ്രസ്ഥാനത്തിന് കാലത്തിന്റെ സ്വരം മനസിലാക്കി പ്രതികരിക്കേണ്ടിയിരിക്കുന്നു.. നിയമപരിഷ്ക്കരണ ബില്ലിലൂടെ കടന്നുവരുന്ന അരാജകത്വത്തിന്റെ നിഴലിൽ ധാർമ്മികതയുടെ, മാനുഷികമൂല്യങ്ങളുടെ, ജീവന്റെ മഹത്വത്തിന്റെ വാഹകരായി യുവത്വം ഉണർന്നെഴുന്നേൽക്കണം. പാഠപുസ്തകങ്ങളിലൂടെ, ചോദ്യപേപ്പറിലൂടെ ബോധപൂർവ്വം നിരീശ്വരവാദ ആശയങ്ങൾ പ്രചരിപ്പിച്ച് സമൂഹത്തിന്റെ മന:സാക്ഷിയുടെ നേരെ ഒളിയമ്പുകൾ എയ്യുന്നു. അവസാനമായി സി.ഡി വിവാദത്തിലൂടെ കത്തോലിക്കാസഭയേയും, അധികാരികളെയും അധിക്ഷേപിക്കുവാൻ സമൂഹത്തിന്റെ മുന്നിൽ പരിഹാസ്യ പാത്രങ്ങളാക്കി സഭയുടെ നെഞ്ചിൽ കഠാരയിറക്കുന്ന വ്യക്തിത്വങ്ങളെ തിരിച്ചറിഞ്ഞ് അവരുടെ കുതന്ത്രങ്ങളെ 'അബദ്ധങ്ങളായി കാണാതെ' ഇത്തരം രാഷ്ട്രീയ ഗൂഡാലോചനയ്ക്കെതിരെ - ധാർമ്മികതയുടെ മനുഷ്യത്വമുള്ള, നീതിബോധമുള്ള, ദൈവവിചാരമുള്ള യുവജനങ്ങൾ ബാലറ്റ് പേപ്പറിലൂടെ മറുപടി നൽകണം. ഓരോരുത്തരും അവരവരുടെ വോട്ടവകാശം ബോധപൂർവ്വം, വിവേച

നാപൂർവ്വം, ഉപയോഗിച്ച് – സഭയ്ക്കെതിരെ ആഞ്ഞടിക്കുന്ന തിന്മയുടെ ശക്തികളെ തൂത്തെറിയാൻ – മൂല്യബോധമുള്ള സംസ്കാരസമ്പന്ന മായ, ഇന്ത്യൻ ഭരണഘടനയെ അംഗീകരിച്ച് സുസ്ഥിരവികസനത്തിനും ഊന്നൽകൊടുക്കുന്ന ഒരു ഭരണ സംവിധാനം നിലവിൽ വരാൻ നാം പരിശ്രമിക്കണം. ഇവിടെ വിലയേറിയ, ഭാവിയെ രൂപപ്പെടുത്തുന്ന വോട്ടു കൾ പാഴാക്കരുത്. കെ. സി. വൈ. എം എന്ന യുവജന പ്രസ്ഥാന ത്തിന്റെ നേതൃത്വത്തിൽ ജനങ്ങളുടെ ആവശ്യവും അവകാശങ്ങളും അടങ്ങുന്ന ഒരു ജനക്ഷേമപ്രകടനപത്രിക സമൂഹമന:സാക്ഷിയുടെ, അധികാര വർഗ്ഗത്തിന്റെ മുമ്പിൽ ഞങ്ങൾ തുറന്നു വയ്ക്കുന്നു. അടി സ്ഥാന ജനവിഭാഗങ്ങളുടെ എല്ലാ അവകാശങ്ങളും എല്ലാവരുടേയും അടിസ്ഥാന അവകാശങ്ങളും ഉറപ്പുവരുത്തുവാൻ സന്നദ്ധമായ, ഇന്ത്യൻ ഭരണഘടനയുടെ മൂല്യസമ്പത്ത് തിരിച്ചറിവ് എല്ലാ പൗരാവകാശങ്ങളും, വ്യക്തികൾക്കും, സമൂഹത്തിനും ലഭിക്കുന്ന ഒരു ഭരണ സംവിധാനം, മതത്തിന്റെ, വർഗ്ഗത്തിന്റെ, ദേശത്തിന്റെ, ഭാഷയുടെ, ജാതിയുടെ, വർഗ്ഗീ യതയുടെ... പേരിൽ വിഭജിതമാകാത്ത ഒരു ഭാരതം.. ഒരു ജനാധിപ ത്യത്തിന്റെ ശ്രീകോവിലിൽ സ്വാതന്ത്ര്യം അതിന്റെ പൂർണ്ണതയിൽ അനുഭവിച്ച് സംസ്കാരസമ്പന്നമായ – നാനാത്വത്തിൽ ഏകത്വം കണ്ടെത്തുന്ന – വിശ്വസാഹോദര്യത്തിന്റെയും സഹവർത്തിത്വത്തി ന്റെയും സമഗ്രവികസനത്തിന്റെയും തേരിലേറുന്ന ഇന്ത്യ. ഇതാണ് കെ.സി.വൈ. എമ്മിന്റെ സ്വപ്നം. ഈ സ്വപ്നം സഫലീകരിക്കാൻ യുവ തയുടെ ശക്തിയും കരുത്തും – ചിന്തകളും സമൂഹത്തിനായി സമർപ്പി ക്കാം. അതുവഴി ഒരു പുതുതലമുറയുടെ ചാലകശക്തിയാവാൻ നമുക്ക് കഴിയട്ടെ.

സ്നേഹപൂർവ്വം,

**സണ്ണിയച്ചൻ**

**സഹചലനം**

2009 ശാക്തീകരണവർഷത്തിൽ സംഘടനയെ കൂടുതൽ ഊർജ സ്വലമാക്കാൻ രൂപതാ ഡയറക്ടർ ബത്തേരി മേഖലയിലെ എല്ലാ യൂണി റ്റുകളും സന്ദർശിച്ച് ഡയറക്ടർമാരെയും ആനിമേറ്റർമാരെയും വ്യക്തി പരമായി കണ്ട് സംഘടനാ ശാക്തീകരണത്തിനായി പ്രോത്സാഹന ങ്ങളും നിർദ്ദേശങ്ങളും നൽകി. രൂപതാസമിതി രൂപതയിലെ മുഴുവൻ യുണിറ്റുകളും മേഖലകളും സന്ദർശിച്ച് പ്രോത്സാഹനങ്ങളും നിർദ്ദേശ ങ്ങളും നൽകുന്ന പരിപാടിയായ സഹചലനത്തിന്റെ രൂപതാതല ഉദ്ഘാ ടനം മാർച്ച് 1–ന് ബത്തേരി അസംപ്ഷൻ ദേവാലയത്തിൽ വച്ച് നടന്നു.

ബത്തേരി ഫൊറോന വികാരി വെരി. റവ. ഫാ. ജോർജ് മമ്പള്ളിൽ ഉദ്ഘാടനം ചെയ്തു. മേഖല പ്രസിഡണ്ട് ശ്രീ. ഷൈജു പച്ചിക്കൽ അദ്ധ്യക്ഷനായിരുന്നു. രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം, പ്രസിഡണ്ട് ശ്രീ. അനീഷ് ഓമക്കര, മേഖലാ ഡയറക്ടർ റവ. ഫാ. ജോജോ ഔസേപ്പറമ്പിൽ, സി. മോളി ജോസഫ്, ലിജി കളരിക്കൽ, സജിൻ ചാലിൽ, സി. അനിലിറ്റ്, ജെസോയി മൂങ്ങനാനിയിൽ, ബെന്നി പച്ചിക്കൽ എന്നിവർ പ്രസംഗിച്ചു. എല്ലാ യൂണിറ്റുകളിൽ നിന്നും ഭാരവാഹികൾ ഉണ്ടായിരുന്നു. ബത്തേരി മേഖലാ സഹചലനം ഏറെ ഭംഗിയാക്കുവാൻ യത്നിച്ച ബത്തേരി മേഖലയിലെ എല്ലാ അച്ചന്മാരേയും സിസ്റ്റേഴ്സിനേയും ഭാരവാഹികളേയും ഏറെ നന്ദിയോടെ ഓർക്കുന്നു. പുതിയതായി ചാർജ്ജെടുത്ത മേഖലാ ഡയറക്ടർ ഫാ. ജോജോ ഔസേപ്പറമ്പിലച്ചനും, മേഖലാ ആനിമേറ്റർ സി. അനിലിറ്റ് SH നും രൂപതാ സമിതിയും മേഖലാ സമിതിയും അഭിനന്ദനങ്ങളും ആശംസകളും അർപ്പിച്ചു.

**മണിമൂളി - നിലമ്പൂർ മേഖലാ നേതൃസംഗമം**

നിലമ്പൂർ-മണിമൂളി മേഖലയിലെ വിവിധ യൂണിറ്റുകളിലെ ഭാരവാഹികളുടെ സംഗമം 'യൂത്ത് മീറ്റ് -09' ഫെബ്രുവരി 23 ന് മണിമൂളി റീജിയണൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. മണിമൂളി-നിലമ്പൂർ റീജിയണൽ സിഞ്ചെലൂസ് റവ. ഫാ. ജോസ് തേക്കനാടി നേതൃസംഗമം ഉദ്ഘാടനം ചെയ്തു. നിലമ്പൂർ മേഖല പ്രസിഡണ്ട് ജോബി കൊച്ചുപറമ്പിൽ അദ്ധ്യക്ഷനായിരുന്നു. രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം ആമുഖപ്രഭാഷണവും രൂപതാ പ്രസിഡണ്ട് അനീഷ് ഓമക്കര മുഖ്യപ്രഭാഷണവും നടത്തി. രൂപതാ ആനിമേറ്റർ സി. മോളി ജോസഫ് SJL, മേഖലാ ഡയറ്ക്ടർമാരായ ഫാ. മാത്യു മലയിൽ, ഫാ. അനിൽ O.F.M എന്നിവർ ആശംസകൾ അർപ്പിച്ചു. മിജാർക്ക് ഏഷ്യൻ പ്രതിനിധി ശ്രീ. ബിജു മാത്യു അരീക്കാട്ട് ക്ലാസ് നയിച്ചു. രൂപതാ സെക്രട്ടറിയേറ്റംഗങ്ങളായ ലിജി കളരിക്കൽ, സന്തോഷ് ഞാറക്കുളം, ഷിന്റോ മുള്ളൻകുഴിയിൽ, ജെസോയി മൂങ്ങനാനിയിൽ, രൂപതാ സിൻഡിക്കേറ്റംഗങ്ങളായ പ്രിൻസ് പിട്ടാപ്പിള്ളിൽ, അനീഷ് മൂഴിക്കച്ചാലിൽ, സി. ജുസെ F.C.C എന്നിവർ നേതൃത്വം നൽകി. നേതൃസംഗമത്തിന് പിന്തുണ നൽകി വിജയിപ്പിച്ച എല്ലാ യൂണിറ്റ് ഡയറക്ടർമാരേയും, ആനിമേറ്റർമാരേയും സ്നേഹപൂർവ്വം ഓർക്കുന്നു.

**ഡയറക്ടറച്ചന്റെ സന്ദർശനം**

2009 സംഘടനാ ശാക്തീകരണവർഷത്തോടനുബന്ധിച്ച് നടത്തുന്ന സഹചലനം വളരെ ഭംഗിയായി ബത്തേരി മേഖലയിൽ നടന്നു. മേഖലയിലെ അമ്പലവയൽ, ചിത്രഗിരി, ചുള്ളിയോട്, കടൽമാട്, കല്ലുമുക്ക്, കരണി, മീനങ്ങാടി, പഴൂർ, ബത്തേരി, തോമാട്ടുചാൽ, വടക്കനാട്, വാകേരി എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് ആശയങ്ങൾ, നിർദ്ദേശങ്ങൾ, സാഹചര്യങ്ങൾ എന്നിവ ഉൾകൊള്ളാൻ സാധിച്ചു. സഹകരിച്ച എല്ലാവർക്കും സ്നേഹപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു.

**യുവജന സെമിനാർ**

സഹചലനത്തോടൊപ്പം ചിത്രഗിരി യൂണിറ്റിൽ യുവജനങ്ങൾക്കായി സെമിനാർ നടന്നു. രൂപതാ ഡയറക്ടർ വി. ബലി അർപ്പിച്ച് സെമിനാറിന് നേതൃത്വം നൽകി. നേതൃത്വം നൽകിയ ബഹു. മനോജച്ചനും യൂണിറ്റ് ഭാരവാഹികൾക്കും പ്രത്യേകം നന്ദി.

**മലയാറ്റൂർ പദയാത്ര**

കെ. സി. വൈ. എം രൂപതാ സമിതിയുടെ നേതൃത്വത്തിൽ ഏപ്രിൽ - 3 ന് 40 -ാം വെള്ളിയാഴ്ച മലയാറ്റൂർ കുരിശുമല പദയാത്ര ആരംഭിക്കും. 25 പേർ നോമ്പെടുത്ത് പ്രാർത്ഥിച്ച് ഒരുങ്ങി പദയാത്ര നടത്തുന്നു. ഇവരുടെ നിയോഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**പ്രവർത്തനമാർഗ്ഗരേഖകൾ**

മേഖലയുടെയും, യൂണിറ്റുകളുടെയും പ്രവർത്തനമാർഗ്ഗരേഖകൾ എത്രയും പെട്ടെന്ന് രൂപതാ ഓഫീസിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

**സഹചലനം**

ഏപ്രിൽ മാസത്തിൽ ഡയറക്ടറച്ചൻ നടത്തുന്ന സന്ദർശനങ്ങൾ ഇപ്രകാരമാണ്- മാർച്ച് 28,29 - കല്പറ്റ, ഏപ്രിൽ 4, 5 - കൊട്ടിയൂർ, 18-19 മാനന്തവാടി, 25-26 നടവയൽ

**മേഖലാ ക്യാമ്പുകൾ**

'ദേശം -2009' എന്ന പേരിൽ കെ. സി. വൈ. എം ന്റെ പ്രവർത്തനവിഷയങ്ങളുടെ അടിസ്ഥാനത്തിൽ ക്യാമ്പുകൾ നടത്തുവാൻ ആഗ്രഹിക്കുന്നു. വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് പിറ്റേദിവസം 4 മണിയോടെ തീരുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. വഴിയിലെ സമയക്രമമനുസരിച്ച് ക്രമീകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. അസൗകര്യമുള്ളവർ മുൻകൂട്ടി രൂപതാ ഓഫീസിൽ അറിയിക്കണം.

ഏപ്രിൽ മാസത്തിലെ ക്യാമ്പുകൾ - 1, 2 ബത്തേരി
13-14 കല്ലോടി, 19-20 - കല്പറ്റ, 24-25 - കൊട്ടിയൂർ

**നിയമപരിഷ്ക്കരണ ശുപാർശക്കെതിരെ ജാഗ്രതാസമിതി**

ഫെബ്രുവരി 1 ന് സീറോ മലബാർ സഭയുടെ ആസ്ഥാനമായ കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് നിയമപരിഷ്ക്കരണസമിതി സമർപ്പിച്ച ശുപാർശകൾക്കെതിരെ ക്രൈസ്തവസഭയുടെ പ്രതികരണ വേദി നടന്നു. യോഗത്തിൽ രൂപതാ പ്രസിഡണ്ട് അനീഷ് ഓമക്കര പങ്കെടുത്തു.

**സംസ്ഥാന ലീഡേഴ്സ് സംഗമം**

ഫെബ്രുവരി 22 ന് സംസ്ഥാന കെ. സി. വൈ. എം കാര്യാലയത്തിൽ വച്ച് എല്ലാ രൂപതകളിലേയും പ്രസിഡണ്ട്, സെക്രട്ടറിമാരുടെ സംഗമം നടന്നു. പ്രസ്തുത പരിപാടിയിൽ രൂപതയിൽ നിന്നും പ്രസിഡണ്ട് അനീഷ് ഓമക്കര പങ്കെടുത്തു.

**അംഗത്വ ലിസ്റ്റ്**

2009 പ്രവർത്തനവർഷത്തെ കെ. സി. വൈ. എം പ്രവർത്തകരുടെ അംഗത്വലിസ്റ്റ് ഇനിയും രൂപതാ കെ. സി. വൈ. എം ഓഫീസിൽ എത്തിച്ചിട്ടില്ലാത്ത യൂണിറ്റുകൾ എത്രയും വേഗം ലിസ്റ്റ് എത്തിക്കേണ്ടതാണ്. ബഹുമാനപ്പെട്ട യൂണിറ്റ് ഡയറക്ടർമാരും ആനിമേറ്റേഴ്സും യൂണിറ്റിലെ ഭാരവാഹികളെ ഈ കാര്യം ഓർമ്മിപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**അഭിനന്ദനങ്ങൾ**

അന്താരാഷ്ട്ര യുവജന കാർഷികസംഘടനയായ മിജാർക്കിന്റെ ഏഷ്യൻ പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ട മുൻ സംസ്ഥാന വൈസ് പ്രസിഡണ്ട്, രൂപതാ പ്രസിഡണ്ട് എന്നീ നിലകളിൽ പ്രശംസനീയമായ സേവനവും നേതൃപാടവവും കാഴ്ചവെച്ച ശ്രീ. ബിജു മാത്യു അരീക്കാടിന് രൂപതാ സമിതിയുടെ അഭിനന്ദനങ്ങൾ.

സഭയുടെ സാമൂഹ്യപ്രബോധനങ്ങളെക്കുറിച്ച് ബോംബെ സെന്റ് പയസ് കോളേജിൽ വെച്ച് നടന്ന സെമിനാറിൽ രൂപതയുടെ പ്രതിനിധിയായി പങ്കെടുത്ത കെ. സി. വൈ. എം രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടത്തിന് കെ. സി. വൈ. രൂപതാ സമിതിയുടെ അഭിനന്ദനങ്ങൾ.

**കൽപ്പറ്റമേഖല-** കെ.സി.വൈ.എം. മാർഗ്ഗരേഖയായ 'വിഷൻ-09' പുറത്തിറക്കിയ മേഖലാ ഭാരവാഹികൾക്ക് രൂപതാ സമിതിയുടെ അഭിനന്ദനങ്ങൾ

**പ്രശാന്തഗിരി –** യൂണിറ്റ് തലത്തിൽ കെ. സി. വൈ. എം. ന്റെ മാർഗ്ഗ രേഖയായ 'വിയ-09' പുറത്തിറക്കിയ യൂണിറ്റ് ഭാരവാഹികൾക്ക് രൂപ താസമിതിയുടെ അഭിനന്ദനങ്ങൾ.

**മേഖലാവാർത്തകൾ**

**കൽപ്പറ്റ മേഖല**

മാർച്ച് 8 ഞായറാഴ്ച 3.00 മണിക്ക് കൽപ്പറ്റ യൂണിറ്റിൽ വെച്ച് മേഖലാ നേതൃസംഗമവും മാർഗ്ഗരേഖാ പ്രകാശനവും നടന്നു. കൽപ്പറ്റ ഫൊറോന അസി. വികാരി ഫാ. പീറ്റർ മുരിക്കനോലിക്കൽ മാർഗ്ഗരേഖാ 'വിഷൻ 2009' പ്രകാശനം ചെയ്തു. മേഖലാ പ്രസിഡണ്ട് പ്രിൻസ് കൊച്ചുപുരയ്ക്കൽ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. മേഖലാ സെക്ര ട്ടറി ജിജോ സ്വാഗതം പറഞ്ഞ് ആരംഭിച്ചു. നേതൃസംഗമത്തിൽ മേഖലാ ഡയറക്ടർ റവ.ഫാ. ബിനു പൈനുങ്കൽ മാർഗ്ഗരേഖയെകുറിച്ച് വിശദീ കരിച്ചു. യൂണിറ്റുകളിൽ നിന്നായി 30 ഓളം യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു. നേതൃസംഗമത്തിലൂടെ യൂണിറ്റ് ഭാരവാഹികൾക്ക് പര സ്പരം പരിചയപ്പെടാൻ സാധിച്ചു. മേഖലാ കോഡിനേറ്റർ ഡിന്റോ നന്ദി പറഞ്ഞ് യോഗം അവസാനിച്ചു. രൂപതയിൽ നിന്നും സന്തോഷ് ഞാറ ക്കുളവും, ജെസ്സോയി മൂങ്ങനാനിയും യോഗത്തിൽ സന്നിഹിതരാ യിരുന്നു.

**യൂണിറ്റ് വാർത്തകൾ**

**ഒലിവുമല യൂണിറ്റ്**

വൈത്തിരി പഞ്ചായത്തിനും സമീപവാസികൾക്കും ജലം ലഭി ക്കുന്നത് ഒലിവുമലയിൽ നിന്നും 4 കിലോമീറ്റർ അകലെയുള്ള ചെമ്പറ താഴ്‌വരയിലെ ഫോറസ്റ്റ് സ്ഥിതിചെയ്യുന്ന ചെക്ക് ഡാമിൽ നിന്നുമാണ്. ഒലിവുമല യൂണിറ്റിലെ കെ.സി.വൈ.എം. അംഗങ്ങൾ ഈ ചെക്ക് ഡാം വൃത്തിയാക്കിക്കൊണ്ട് വൈത്തിരി പഞ്ചായത്തിനും പരിസരപ്രദേ ശത്തും ശുദ്ധജലം ലഭ്യത കൈവരിച്ചു. ഇതിന് നേതൃത്വം നൽകിയ ഒലിവുമല യൂണിറ്റ് ഡയറക്ടർ റവ.ഫാ. സജി വള്ളിപ്ലാക്കലിനും യൂണിറ്റ് ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

ഏവർക്കും തങ്ങളുടെ സമ്മതിദാനാവകാശം ഫലപ്രദമായി വിനി യോഗിക്കുവാൻ കഴിയട്ടെ എന്നാശംസിച്ചുകൊണ്ട്

സ്നേഹത്തോടെ,

**സജിൻ ജോസ് ചാലിൽ**

ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ഫെബ്രുവരി 27 മുതൽ മാർച്ച് 2 വരെ നടന്ന കോഴ്സിൽ 70 പേര് പങ്കെടുത്തു. ആദ്യാവസാനം വരെ കോഴ്സിന്റെ വിജയത്തിനായി ക്ലാസുകളിലൂടെയും വി. കുർബാനയിലൂടെയും അനുരഞ്ജന ശുശ്രൂഷയിലൂടെയും മറ്റും സഹായിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീമംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

ഏപ്രിൽ 4 – 8 - ദ്വാരക പാസ്റ്ററൽ സെന്റർ

ഏപ്രിൽ 19 – 22 - ദ്വാരക പാസ്റ്ററൽ സെന്റർ

ഏപ്രിൽ 27 – 30 - ദ്വാരക പാസ്റ്ററൽ സെന്റർ

**കത്തോലിക്കാ മാതൃസംഘടന**

മാനന്തവാടി മേഖലയിലെ പോരൂർ ഇടവകയിൽ മാതൃസംഘടനയുടെ ശാഖാ വാർഷികം 21 -ാം തീയതി സമുചിതമായി ആഘോഷിച്ചു. ബഹു. തോമസ് മണക്കുന്നേലച്ചൻ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. കലാകായികമത്സരങ്ങൾ നടത്തി. അതിനുശേഷം പൊതുസമ്മേളനം നടത്തി. മേഖലാ ആനിമേറ്റർ സി. അനില അദ്ധ്യക്ഷത വഹിച്ചു. ബഹു. തോമസച്ചൻ വിജയികളായവർക്ക് സമ്മാനം നൽകി. ശ്രീമതി മോളി കരിമ്പനാക്കുഴി സ്വാഗതം ആശംസിച്ചു. സി. വിനിത SH ആശംസയും ലിസി വെള്ളാനയിൽ നന്ദിയും അർപ്പിച്ചു. 200-ൽ അധികം അമ്മമാർ പങ്കെടുത്തു.

**ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

ഓശാനയും, ദുഃഖവെള്ളിയും കടന്ന് ഉയിർപ്പുതിരുനാളിന്റെ സന്തോഷത്തിലേയ്ക്കു നാം പ്രവേശിക്കുകയാണല്ലോ. ഉത്ഥിതൻ നമ്മുക്കു നൽകുന്ന സമ്മാനം സമാധാനമാണ്. അതു ലോകം തരുന്ന തുപോലെയല്ല - നിലനിൽക്കുന്നതാണ്. നമ്മുടെ മാമോദീസായെ അനു സ്മരിച്ചുകൊണ്ട്, പാപത്തിനുമരിച്ച് ക്രിസ്തുവിൽ ഉയിർത്തെഴുന്നേറ്റ് ഉയിർപ്പു തിരുനാളിന്റെ ചൈതന്യം നമുക്കും സ്വന്തമാക്കാം. ഏവർക്കും ഉത്ഥാനത്തിരുനാൾ മംഗളാശംസകൾ.

**സിയോൻ മാർച്ചുമാസത്തിൽ**

94 ശുശ്രൂഷകർ പങ്കെടുത്ത സോണൽ മീറ്റിംഗിന് ബഹു. സെബാസ്റ്റ്യൻ പാറയിലച്ചൻ നേതൃത്വം നൽകി.

ആത്മാക്കളെ കൊയ്തെടുക്കുവാനുള്ള ഒരു വലിയ ദാഹം നമുക്ക് ഉണ്ടാവണം; ഈശോ തനിക്കു ഇഷ്ടപ്പെട്ടവരെ അടുത്തേയ്ക്ക് വിളിച്ചു. തന്നോടുകൂടെ ആയിരിക്കുവാനും, സുവിശേഷം അറിയിക്കുവാനും ഈശോ വിളിച്ച 12 പേരിൽ "ഞാൻ" ഉൾപ്പെടുമോ? 72 പേരിൽ ഒരാളാണോ "ഞാൻ"? ഏറ്റം പ്രിയപ്പെട്ട മൂന്നു ശിഷ്യന്മാരിൽ "ഞാൻ" ഉണ്ടോ? നമുക്ക് ഓരോരുത്തർക്കും നമ്മോടുതന്നെ ചോദിക്കാം. സിയോന്റെ കോ- ഓർഡിനേറ്റർ, ശുശ്രൂഷകർക്ക് തന്ന ചിന്താവിഷയം അനുഗ്രഹമായി.

"പേത്രത്ത" = തിരിഞ്ഞുനോട്ടം. ദൈവവും മനുഷ്യനും തമ്മിൽ, മനുഷ്യനും മനുഷ്യനും തമ്മിൽ ആഴമായ അനുരഞ്ജനം ഈ നോമ്പു കാലത്ത് സാദ്ധ്യമാകണം. ജീവിതത്തിൽ നിന്നും ഉള്ള ഒളിച്ചോട്ടം അല്ല പ്രാർത്ഥനയും നോമ്പാചരണവും. ജീവിതസാഹചര്യങ്ങളിൽ അടിപതറാതെ ജീവിക്കുവാനുള്ള കരുത്തു സമ്പാദിക്കുകയാണ് ഉദ്ദേശമാക്കുക. നമ്മുടെ മുറിവുകളുമായി മുറിവേറ്റവന്റെ മുമ്പിൽ നിൽക്കുമ്പോൾ കുരിശിൽ പരിത്യക്തനായി തകർക്കപ്പെട്ടവനായി, നിന്ദനങ്ങളും പീഡനങ്ങളും ഏറ്റ് വേദനയാൽ പുളയുന്ന മനുഷ്യപുത്രന്റെ വേദനയോട്

നമ്മുടെ വേദന ചേർത്ത് വെച്ച് പ്രാർത്ഥിക്കുമ്പോൾ എല്ലാം മാഞ്ഞ് ഇല്ലാതാകുന്നു. ബഹു. പാറയിലച്ചന്റെ വി. ബലി മദ്ധ്യേയുള്ള തിരുവചന സന്ദേശം സിയോൻ മക്കളെ പ്രബുദ്ധരാക്കി.

ഭക്തിനിർഭരമായ, അന്തരാത്മാവിന്റെ ആഴങ്ങളെ സ്പർശിക്കുന്ന രീതിയിലുള്ള ദൈവാരാധനയ്ക്കും, ജാഗരണ പ്രാർത്ഥനയ്ക്കും, ബഹു. ഡയറക്ടറച്ചനും, സണ്ണി കൊല്ലാർതോട്ടം അച്ചനും, മ്യൂസിക് ടീമും ചേർന്നു നേതൃത്വം നൽകി.

ആദ്യശനി ഏകദിന കൺവെൻഷനിൽ, പതിവിൽ കവിഞ്ഞ് ഒരുമിച്ചു ചേർന്ന വലിയ ഒരു ജനാവലിയെ പ്രാർത്ഥനാ നിർഭരമായ അഭിവാദനത്തോടെ ബഹു. സെബാസ്റ്റ്യൻ പാറയിലച്ചനും ടീമും ചേർന്ന് സ്വീകരിച്ചു. ദൈവത്തിനെതിരായി പാപം ചെയ്ത് തിന്മയിൽ ജീവിക്കുന്ന ജനം-ശാപങ്ങൾ വാങ്ങി തകർച്ചയിൽ നിന്നും തകർച്ചയിലേയ്ക്കു നീങ്ങുന്നു. നമ്മുടെ ദേശം ശപിക്കപ്പെട്ടതായി തോന്നുമാറ് കാലാവസ്ഥയിൽ വരുന്ന മാറ്റങ്ങൾ, കർത്താവിന്റെ കരുണ യാചിക്കുവാനായി ശ്രീ. ചാക്കോച്ചൻ പുത്തൻപുര ജനങ്ങളെ ആഹ്വാനം ചെയ്യുകയായിരുന്നു.

ദൈവം തരുന്ന സമാധാനം ലോകം തരുന്ന സമാധാനം പോലെയല്ല. ദൈവവും മനുഷ്യനും സമാധാനത്തിൽ ജീവിച്ചിരുന്ന കാലഘട്ടത്തിൽ അസൂയപൂണ്ട പിശാച് ആ സമാധാനം ലംഘിക്കുന്നു. മനുഷ്യൻ പിശാചിന്റെ പിടിയിൽ അമർന്ന് സമാധാനം നഷ്ടപ്പെടുത്തി. ഭൂമിയിൽ തിന്മ വർദ്ധിച്ചു. വചന സന്ദേശവുമായി ജനത്തെ പ്രബുദ്ധരാക്കുകയായിരുന്നു ശ്രീ. ജോണി കുന്നുംപുറം.

നീതിമാനായ നോഹയെ മാത്രം രക്ഷിച്ചുകൊണ്ട് ദുഷിച്ച തലമുറയെ ഭൂമുഖത്തുനിന്നും നിർമ്മാർജ്ജനം ചെയ്തു. നോഹമൂലം ഭൂമി വീണ്ടും ഐശ്വര്യമായി. പക്ഷേ, വീണ്ടും തിന്മ പെരുകുന്നു. ദൈവം ജനത്തെ ശിക്ഷിക്കുന്നു. ലോത്തിനെയും കുടുംബത്തെയും രക്ഷിക്കുന്നു. മനുഷ്യൻ ദൈവത്തിൽ നിന്നും അകലുമ്പോൾ, ദൈവത്തിലേയ്ക്കു തിരിച്ചുവരുവാൻ തകർച്ചകൾ നൽകുന്നു. അനുതപിച്ച് പ്രാർത്ഥിക്കുമ്പോൾ അവിടുന്ന് കരുണ ചൊരിയുന്നു. അവിടുത്തെ മനസ്സലിയുന്നു. തന്റെ അരുമ സുതന്റെ യാഗബലിയിലൂടെ മനുഷ്യർക്കുവേണ്ടി ദൈവം പാപപരിഹാരമാകുന്നു. മനുഷ്യനെ വീണ്ടെടുത്തു രക്ഷിക്കുന്നു. ഉത്ഥിതനായ ഈശോ വീണ്ടും സമാധാനം നൽകുന്നു.

അനുഗ്രഹ പ്രഭാഷണവുമായി ബഹു. ബാബു പാറയിലച്ചൻ തുടർന്നു- 220 വർഷം കൊണ്ട് അമേരിക്ക നേടിയെടുത്ത പുരോഗതി 20 വർഷം കൊണ്ട് ഇന്ത്യ നേടിയെടുത്തു. വളരെ പെട്ടെന്നുണ്ടായ ഈ പുരോഗതി (ലോകത്തെ) ഭാരതത്തെ ആകെ തകിടം മറിക്കുന്നു. ഇന്ന് ഒരിടത്തും നിശബ്ദതയില്ല, എല്ലായിടത്തും ബഹളം-പ്രാർത്ഥനയ്ക്കും

വായനയ്ക്കും, സമയം ഇല്ല. മനുഷ്യമനസുകളിൽ വെറുപ്പു കുമിഞ്ഞ് കൂടുന്നു. ചന്ദ്രനിൽ എത്തി ചേരാൻ സാധിക്കുന്നു. ജീവിക്കേണ്ടത് എങ്ങനെയെന്ന് അറിഞ്ഞുകൂടാ. ചൊവ്വയിൽ മനുഷ്യൻ ഉണ്ടോ എന്നറിയുവാൻ ശ്രമിക്കുമ്പോൾ, അയൽപക്കത്ത് മനുഷ്യൻ ജീവിച്ചിരിപ്പുണ്ടോ എന്ന് അറിഞ്ഞു കൂടാ. സ്വന്തം കൂടപ്പിറപ്പുകൾ പോലും അപരിചിതരാകുന്നു. ആത്മീയതയിലേയ്ക്കു നാം വളരേണ്ടിയിരിക്കുന്നു. ആത്മീയത എന്നു പറയുമ്പോൾ, ദൈവവും മനുഷ്യനും; മനുഷ്യനും- മനുഷ്യനും ആയുള്ള ബന്ധം സ്നേഹവും ഐക്യവും - വളരേണ്ടിയിരിക്കുന്നു. ആദം നീ എവിടെ? കായേനോട് - നിന്റെ സഹോദരൻ ആബേൽ എവിടെ? ഈ ചോദ്യങ്ങൾക്കു മുമ്പിൽ നാം ഓരോരുത്തരും ദൈവതിരുമുമ്പാകെ നിൽക്കേണ്ടി വരും- കണക്കു ബോധിപ്പിക്കുവാൻ.

**ആദ്യശനി - വി. കുർബാന**

തലശ്ശേരി രൂപതയിലുള്ള ബഹു. ബെന്നി മുടവനാട്ട് അച്ചൻ വി. ബലി അർപ്പിച്ച് അനുഗ്രഹപ്രഭാഷണം നടത്തി. യോഹ 16:16 വചനം അടിസ്ഥാനമാക്കി അദ്ദേഹം സംസാരിച്ചു. “ദുംഖം സന്തോഷമായി മാറും” എന്തിനാണ് ദുഃഖജീവിതം. ദൈവത്തിന്റെ ആഴമായ സ്നേഹം അനുഭവിക്കുവാൻ.

“ദുഃഖത്തിന്റെ പാനപാത്രം
കർത്താവെന്റെ കയ്യിൽ തന്നാൽ
സന്തോഷത്തോടതു വാങ്ങി
ഹല്ലേലുയ്യ പാടീടും ഞാൻ”

**രണ്ടാം ശനി**

പതിവുപോലെ നടത്താറുള്ള യുവജനകൂട്ടായ്മ, ദമ്പതികൂട്ടായ്മ, കൗൺസിലിംഗ് ശുശ്രൂഷയും നടത്തി.

**മൂന്നാംവെള്ളി**

സൗഖ്യദിനം, മദ്ധ്യസ്ഥ പ്രാർത്ഥന, കൃപയിലുള്ള അനുദിന ദൈവാരാധനയും, വി. ബലി അർപ്പണവും നടന്നു. അനുഗ്രഹ പൂമാരി ചൊരിഞ്ഞ നല്ലതമ്പുരാനും ഭക്തിനിർഭരമായി നേതൃത്വം നൽകി അനുഗ്രഹിച്ച ബഹു. വൈദീകർക്കും സിയോൻ ശുശ്രൂഷകർക്കും നന്ദിയുടെയും സ്നേഹത്തിന്റെയും നറുമലരുകൾ.

**ഇടവക ധ്യാനങ്ങൾ**

കർണ്ണാടക - എൻ. ആർ. പുര, സങ്കമേശപ്പെട്ട്, ബാതുഹന്നൂർ, നിലമ്പൂർ - ഉപ്പട, മുള്ളൻകൊല്ലി (മാർച്ച് 29 - ഏപ്രിൽ 2) , കൂരാച്ചുണ്ട് (15-19) എന്നീ ഇടവകകളിൽ ബഹു. സെബാസ്റ്റ്യൻ പാറയിലച്ചന്റെയും

സിയോൻ ധ്യാനടീമിന്റെയും നേതൃത്വത്തിൽ മനോഹരമാക്കിയ നല്ല തമ്പുരാനും ടീം അംഗങ്ങൾക്കും, ധ്യാന വിജയത്തിനായി സഹായിച്ച ബഹു. വികാരിയച്ചന്മാർക്കും, സിസ്റ്റേഴ്സിനും കൈക്കാരന്മാർക്കും നന്ദി അറിയിക്കുന്നു.

**ഇവാഞ്ചലൈസേഷൻ പ്രോഗ്രാം**

കോ- ഓർഡിനേറ്റർ ശ്രീ. ജോസ് തേനംമാക്കലിന്റെയും സെക്രട്ടറി ശ്രീ. മാധവൻ കുന്നേതോട്ടത്തിലിന്റെയും നേതൃത്വത്തിൽ 22 പേർ അടങ്ങുന്ന ടീം ചുണ്ടക്കര ഇടവകയിൽ 600 ഭവനങ്ങൾ സന്ദർശിച്ച് വചനം പറയുവാൻ ഇടയായത് അനുഗ്രഹമായി. മുള്ളൻകൊല്ലി ഇടവകയിൽ ധ്യാനത്തിന് ഒരുക്കമായി മാർച്ച് 2-5 വരെയും, 9-12 വരെയും 8 ദിവസം, 20 പേർ അടങ്ങിയ ടീം ജോസുചേട്ടന്റെയും, മാധവൻ ചേട്ടന്റെയും നേതൃത്വത്തിൽ 810 വീട് സന്ദർശിച്ച് വചനം പറഞ്ഞു. കൂടാതെ വൈകുന്നേരങ്ങളിൽ 6-7.30 വരെ കവല പ്രസംഗങ്ങൾ നടത്തി ജന ഹൃദയങ്ങളെ ദൈവസന്നിധിയിലേയ്ക്ക് ഉയർത്തുവാൻ സാധിച്ചതും വലിയ അനുഗ്രഹമായി. ജോസു ചേട്ടനും, ടീം അംഗങ്ങൾക്കും, സഹകരിച്ച ബഹു. വികാരി അച്ചന്മാർക്കും ഇടവകക്കാർക്കും ഹൃദ്യമായ നന്ദി അർപ്പിക്കുന്നു.

**പ്രോലൈഫ് പ്രോഗ്രാം**

നിയമ പരിഷ്ക്കരണ സമിതിയുടെ ശുപാർശകൾക്കെതിരെ സിയോൻ - പ്രോലൈഫ് ടീമുകൾ ചേർന്നു.

ജനുവരി 23 - ന് സായാഹ്ന ധർണ്ണ നടത്തി. 25 ന് കൽപ്പറ്റ ഡി പോൾ ചർച്ചിന്റെ നേതൃത്വത്തിൽ മുഖ്യമന്ത്രിക്ക് ഭീമഹർജി സമർപ്പിച്ചു. ഫെബ്രുവരി 1 തിരുഹൃദയ പള്ളി ഇടവകയും ഡി പോൾ കല്പ്പറ്റ ഇടവകക്കാരും ചേർന്നു ടൗണിൽ പ്രതിക്ഷേധ റാലി നടത്തി. ഫെബ്രു. 20 - കല്പ്പറ്റ കളക്ട്രേറ്റിന്റെ മുമ്പിൽ ജപമാലധർണ നടത്തി. കമ്മന പള്ളിയിൽ 2 പ്രാവശ്യം എക്സിബിഷനും ക്ലാസുകളും സംഘടിപ്പിച്ചു.

**സിയോൻ ഏപ്രിൽ മാസത്തിൽ**

| | | |
|---|---|---|
| ഏപ്രിൽ 3 | - | സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| ഏപ്രിൽ 4 | - | ഏകദിന കൺവെൻഷൻ |
| ഏപ്രിൽ 17 | - | സൗഖ്യ ദിനം, മദ്ധ്യസ്ഥ പ്രാർത്ഥനാ ദിനം |
| ഏപ്രിൽ 23 - 26 | - | ക്രിസ്റ്റീൻ ധ്യാനം |
| ഏപ്രിൽ 24 | - | ജാഗരണ പ്രാർത്ഥന |

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
ഡയറക്ടർ, സിയോൻ സി. ആർ. സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹപ്രവർത്തകരേ,

ഉയിർപ്പു തിരുനാളിന്റെ മംഗളങ്ങൾ എല്ലാവർക്കും ആശംസിക്കുന്നു.

14-3-09 നു ദ്വാരക ഓഫീസിൽ ചേർന്ന സി. സി യോഗത്തിന്റെ തീരുമാനങ്ങൾ സംക്ഷിപ്തമായി താഴെ ചേർക്കുന്നു.

**1) ആത്മീയോപദേഷ്ടാവിന്റെ സന്ദേശം**

നോമ്പുകാലത്തിന്റെ അരൂപി ഉൾക്കൊണ്ട് വിൻസെൻഷ്യൻ പ്രവർത്തനങ്ങൾ സജീവമാക്കുക. സംഘടനയുടെ സ്കോളർഷിപ്പും വിദ്യാഭ്യാസ സഹായങ്ങളും ലഭിക്കുന്ന പുത്തൻ തലമുറയ്ക്ക് വിൻസെൻഷ്യൻ പ്രവർത്തനത്തെപ്പറ്റി ഉൾക്കാഴ്ച ലഭിക്കുന്നതിന് അവസരമൊരുക്കാൻ എ. സി തലത്തിലോ സി. സി തലത്തിലോ ശ്രമം നടത്തുക.

**2) എ.സി പ്രസിഡണ്ടുമാരുടെ സത്യപ്രതിജ്ഞ**

ചുണ്ടക്കര എ.സി പ്രസിഡണ്ട് ബ്ര. വിൽസൻ ജോസഫ് മടുക്കക്കുഴിയും മണിമൂളി എ. സി പ്രസിഡണ്ട് ബ്ര. ജോസുകുട്ടി താഴത്തേടത്തും കാലാവധി പൂർത്തിയാക്കി സ്ഥാനമൊഴിഞ്ഞു. രണ്ടു പേരുടെയും സ്തുത്യർഹമായ സേവനത്തിനു സി.സി പ്രസിഡണ്ട് കൃതജ്ഞതയർപ്പിച്ചു. തുടർന്ന് ചുണ്ടക്കര എ. സി പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ബ്ര. പി.എസ് മാത്യു നിരപ്പേൽ (അരിഞ്ചേർമല കോൺഫ്രൻസ്), മണിമൂളി എ.സി പ്രസിഡണ്ടായി. തിരഞ്ഞെടുക്കപ്പെട്ട ബ്ര. പി.എ. ജോസഫ് ആലുങ്കൽ (പാലാങ്കര കോൺഫ്രൻസ്) എന്നിവർ സത്യപ്രതിജ്ഞ ചെയ്തു. ഇരുവർക്കും സി.സി യിലേയ്ക്കും സ്വാഗതം ആശംസിച്ചു. സ്ഥാനമൊഴിയുന്ന പ്രസിഡണ്ടുമാരും സ്ഥാനമേൽക്കുന്നവരും യോഗത്തെ, അഭിസംബോധന ചെയ്തു.

**3)** 2008-09 വർഷത്തെ നാഷണൽ സ്കോളർഷിപ്പ് തുകയായ 1,41,025

രൂപ 69 കുട്ടികൾക്കായി വിതരണം നടത്തുവാൻ എ. സി പ്രസിഡണ്ടു മാർക്കു നൽകി. തുക നൽകുമ്പോൾ ശേഖരിക്കേണ്ട ഫോട്ടോ പതിപ്പിച്ച സ്റ്റഡി ഡിറ്റെൽസ് സി. സി യുടെ അടുത്ത യോഗത്തിൽ കൊണ്ടുവര ണമെന്നും, രണ്ടാം ഗഡുവിനുള്ള അപേക്ഷകൾ (സ്റ്റഡി സർട്ടിഫിക്കറ്റും, സത്യപ്രസ്താവന ഫോറവും) ജൂലൈ മാസം ആദ്യവാരത്തിൽ സി. സി. യിൽ ലഭ്യമാക്കാനുള്ള നടപടി കോൺഫ്രൻസുകൾ വഴി നിർവ്വ ഹിക്കപ്പെടണമെന്നും ഓർമ്മപ്പെടുത്തി. HES, T.T.S വിഭാഗത്തിൽ ആദ്യഗഡു ലഭിച്ചവർക്കാണ് വീണ്ടും അപേക്ഷിക്കാൻ അർഹത.

**4)** 31-3-09 വരെയുള്ള നാലാമത്തെ ക്വാർട്ടർലിസ്റ്റേറ്റുമെന്റ് 30-3-09 ന് തന്നെ സി.സി യ്ക്കു കിട്ടത്തക്കവിധം അയച്ചു തരണമെന്ന് ഓർമ്മപ്പെ ടുത്തി. അതോടൊപ്പം തന്നെ 31-12-08 നു ശേഷം ലഭിച്ച വിദേശ ഗ്രാന്റു കളുടെ രസീതുകളും അതിനു മുമ്പുള്ള ഏതെങ്കിലും രസീതുകൾ എ. സി യിൽ നിന്നു നൽകാനുണ്ടെങ്കിൽ അവയും അയച്ചിരിക്കണം.

## 5) അടുത്ത സി. സി യോഗം

കോൺഫ്രൻസുകളുടെയും, എ. സി കളുടെയും വാർഷിക റിപ്പോർട്ടു കളും 2008-09 ലെ ബാക്കിയുള്ള എല്ലാ വിഹിതങ്ങളും അന്നത്തെയോ ഗത്തിൽ നൽകേണ്ടതാണ് (5% വിഹിതത്തിന്റെ ഓഹരി, മെമ്പർഷിപ്പ്, കൗൺസിൽ ജനറൽ ഫണ്ട്, റീച്ചൗട്ട് ബുള്ളറ്റിൻ വരിസംഖ്യ, ഓസ്സാനാം ബുള്ളറ്റിൻ വരിസംഖ്യ, രൂപതാ ബുള്ളറ്റിൻ വരിസംഖ്യ, സി.സി വർക്കിംഗ് ഫണ്ട്, സി.സി വാർഷിക വിഹിതം).

സി.സി 31-ാം വാർഷികവും ഓസ്സാനാം ഭവൻ ദശവാർഷികവും സംയുക്തമായി ഓസ്സാനാം ഭവനിൽ വെച്ച് മെയ് ആദ്യവാരത്തിൽ നട ത്തുവാനാണ് തീരുമാനം. തീയതിയും പരിപാടികളും അറിയിക്കുന്ന താണ്.

## 6) ഓസ്സാനാം ഭവൻ ഗവേണിംഗ് & ജനറൽ ബോഡി

ഏപ്രിൽ 18 എന്ന് സി.സി യോഗത്തിൽ പറഞ്ഞിരുന്നെങ്കിലും അന്നു തിരുപ്പട്ട ശുശ്രൂഷയിൽ പലർക്കും പങ്കെടുക്കേണ്ടതിനാൽ 21 ലേയ്ക്കു മാറ്റാൻ ആലോചനയുണ്ട്. വിവരം ബ്ര. വിൻസെന്റ് ജോൺ എഴുതുന്നതാണ്.

## 7) ഓസ്സാനാം ഭവൻ മോണിട്ടറിംഗ്

പാടിച്ചിറ എ.സി യുടെ പ്രസിഡണ്ട് ബ്ര. ലൂക്ക മാപ്ലശ്ശേരിയ്ക്ക് ഈ ചുമതല നൽകുന്നതായി സി.സി പ്രസിഡണ്ട് അറിയിച്ചു. ബ്രദർ സന്തോഷപൂർവ്വം ആ ചുമതല സ്വീകരിച്ചു. ഓസ്സാനാം ഭവനിൽ

സന്ദർശന ശുശ്രൂഷ നടത്തേണ്ട കോൺഫ്രൻസുകൾ - ഏപ്രിൽ ആദ്യ പകുതി: നടവയൽ എ.സി, രണ്ടാം പകുതി: പാടിച്ചിറ എ.സി (മുള്ളൻകൊല്ലിയും), മെയ് ആദ്യപകുതി: പയ്യമ്പള്ളി എ.സി, രണ്ടാം പകുതി: തരിയോട് എ.സി.

**8) റീജനൽ കോ- ഓർഡിനേഷൻ**

നിലമ്പൂർ, മണിമൂളി, ഗൂഡല്ലൂർ ഏരിയാ കൗൺസിലുകൾക്ക് മാനന്തവാടിയുമായി ബന്ധപ്പെടാനുള്ള അസൗകര്യം ഒഴിവാക്കുവാൻ സി.സി മീററിംഗ് ആവശ്യമായി വരുമ്പോൾ മണിമൂളി റീജിയണൽ പാസ്റ്ററൽ സെന്ററിൽ വെച്ച് ഈ മൂന്ന് എ. സി കൾക്കുമായി സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. ഗൂഡല്ലൂർ മുൻ എ.സി പ്രസിഡണ്ടായി സേവനമനുഷ്ടിച്ച ബ്ര. വി. സി. ജോസ് വട്ടുകുളത്തിന് ഈ മൂന്നു എ.സി കളുടെയും ഏകോപന ചുമതല നൽകുവാൻ സി. സി പ്രസിഡണ്ടു തീരുമാനിക്കുകയും അദ്ദേഹം സന്തോഷപൂർവ്വം അതു സ്വീകരിക്കുകയും ചെയ്തു.

ഇതിനകം വാർഷിക റിപ്പോർട്ടു ഫോറങ്ങളും സ്കോളർഷിപ്പുതുകയും കോൺഫ്രൻസുകൾക്കു ലഭിച്ചുവെന്നു കരുതുന്നു. റിപ്പോർട്ടുകൾ തെറ്റുകൂടാതെ തയ്യാറാക്കാനും സമയത്ത് എ.സി യ്ക്ക് കൈമാറാനും ഉത്സാഹിക്കുമല്ലോ.

സസ്നേഹം,

**ബ്ര. കെ. ജി. ജസ്റ്റിൻ**
സി.സി. പ്രസിഡണ്ട്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**മലപ്പുറം സത്യാഗ്രഹത്തിന് പിന്തുണ**

മദ്യനിരോധനത്തിനുള്ള പഞ്ചായത്തീരാജ് നഗരപാലിക ബില്ലിലെ വ്യവസ്ഥകൾ പുന:സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള മദ്യനിരോധനസമിതി സംസ്ഥാന കമ്മിററി മലപ്പുറം കളക്ട്രേറ്റിന് മുന്നിൽ 6 മാസമായി നടത്തിവരുന്ന അനിശ്ചിതകാല സത്യാഗ്രഹത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് കെ. സി. ബി. സി മദ്യവിരുദ്ധ സമിതി രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ സത്യാഗ്രഹപന്തൽ സന്ദർശിക്കുകയും ഏകദിന സത്യാഗ്രഹത്തിൽ പങ്കാളികളാവുകയും ചെയ്തു. രൂപതാ ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, സി. ജോവിറ്റ, സെക്രട്ടറി വി. സി. രാജു എന്നിവർ പ്രസംഗിച്ചു.

കേരള മദ്യവിരുദ്ധ ജനകീയമുന്നണിയുടെ വയനാട് ജില്ലാകമ്മിറ്റിയും മലപ്പുറം സത്യാഗ്രഹപന്തൽ സന്ദർശിച്ച് ഏകദിന സത്യാഗ്രഹം നടത്തി. ജില്ലാചെയർമാൻ മോൺ. ജോർജ് മൂലയിൽ, സി. ജോവിറ്റ എന്നിവർ നേതൃത്വം നൽകി.

**മോചന 2009 പ്രശാന്തഗിരിയിൽ**

പ്രശാന്തഗിരി ഇടവകയിൽ മോചന 2009 പരിപാടി സംഘടിപ്പിച്ചു. വി. ബലിയോടെയാണ് പ്രോഗ്രാം ആരംഭിച്ചത്. ബോധവത്ക്കരണ പരിപാടിക്ക് രൂപതാ ഡയറക്ടർ ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, ടോമി നെടുംകൊമ്പിൽ, സി. ജോവിറ്റ FCC എന്നിവർ നേതൃത്വം നൽകി. ഇടവക വികാരി പോൾ ഇടയകൊണ്ടാട്ട് അച്ചന്റെ ആത്മാർത്ഥമായ സഹായ സഹകരണത്തിന് ഹൃദയം നിറഞ്ഞ നന്ദി.

**അവധിക്കാല പരിപാടികൾ**

മദ്ധ്യവേനൽ അവധിക്കാലത്തേക്ക് വിദ്യാർത്ഥികൾക്കും മുതിർന്നവർക്കുമായി ഓഡിയോവിഷ്വൽ പ്രോഗ്രാം നടത്തുവാൻ രൂപതാ ടീം തയ്യാറാണ്. താൽപ്പര്യമുള്ള ഇടവകകൾ, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാർ, സംഘടനാഭാരവാഹികൾ രൂപതാ നേതൃത്വവുമായി ബന്ധപ്പെടുക.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്



# ജയിൽ മിനിസ്ട്രി

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങളുടെ ഫെബ്രുവരി മാസത്തിൽ ജയിൽ സന്ദർശനം 22-ാം തിയ്യതിയായിരുന്നു. പട്ടാണിക്കൂപ്പ് ഉണ്ണിമിശിഹാ പള്ളിയിൽ നിന്നും ബഹു. ജോബി മുക്കാട്ടുകാവുങ്കൽ അച്ചന്റെ നേതൃത്വത്തിൽ നടത്തിയ വിവിധ പരിപാടികൾ ജയിലിലെ സഹോദരങ്ങൾക്ക് ആത്മീയ ഉണർവ്വ് നൽകാൻ ഉതക്കുന്നവയായിരുന്നു.

മാർച്ച് മാസം 15-ന് നടത്തിയ ജയിൽ സന്ദർശനത്തിൽ ചേരിയംകൊല്ലി റോഗെഷനിസ്റ്റ് കോൺഗ്രിഗേഷനിൽ നിന്നുള്ള അച്ചൻമാരും ബ്രദേഴ്സും, പുൽപ്പള്ളി SABS സിസ്റ്റേഴ്സും ചേർന്ന് ജയിൽ സഹോദരങ്ങൾക്കായി കലാവിരുന്നൊരുക്കി. ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങളുടെ തടവറ സന്ദർശനം തങ്ങളുടെ ദുഃഖങ്ങളും അസ്വസ്തതകളും പങ്കുവെക്കുന്നതിനും ആശ്വാസം നേടുന്നതിനുമുള്ള അവസരമൊരുക്കുന്നതായി ജയിൽ സഹോദരങ്ങൾ പങ്കുവെക്കുകയുണ്ടായി.

ആലുവ കാർമ്മൽഗിരി സെമിനാരിയിൽ നിന്നുള്ള തത്വശാസ്ത്ര, ദൈവശാസ്ത്ര വിദ്യാർത്ഥികൾ കോഴിക്കോട് ഭാഗത്തുള്ള തടവറകളിൽ നടത്തിയ തടവറ തീർത്ഥാടനത്തിന്റെ ഭാഗമായി മാർച്ച് 16-ാം തീയതി വൈത്തിരി ജയിൽ സന്ദർശിക്കുകയും പ്രാർത്ഥന ശുശ്രൂഷയും കലാ വിരുന്നും നടത്തി. അഗസ്റ്റിൻ ജോൺ, ഫാ. ബിനു പൈനുങ്കൽ, ശ്രീ. ജോയി വടകര എന്നിവർ ഇതിന് നേതൃത്വം നൽകി .

ഇതോടൊപ്പം സുവിശേഷ മുന്നണിയിലെ ശുശ്രൂഷകരും ആദ്യ ഞായറാഴ്ച്ചകളിൽ ജീസസ് ഫ്രട്ടേണിറ്റിയോട് ചേർന്ന് തടവറ സന്ദർശനം നടത്തിവരുന്നു.

**സി. അനീഷ SD**
സെക്രട്ടറി



# ക്രിസ്റ്റീൻ വാർത്തകൾ

സിയോൻ ധ്യാനകേന്ദ്രം ക്രിസ്റ്റീൻ മിനിസ്ട്രിയുടെ ഭാഗമായി ഏപ്രിൽ, മെയ് മാസങ്ങളിൽ നമ്മുടെ രൂപതയിലെ കുഞ്ഞുങ്ങൾക്കായി രണ്ട് ക്രിസ്റ്റീൻ കൺവെൻഷനുകൾ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു. ആദ്യത്തെ കൺവെൻഷൻ ഏപ്രിൽ 23-ന് രാവിലെ 10.00-ന് ആരംഭിച്ച് 26-ന് 2-മണിക്ക് അവസാനിക്കും. രണ്ടാമത്തെ കൺവെൻഷൻ മെയ് 24-ാം തീയതി രാവിലെ 10-ന് ആരംഭിച്ച് 27-ാം തീയതി 2 മണിക്ക് അവസാനിക്കും. ഹൈസ്കൂൾ കുട്ടികൾക്കാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. ധ്യാനത്തിന് രജി.ഫീസ് 300 രൂപയാണ്. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 150 കുട്ടികൾക്കാണ് ധ്യാനത്തിൽ പങ്കെടുക്കുവാൻ അവസരമുള്ളു. രണ്ട് ധ്യാനങ്ങൾക്കും 150 വീതം കട്ടികളെയാണ് ഉദ്ദേശിക്കുന്നത്. പങ്കെടുക്കുന്നവർ ബൈബിൾ, നോട്ടുബുക്ക്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ, ജപമാല എന്നിവ കൊണ്ടുവരേണ്ടതാണ്.

NB:- ബഹു. വികാരിയച്ചന്മാർ ദയവായി ഈ കാര്യം പള്ളികളിൽ അറിയിക്കുമല്ലോ.

സ്നേഹപൂർവ്വം,

**ഫാ. ടോമി പുത്തൻപുരയ്ക്കൽ**
ഡയറക്ടർ

# സാമൂഹ്യ സേവനരംഗം (WSSS)

**വനിതാദിനാചരണം**

WSSS ന്റെയും ലീഗൽ എയ്ഡ് സെന്ററിന്റെയും സംയുക്താഭിമുഖ്യത്തിൽ അന്താരാഷ്ട്ര വനിതാ ദിനാചരണം 2009 മാർച്ച് 7 ന് WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുകയുണ്ടായി. സമ്മേളനത്തിൽ WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു. "സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുവാൻ സ്ത്രീ പുരുഷ ഐക്യം" എന്നതായിരുന്നു മുഖ്യ പ്രമേയം. വയനാട് ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി ജെസി ബാബു സമ്മേളനം ഉദ്ഘാടനം ചെയ്തു. ജില്ലാ മെഡിക്കൽ ഓഫീസർ ശ്രീമതി നിതാ വിജയൻ മുഖ്യപ്രഭാഷണം നടത്തി. മാനന്തവാടി ബ്ലോക്ക് ഐസിഡിസ് ഓഫീസർ മിസ് ജാസ്മിൻ ബീഗം, WSSS സ്റ്റാഫ് സെക്രട്ടറി ബിന്ദു സെബാസ്റ്റ്യൻ, സേവ് എ ഫാമിലി പ്ലാൻ പ്രോഗ്രാം കോർഡിനേറ്റർ സി. ലില്ലി മാത്യു എന്നിവർ ആശംസകൾ അർപ്പിച്ചു. ലീഗൽ എയ്ഡ് സെന്റർ പ്രോഗ്രാം കോർഡിനേറ്റർ എൽബി മാത്യു സ്വാഗതവും വനിതാ കോർഡിനേറ്റർ സി. അനീഷ SD നന്ദിയും രേഖപ്പെടുത്തി.

**വാർഷികാഘോഷം**

ചാരിറ്റി സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ മൂന്നാം വാർഷികാഘോഷം മാർച്ച് 1–ാം തീയതി പാരീഷ്ഹാളിൽ വച്ച് നടത്തി. WSSS ജോയിന്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ സമ്മേളനം ഉദ്ഘാടന ചെയ്തു. ചാരിറ്റി SWS ഡയറക്ടർ ഫാ. ജോർജ് അദ്ധ്യക്ഷത വഹിച്ചു. വൈത്തിരി ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് അനിത ടീച്ചർ മുഖ്യപ്രഭാഷണം നടത്തി. WSSS ജനറൽ കോർഡിനേറ്റർ കെ. ഒ. ജോയി, മേഖലാ കോർഡിനേറ്റർ ജോസഫ് സി.വി. എന്നിവർ ആശംസകൾ അർപ്പിച്ചു. SWS സെക്രട്ടറി മിസ് സെറീനാ പ്രവർത്തന റിപ്പോർട്ട്

അവതരിപ്പിച്ചു. വിവിധ പ്രവർത്തനങ്ങളിൽ മികവ് പുലർത്തിയ വിസ്മയ, ഐശ്വര്യ, കിരണം സ്വാശ്രയ സംഘങ്ങളെ ആദരിക്കുകയും സമ്മാനം വിതരണം ചെയ്യുകയും ചെയ്തു. SWS പ്രസിഡണ്ട് നിറ്റസ് സ്വാഗതവും സെക്രട്ടറി സെറീനാ നന്ദിയും രേഖപ്പെടുത്തി.

**നീർത്തടോത്സവം 2009**

ജലസ്രോതസുകൾ പുനരുദ്ധരിച്ചും പാരിസ്ഥിതിക അവബോധം സൃഷ്ടിച്ചും സമഗ്രവികസനത്തിൽ നൂതന കാഴ്ചപ്പാടുകളും സമീപനങ്ങളും വികസിപ്പിച്ചും 3 വർഷങ്ങൾ പിന്നിട്ട് പരിസമാപ്തിയിലെത്തി നിൽക്കുന്ന കുറ്റിമൂല ജലതരംഗ് നീർത്തട വികസന പദ്ധതി നീർത്തടോത്സവം ആഘോഷിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും, സേവ് എ ഫാമിലി പ്ലാൻ ഇന്ത്യയുടെയും സംയുക്താഭിമുഖ്യത്തിൽ നീർത്തടപ്രദേശത്ത് വിവിധ വികസന പരിപാടികൾ നടപ്പാക്കി വരികയായിരുന്നു. പങ്കാളിത്ത വികസന പ്രവർത്തനങ്ങൾ കൊണ്ടും നിർവ്വഹണത്തിലെ സുതാര്യത കൊണ്ടും പ്രവർത്തനങ്ങളിലെ വൈവിധ്യംകൊണ്ടും കുറ്റിമൂല നീർത്തട വികസന പദ്ധതി ഇതിനോടകം ഒരു മാതൃക പദ്ധതിയായി തീർന്നിരിക്കുന്നു. നീർത്തടോത്സവത്തോടനുബന്ധിച്ച് കുറ്റിമൂല സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ 5-ാം വാർഷികവും വിവിധപരിപാടികളോടെ ആഘോഷിച്ചു. WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ച സാംസ്കാരിക സമ്മേളനത്തിൽ കുറ്റിമൂല SWS ഡയറക്ടർ റവ. ഫാ. ജോസഫ് പരുവുമ്മേൽ അദ്ധ്യക്ഷത വഹിച്ചു. പദ്ധതിയുടെ നിർവ്വഹണം, വിവിധ ഘട്ടങ്ങളിലായി നടന്ന പ്രവർത്തനങ്ങളും നേട്ടങ്ങളും എന്നിവ സംക്ഷിപ്തമായി വിവരിക്കുന്ന ജലതരംഗ് സ്മരണിക WSSS പ്രോഗ്രാം ഓഫീസർ ശ്രീ. ഒ. പി. അബ്രാഹം പ്രകാശനം ചെയ്തു. തുടർന്നു നടന്ന കലാസന്ധ്യയിൽ കുട്ടികളുടെ കലാപരിപാടികൾ, വയനാട് മാജിക് ഫാന്റസി അവതരിപ്പിച്ച മാജിക് ഷോ എന്നിവയുണ്ടായിരുന്നു.

സുസ്ഥിരപരിസ്ഥിതി സുസ്ഥിരവികസനം നമുക്കും നാടിനും എന്ന വികസനമന്ത്രവുമായി നടപ്പിൽ വരുത്തിയ പങ്കാളിത്തഗവേഷണ സ്വഭാവമുള്ള ഈ പദ്ധതിയിൽ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ സംരക്ഷണം പുനരുദ്ധാരണം തുടങ്ങിയവ ഉറപ്പുവരുത്തുന്ന വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയുണ്ടായി. പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് സി. അനിഷ S.D നേതൃത്വം നൽകി വരുന്നു.

## സാമൂഹ്യാവബോധവും സ്ത്രീ പുരുഷ സമത്വവും

രൂപതയിലെ വിവിധ സന്യാസസമൂഹങ്ങളിൽ നിന്നുള്ള ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനു വേണ്ടി 'ജെൻണ്ടർ മെയിൻ സ്ട്രീമിംഗ് ആൻഡ് സോഷ്യൽ അവയർനെസ് ' എന്ന വിഷയത്തെ ആസ്പദമാക്കി 14-3-09 ന് WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് ഒരു ശില്പശാല നടത്തുകയുണ്ടായി. രൂപതാ വികാരി ജനറാൾ മോൺ. ജോർജ് മൂലയിൽ ഉദ്ഘാടനം ചെയ്ത ശില്പശാലയിൽ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു. WSSS പ്രോഗ്രാം ഓഫീസർ ഒ. പി. അബ്രാഹം ക്ലാസ്സിന് നേതൃത്വം നൽകി. WSSS ന്റെ പ്രവർത്തനങ്ങളിൽ രൂപതയിലെ വിവിധ സ്ഥല സമൂഹങ്ങളിൽ നിന്നുള്ള സിസ്റ്റേഴ്സിന്റെ കേന്ദ്രതലത്തിലും റീജണൽ പ്രാദേശിക തലങ്ങളിലുമുള്ള സഹകരണം ഉറപ്പാക്കാൻ രൂപതയുടെയും WSSS ന്റെയും സേവ് എ ഫാമിലി പ്ലാൻ ഇന്ത്യയുടെയും നേതൃത്വത്തിൽ നടത്തിയ ഈ ശില്പശാല ഉപയുക്തമായി.

## വരുമാന വർദ്ധക പരിപാടികൾ

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും സേവ് എ ഫാമിലി പ്ലാൻ ഇന്ത്യ SPED II പ്രോഗ്രാമിന്റെയും ഭാഗമായി നിർദ്ധന കുടുംബങ്ങളിൽപ്പെട്ട 35 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കായി വരുമാന വർദ്ധക സംരഭങ്ങൾക്കുള്ള സബ്സിഡി വിതരണം ചെയ്യുകയുണ്ടായി. കുടുംബപരവും ആരോഗ്യപരവും സാമ്പത്തികവുമായ കാരണങ്ങളിൽ ഒരു ജീവിതാന്തസിലേയ്ക്ക് പ്രവേശിക്കുവാൻ കഴിയാതെപോയ ഇവർക്ക് ഏറെ ആശ്വാസവും പ്രതീക്ഷയും പകരുന്നതായിരുന്നു ഈ പദ്ധതി. തിരഞ്ഞെടുക്കപ്പെട്ട പദ്ധതി ഗുണഭോക്താക്കൾക്ക് 2 ദിവസത്തെ സംരഭകത്വപരിശീലനം നൽകിയ ശേഷമാണ് പദ്ധതി വിഹിതമായ 4000/- രൂപ വിതരണം ചെയ്തത്. പദ്ധതി വിഹിതം കൊണ്ട് ഗുണഭോക്താക്കൾ മൃഗപരിപാലനം, തയ്യൽ തുടങ്ങിയ സംരംഭങ്ങൾ ആരംഭിച്ചു.

## റഗുലർ ബെനിഫിഷറി പ്രോഗ്രാം

20-2-09 ന് പുതുതായി തെരഞ്ഞെടുത്ത കല്പറ്റ മേഖലയിലുള്ള ഗുണഭോക്താക്കളുടെയും SWS ഭാരവാഹികളുടെയും Sponser Sisters ന്റെയും പങ്കാളിത്തത്തോടെ Orientation Meeting നടത്തുകയുണ്ടായി. റീജിയണൽ ഡയറക്ടർ റവ. ഫാ. ചാക്കോ മേപ്പുറത്ത് ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജോസ് കൊച്ചറക്കൽ അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാം ഓഫീസർ ഒ. പി. അബ്രാഹം പദ്ധതിയുടെ ഉദ്ദേശലക്ഷ്യ

ങ്ങൾ വിശദമാക്കി. സി.ലില്ലി മാത്യു പദ്ധതിയുടെ നടപടിക്രമങ്ങൾ വ്യക്തമാക്കി ക്ലാസ് നയിച്ചു.

വരുമാന വർദ്ധക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനും നിലവിലുള്ള പദ്ധതികൾ വിപുലപ്പെടുത്തുന്നതിനുമായുള്ള ധന സഹായം WSSS ഓഫീസ് വഴി ഫെബ്രുവരി മാർച്ച് മാസങ്ങളിലായി വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. ഒരു കുടുംബത്തിന് 6000 – 16000 രൂപ വരെ സഹായം ലഭിക്കുന്നുണ്ട്.

സേവ് എ ഫാമിലി പ്ലാൻ ഗുണഭോക്താക്കളുടെ വരുമാന വർദ്ധക പദ്ധതികൾ വിലയിരുത്തുന്നതിനായി ഭവന സന്ദർശനം ആരംഭിച്ചു.

## Non - Conventional Energy And Alternative Technology

### ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം

കാരയ്ക്കാമല, പയ്യമ്പള്ളി, കമ്മന, ദാസനക്കര, ചുള്ളിയാന, തവിഞ്ഞാൽ തുടങ്ങിയ സ്ഥലങ്ങളിൽ ഫെബ്രുവരി മാസം 14 ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും ഇതിൽ 10 പ്ലാന്റുകൾ കമ്മീഷൻ ചെയ്യുന്നതിനും കഴിഞ്ഞു. കൂടാതെ കല്ലുവയൽ, തവിഞ്ഞാൽ, കമ്മന തുടങ്ങിയ സ്ഥലങ്ങളിൽ പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. കുറ്റിമൂലയിൽ വളരെ ചെലവ് കുറഞ്ഞതും അടുക്കളമാലിന്യങ്ങൾ ഉപയോഗിച്ച് ബയോഗ്യാസ് ഉത്പാദിപ്പിക്കുവാൻ കഴിയുന്നതുമായ പുതിയ മോഡൽ പ്ലാന്റിന്റെ പരീക്ഷണ നിർമ്മാണം പൂർത്തിയാക്കി. ഈ പ്ലാന്റിൽ നിന്നും നന്നായി ബയോഗ്യാസ് ലഭിക്കുന്നുണ്ട്.

### ആദിവാസി വികസന പരിപാടി ഔഷധനിർമ്മാണം

പരിസ്ഥിതിയിൽ നിന്നും അന്യമായികൊണ്ടിരിക്കുന്ന ഔഷധ സസ്യങ്ങളെ തിരിച്ച് കൊണ്ടുവരാനും യഥാർത്ഥ ഉപയോഗം മനസിലാക്കുവാനുമായി വരടിമൂല, തിണ്ടുമ്മൽ, ബാവലി എന്നീ കോളനികളിൽ ആരോഗ്യത്തെക്കുറിച്ചും, ഔഷധസസ്യങ്ങളെകുറിച്ചും ബോധവത്ക്കരണ ക്ലാസുകൾ നൽകി. തുടർന്ന് കോളനികളുടെ ചുറ്റുപാടുകളിൽ നിന്ന് ശേഖരിച്ച ഔഷധ സസ്യങ്ങൾ ഉപയോഗിച്ച് 'സഹ ദേവി ഗുളിക' ഉണ്ടാക്കുകയും കോളനിക്കാർക്ക് വിതരണം ചെയ്യുകയും ചെയ്തു. പനി, ജലദോഷം, ഛർദ്ദി, വായ്പുണ്ണ്, ദഹനക്കുറവ്, പുളിച്ച് തികട്ടൽ തുടങ്ങിയ രോഗങ്ങൾക്ക് ഈ ഗുളിക ഉപയോഗിക്കുന്നു. ക്ലാസുകൾക്ക് നേതൃത്വം നൽകിയത് സി. ഇന്നസെന്റ്, അനു ജോൺ എന്നിവരായിരുന്നു.

### കോഴികളെ വിതരണം ചെയ്തു

ആദിവാസി വികസന പരിപാടിയുടെ ഭാഗമായി 29 കുടുംബങ്ങളിൽ 149 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. വരുമാന വർദ്ധനവിന് പുറമെ, ആരോഗ്യ സംരക്ഷണം എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

### നേതൃത്വ പരിശീലനം

മാനന്തവാടി താലൂക്കിലെ തെരഞ്ഞെടുത്ത 42 കോളനികളിലെ ലീഡേഴ്സിനായി ഫെബ്രുവരി 26, 27 തീയതികളിൽ നേതൃത്വപരിശീലന ക്യാമ്പ് ബോയ്സ് ടൗൺ ട്രെയിനിംഗ് സെന്ററിൽ സംഘടിപ്പിച്ചു. 'ഭക്ഷ്യ സുരക്ഷ' എന്ന ആശയം മുൻ നിർത്തി സംഘടിപ്പിച്ച ശില്പശാലയിൽ 39 ലീഡേഴ്സ് പങ്കെടുത്തു. കോളനിയിലെ വികസന പ്രവർത്തനങ്ങൾ എങ്ങനെ മുന്നോട്ട് കൊണ്ടുപോകണമെന്നും അംഗങ്ങളുടെ സഹകരണം എങ്ങനെ ഉറപ്പുവരുത്താം എന്നതിനെക്കുറിച്ചും വ്യക്തമായ ക്ലാസുകൾ നൽകി.

### ചേന വിളവെടുപ്പ്

വരുമാന വർദ്ധക പരിപാടിയുടെ ഭാഗമായി കോളനികളിൽ ചേന കൃഷിയുടെ വിളവെടുപ്പ് നടത്തി. 11 സംഘങ്ങൾ ചേനകൃഷി നടത്തിയിരുന്നു.

### ലീഗൽ എയ്ഡ് സെന്റർ
### നിയമ ബോധവത്ക്കരണ ക്ലാസുകൾ

കുട്ടികൾക്കും സ്ത്രീകൾക്കുമെതിരെയുള്ള അക്രമങ്ങൾ ആദ്യഘട്ടത്തിൽ തന്നെ രമ്യമായും രഹസ്യമായും അതീവ ജാഗ്രതയോടുകൂടിയും സംസാരിച്ച് പ്രശ്നങ്ങൾ പറഞ്ഞുതീർക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി പഞ്ചായത്തുതലത്തിൽ രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതിയുടെ അംഗങ്ങൾക്കായുള്ള ഏകദിന ശില്പശാല 21-2-09 ന് പള്ളിക്കൽ സ്കൂളിൽ വച്ച് നടത്തി. 190 അംഗങ്ങൾ പങ്കെടുത്ത ക്ലാസിൽ സ്ത്രീ സംരക്ഷണ നിയമങ്ങളെക്കുറിച്ചും, സ്ത്രീയുടെ സംരക്ഷണം ആദ്യമായി ഉറപ്പു വരുത്തേണ്ടത് ആര്? എന്നതിനെക്കുറിച്ചും അഡ്വ. എൽബി മാത്യു ക്ലാസ് നയിച്ചു. നിയമത്തിന്റെ സംരക്ഷണം എന്തെങ്കിലും സംഭവിച്ചതിനുശേഷം മാത്രമാണ് ലഭിക്കുക എന്നും, യാതൊന്നും സംഭവിക്കാതെ, സാഹചര്യമൊരുക്കാതെ നോക്കേണ്ടത് സ്ത്രീ തന്നെയാണ് എന്നും ബോധവത്ക്കരണ ക്ലാസിൽ സംഭവങ്ങൾ പരാമർശിച്ചുകൊണ്ട് ബോധ്യപ്പെടുത്തി.

സ്ത്രീ സംരക്ഷണം - സ്ത്രീയുടെ പദവിയുടെ പ്രശ്നങ്ങൾ - പരിഹാരമാർഗ്ഗം - എന്നിവയെക്കുറിച്ച് 18- 2-09 ന് മാനന്തവാടി വ്യാപാരഭവനിൽ വച്ച് നടത്തിയ സെമിനാറിൽ അഡ്വ. എൽബി മാത്യു ക്ലാസ് നൽകി.

ശില്പശാലയുടെ മുന്നോടിയായും ശില്പശാലയുടെ പിൻതുടർച്ചയായും പാലമുക്കിലും, പുതിയിടംകുന്നിലും വച്ച് അഡ്വ. എൽബി മാത്യു ക്ലാസ് നയിച്ചു.

പിലാച്ചാൽ കുറിച്ച്യാ കോളനിയിലും, ബോയ്സ്ടൗൺ ട്രെയിനിംഗ് സെന്ററിലും വച്ച് നടത്തിയ ബോധവത്ക്കരണ ക്ലാസുകളിൽ ആദിവാസി സംരക്ഷണ നിയമത്തെക്കുറിച്ചും സമൂഹത്തിൽ സ്ത്രീകളും കുട്ടികളും കൂടുതൽ ബോധവാന്മാരായി, ചുറ്റുപാടുകളെ ജാഗ്രതയോടെ വീക്ഷിച്ച് പുതിയ സാഹചര്യങ്ങളെക്കുറിച്ച് പഠിച്ച്, ഇടപഴകണമെന്നും, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അക്രമങ്ങൾ, ചൂഷണങ്ങൾ ഒരു പരിധിവരെ നാം സ്വയം ശ്രദ്ധിക്കുന്നതുമൂലം ഒഴിവാക്കാൻ സാധിക്കുന്നതാണെന്നും ബോധ്യപ്പെടുത്തി.

**ഫാം വയനാട്**

കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന 8 സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ഫാം വയനാട് പദ്ധതി പ്രകാരം WSSS നേരിട്ട് പ്രവർത്തിക്കുന്ന മാനന്തവാടി, കോട്ടത്തറ, പടിഞ്ഞാറത്തറ പഞ്ചായത്തുകളിൽ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ഏകദിന ശില്പശാല നടത്തി.

ഫെബ്രുവരി 25-ാം തീയതി കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ വെണ്ണിയോട് കമ്മ്യൂണിറ്റി ഹാളിൽ വച്ച് പഞ്ചായത്ത്രാജ് സംവിധാനത്തെ ആസ്പദമാക്കി ഏകദിനശില്പശാല നടത്തി. WSSS ജോയിന്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ അദ്ധ്യക്ഷത വഹിക്കുകയും കോട്ടത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി പി. റ്റി. ലീല ശില്പശാല ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

ബിഫ്രണ്ടിംഗ് കോർഡിനേറ്റർ അനിൽതോമസ് പദ്ധതിയെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. വാർഡ് മെമ്പർമാരായ ശ്രീ. റ്റി. ജി. ശങ്കരൻ, ശ്രീ. കെ. പോൾ എന്നിവർ ആശംസകളർപ്പിച്ചു. വയനാട് ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. കെ. എൽ. പൗലോസ് പഞ്ചായത്ത്രാജ് സംവിധാനത്തെക്കുറിച്ച് മുഖ്യപ്രഭാഷണം നടത്തി.

ഫെബ്രുവരി 26-ാം തീയതി കണിയാരം സെന്റ് ജോസഫ്സ്

പാരീഷ്ഹാളിൽ വച്ച് പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ച് ഏകദിന ശില്പശാല നടത്തി. WSSS ജോയിന്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ അദ്ധ്യക്ഷത വഹിച്ചു. മാനന്തവാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വർക്കി മാസ്റ്റർ ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജോസഫ് നെച്ചിക്കാട്ട്, വാർഡ് മെമ്പർ ഗിരിജ ബാലകൃഷ്ണൻ എന്നിവർ ആശംസകളർപ്പിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. കെ. എൽ. പൗലോസ് വിഷയാവതരണം നടത്തി. കമ്മ്യൂണിററി ഫെഡിലിറ്റേറ്റർ അന്നമ്മ സെബാസ്റ്റ്യൻ സ്വാഗതവും കണിയാരം SWS സെക്രട്ടറി സാൽവി ചാക്കോ നന്ദിയും രേഖപ്പെടുത്തി.

ഫെബ്രുവരി 28-ാം തീയതി കുറുമ്പാല സെന്റ് ജോസഫ്സ് പാരീഷ് ഹാളിൽ വച്ച് ഭക്ഷ്യസുരക്ഷ എന്ന വിഷയത്തെ ആസ്പദമാക്കി പടിഞ്ഞാറത്തറ പഞ്ചായത്തിന്റെ പഞ്ചായത്തുതല ഏകദിന ശില്പശാല നടത്തി. SWS മേഖലാ ഡയറക്ടർ റവ. ഫാ. ചാക്കോ മേപ്പുറത്ത് ശില്പശാല ഉദ്ഘാടനം ചെയ്തു. WSSS NRM പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. എൻ. ജെ. ചാക്കോ അദ്ധ്യക്ഷത വഹിച്ചു. അരമ്പറ്റക്കുന്ന് ഗ്രന്ഥശാല പ്രസിഡണ്ട് ശ്രീ. കെ.ജെ. ജോൺസൺ, SWS സെക്രട്ടറി കുഞ്ഞുമോൻ വാക്കേടത്ത് എന്നിവർ ആശംസകളർപ്പിച്ചു. WSSS ജനറൽ കോർഡിനേറ്റർ കെ. ഒ. ജോയി വിഷയാവതരണം നടത്തി.

## ജൈവകാർഷികോൽപ്പന്ന വിപണനവിഭാഗം 5-ാം വർഷത്തിലേയ്ക്ക്

WSSS ലെ ജൈവകാർഷികോൽപന്ന വിപണനവിഭാഗം വിജയകരമായി 5-ാം വർഷത്തിലേയ്ക്ക് കടക്കുകയാണ്. 2004 ജനുവരിയിൽ ആരംഭിച്ച ജൈവോൽപന്നങ്ങളുടെ വിപണനം എല്ലാ വർഷവും വളർച്ച നേടികൊണ്ടിരിക്കുകയാണ്. ഏകദേശം 10 ലക്ഷം രൂപയുടെ വാർഷിക വിൽപ്പനയുമായി ആരംഭിച്ച ഈ പ്രസ്ഥാനം ഈ വർഷം 4 കോടിയോളം വിറ്റ് വരവ് നേടുകയുണ്ടായി. ഇതിനു പിന്നിൽ ഒത്തിരിയേറെ കർഷകരുടെ സഹകരണവും മേലധികാരികളുടെ നിതാന്തജാഗ്രതയും കാരണമായി. 86 കർഷകരിലൂടെ ആരംഭിച്ച ഈ സംരംഭം ഇന്ന് 2000 കർഷകരിലെത്തി നിൽക്കുന്നു. കൂടാതെ വയനാട്ടിലെ 80 ഓളം സ്ഥലങ്ങളിലെ കർഷക ഗ്രൂപ്പുകൾക്ക് അവരുടെ ഉൽപന്നങ്ങൾ ഉയർന്ന വിലയ്ക്ക് വിറ്റഴിക്കാൻ WSSS വഴി അവസരം ഒരുക്കുന്നു. കർഷകരുടെ പ്രധാന ഉല്പ്പന്നങ്ങളായ കാപ്പി, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, വാനില, ഗ്രാമ്പു, കറുകപ്പട്ട, ജാതി, ചക്ക മുതലായ ഉൽപ്പന്ന

ങ്ങൾ കർഷരിൽ നിന്നും സംഭരിച്ച് ദ്വാരകയിലുള്ള പ്രോസഡിംഗ് സെന്റർ വഴി സംസ്കരിച്ച് അമേരിക്ക, ജർമ്മനി, ഇംഗ്ലണ്ട് മുതലായ വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്തു വരുന്നു. കൂടാതെ ഡൽഹി, മുംബൈ, ബാഗ്ലൂർ, ഹൈദ്രാബാദ്, ചെന്നൈ, കൽക്കട്ട തുടങ്ങിയ ഇന്ത്യയിലെ വൻ നഗരങ്ങളിലേയ്ക്കും വിപണനം നടത്തി വരുന്നു. എല്ലാ വർഷവും നൂതന ഉൽപന്നങ്ങളുടെ സാങ്കേതിക വിദ്യ കണ്ടെത്തി അത്തരം ഉൽപന്നങ്ങൾ വിപണിയിലിറക്കാൻ നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

**BIO - FACH 2009**

രാജ്യാന്തര വിപണികൾ കണ്ടെത്തുന്നതിന്റെ ഭാഗമായി ജൈവോൽപ്പന്നങ്ങളുടെ ലോകത്തിലെ തന്നെ ഏറ്റവും പഴക്കമുള്ളതും, വലുതുമായ എക്സിബിഷൻ സംരംഭം BIO- FACH - 2009 ജർമ്മനിയിലെ ന്യൂറൻബർഗിൽ വച്ച് ഫെബ്രുവരി 19 മുതൽ 22 വരെ നടത്തപ്പെടുകയുണ്ടായി. തദവസരത്തിൽ WSSS നെ പ്രതിനിധീകരിച്ച് WSSS ഡയറക്ടർ ഫാ. ജോൺ ചൂരപ്പുഴയിൽ, മാർക്കറ്റിംഗ് മാനേജർ മാർട്ടിൻ. കെ. എൽ എന്നിവർ പങ്കെടുത്തു. തദവസരത്തിൽ നമ്മുടെ ജൈവ ഉല്പന്നങ്ങൾ പ്രത്യേകം തയ്യാറാക്കിയ സ്റ്റാളിൽ പ്രദർശിപ്പിക്കുകയുണ്ടായി. ഇന്ത്യാ ഗവൺമെന്റിന്റെ കാർഷികോല്പന്ന കയറ്റുമതി പ്രോത്സാഹന വിഭാഗമായ ADEDA തയ്യാറാക്കിയ പ്രത്യേക പവലിയനിൽ സ്പൈസസ് ബോർഡുമായി സഹകരിച്ചാണ് WSSS വേദിയൊരുക്കിയത്. സ്പൈസസ് ബോർഡിന്റെ പ്രത്യേക മേൽനോട്ടത്തിൽ വിദേശരാജ്യങ്ങളിലെ പ്രമുഖരായ ഇറക്കുമതിക്കാരെ കണ്ടെത്താൻ ഈ അവസരത്തിൽ സാധിച്ചു.

**റവ. ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

# വിദ്യാഭ്യാസ മണ്ഡലം

**മൂല്യാധിഷ്ഠിതം - സമഗ്രം - സകലർക്കും**

ഒരു അധ്യയനവർഷംകൂടി അവസാനിക്കുന്നു. നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ ഒരു കാര്യം വ്യക്തമാണ്. നമ്മുടെ വിദ്യാലയങ്ങളിൽ ഭൂരിപക്ഷവും ഏതെങ്കിലും ഒരു മേഖലയിലെങ്കിലും മറ്റുള്ളവർക്ക് മാതൃകയാക്കാവുന്നതും വിദ്യാർത്ഥികൾക്കും സ്ഥാപനത്തിനും നേട്ടങ്ങൾ ഉണ്ടാക്കാവുന്നതും - സാമൂഹ്യനന്മ ഉറപ്പുവരുത്താവുന്നതുമായ പ്രത്യേക പദ്ധതികൾ, നിർമ്മാണ പ്രവർത്തനങ്ങൾ പഠന പ്രവർത്തനങ്ങൾ, നടത്തി ശ്രദ്ധാകേന്ദ്രങ്ങളായിട്ടുണ്ട്. ആ സ്ഥാപനങ്ങളെയും ബന്ധപ്പെട്ട എല്ലാവരേയും അഭിനന്ദിക്കുന്നു.

നമ്മുക്ക് മുമ്പിൽ ഉദാഹരണങ്ങൾ നിരവധിയാണ്. അവയിൽ ചിലത് എടുത്ത് പറയാനാഗ്രഹിക്കുന്നു. ❖കൊട്ടിയൂരിന്റെ കായിക നേട്ടം ❖ കല്ലോടിയുടെ കലാനേട്ടം ❖ കബനിഗിരിയുടെ ബാലശാസ്ത്ര കോൺഗ്രസ്, പരിസ്ഥിതി കോൺഗ്രസ് നേട്ടങ്ങൾ ❖ദ്വാരക യു.പി.യുടെ സ്മാർട്ട് ക്ലാസ് റൂം, കുട്ടികൾക്ക് ലഭിക്കുന്ന പ്രത്യേക പരിശീലനം ❖ കണിയാരം എ.എൽ.പി.യുടെ പരിസര മനോഹാരിത, കഠിനപ്രയത്നം, P T A സഹകരണം ❖പുതിയിടം കുന്നിന്റെ സ്കൂൾ റേഡിയോ ❖ കല്ലോടി യു.പി.യുടെ കൈത്തറിയിലൂടെ കൈകോർക്കാം ❖തരിയോടിന്റെ സ്വർണ്ണഖനിതേടി ❖ ബത്തേരി അസംപ്ഷന്റെ ജലസർവ്വേ, ലൈബ്രറി നവീകരണഫണ്ട് ശേഖരണം ❖പഴൂരിന്റെ പരിസ്ഥിതി സൗഹൃദ വിദ്യാലയം, ❖ മണിമൂളിയുടെ സ്കൂൾ പത്രം ❖ കണിയാരം എച്ച്. എസ്. ന്റെ ഇന്റോ ജർമ്മൻ സൗഹൃദപദ്ധതി. ❖ പയ്യംമ്പള്ളി ഹയർ സെക്കന്ററിയിൽ കുട്ടികളുടെ നേതൃത്വത്തിൽ മനോഹരമാക്കിയ ക്ലാസ് ലൈബ്രറിയും ക്ലാസ് റൂമും, NSS നേതൃത്വം നൽകിയ മാലിന്യ സംസ്കരണവും, ❖2009 ജനുവരി 26-ന് ദ്വാരക യു.പി.

സ്കൂളിൽ നടത്തിയ സ്കൂൾ റിപ്പബ്ളിക് ദിനപരേഡ്. ഇങ്ങനെ നേട്ടങ്ങൾ നിരവധി. നേട്ടങ്ങളുടെ പട്ടിക നീളുമ്പോഴും ഇതൊന്നും വലിയ കാര്യമല്ലെന്ന വിധം നയം സ്വീകരിക്കുന്ന ചുരുക്കംപേർ ഇനിയും. അതു തുടരാൻ അനുവദിച്ചാൽ നാം ലക്ഷ്യമിടുന്ന കാര്യങ്ങൾ എളുപ്പമാകില്ല. അതിനാൽ എല്ലാവരും ഈ രംഗത്ത് അവരവരുടെ പങ്ക് വളരെ പ്രത്യേകമാംവിധം നിർവ്വഹിക്കണം. അങ്ങനെ എല്ലാവർക്കും ഏതെങ്കിലുമൊക്കെ മാതൃകാപരമായ നേട്ടങ്ങൾ നിർബന്ധം - ആലോചനയും നടപടികളും ഇപ്പോൾ തന്നെ ആരംഭിക്കുക.

**1. വാർഷികാഘോഷങ്ങളെ സംബന്ധിച്ച്**

കഴിഞ്ഞ വർഷത്തെ വാർഷികാഘോഷങ്ങളെ അടിസ്ഥാനപ്പെടുത്തി ചില നിർദ്ദേശങ്ങൾ നൽകുന്നു.

1) എല്ലാ വർഷവും വിപുലമായ ആഘോഷ പരിപാടികളോടെ വാർഷികം ആഘോഷിക്കണം.

2) ചട്ടങ്ങളും നിയമങ്ങളും ഡിപ്പാർട്ടുമെന്റ് നിർദ്ദേശങ്ങളുമനുസരിച്ച് ഏതെല്ലാം വിധത്തിൽ ആഘോഷം ഭംഗിയാക്കാമെന്ന് വളരെ മുൻകൂട്ടി മാനേജ്മെന്റ്, PTA., MPTA, വിദ്യാർത്ഥികൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുമായി ആലോചിച്ച് തീരുമാനം എടുക്കണം.

3) എല്ലാ അധ്യാപകർക്കും ഉത്തരവാദിത്വങ്ങൾ വീതിച്ച് നൽകണം. അവർ ''കർട്ടന് പിന്നിൽ നിന്ന്'' സഹകരിക്കണം. നേതാക്കൾക്ക് അവസരം നൽകുവാനുള്ളതല്ല, മറിച്ച് കുട്ടികളെ നേതാക്കളാക്കുവാൻ സഹായിക്കുന്നതാകണം വാർഷികാഘോഷങ്ങൾ. സ്വാഗതം, നന്ദിപ്രകടനം, വിഷയാവതരണം എന്നിങ്ങനെ വിദ്യാർത്ഥികൾക്ക് നടത്തിപ്പ് സംബന്ധമായ പരമാവധി കാര്യങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് ഏൽപ്പിക്കണം.

4) PTA., MPTA, വളരെ സജീവമാകുംവിധം സംഘാടനം ചിട്ടപ്പെടുത്തണം - പൂർവ്വ അധ്യാപകർക്കും പൂർവ്വവിദ്യാർത്ഥികൾക്കും സാന്നിദ്ധ്യ സാധ്യത ഉറപ്പ് വരുത്തണം. ഓരോ ഇനത്തിന്റെയും ഉത്തരവാദിത്വം പരിപാടി അവതരിപ്പിക്കുന്ന വിദ്യാർത്ഥികളുടെ മാതാപിതാക്കൾ അടങ്ങിയ PTA അംഗങ്ങൾക്ക് വീതിച്ച് നൽകണം. ഇത് ആരോഗ്യകരമായ മത്സരബുദ്ധിയോടെ ആകാം.

5) പൊതുസമ്മേളനം ഒരു മണിക്കൂറിൽ അധികരിക്കരുത്.

6) പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷപദവി - അഭിവന്ദ്യപിതാവ്, വികാ

രിജനറാള്‍, കോര്‍പ്പറേറ്റ് മാനേജര്‍, ലോക്കല്‍മാനേജര്‍, എന്നിവ രില്‍ ഒരാള്‍ക്ക് ലഭ്യതയും ക്രമവും അനുസരിച്ച് നല്‍കണം. (ഈ ക്രമം എല്ലാ പൊതുപരിപാടികള്‍ക്കും ബാധകമാണ്.)

7) സ്കൂള്‍ പ്രവര്‍ത്തനറിപ്പോര്‍ട്ട് ചിട്ടപ്പെടുത്തിയ രൂപത്തില്‍ എഴുതി വായിക്കണം. എല്ലാവര്‍ഷവും റിപ്പോര്‍ട്ട് തുടര്‍ന്നെഴുതാന്‍ പറ്റും വിധം "ലെഡ്ജര്‍ ടൈപ്പ് ബുക്ക്" ഉപയോഗിക്കണം. മാനേജ്മെന്റ്, PTA., MPTA, പ്രധാനാധ്യാപകര്‍, അധ്യാപകര്‍, സ്കൂള്‍ പാര്‍ല മെന്റ്, വിവിധ ക്ലബ് പ്രവര്‍ത്തനങ്ങള്‍, നേട്ടങ്ങള്‍, പ്രത്യേക പദ്ധ തികള്‍ എന്നിങ്ങനെ എല്ലാ കാര്യങ്ങളും കാര്യമാത്ര പ്രസക്തമായി റിപ്പോര്‍ട്ടില്‍ പ്രതിപാദിക്കണം.

8) കലാപരിപാടികളില്‍ പരമാവധി എല്ലാ കുട്ടികള്‍ക്കും അവസരം സൃഷ്ടിക്കണം.

9) കലാപരിപാടികളില്‍ അധ്യാപകരും പൂര്‍വ്വവിദ്യാര്‍ത്ഥികളും പങ്കാ ളികളാകണം.

10) വാര്‍ഷികശേഷം കഴിവതും അടുത്തദിവസം തന്നെ വരവ് ചെലവ് കണക്ക് ബന്ധപ്പെട്ട സമിതികളില്‍ അവതരിപ്പിച്ച് അംഗീകാരം വാങ്ങണം.

**2. എല്ലാവര്‍ക്കും ലാപ് ടോപ്പ്**

മാറ്റങ്ങളുടെ വേഗത കൂടിയിരിക്കുന്നു. അധ്യാപന ശൈലികള്‍ മാറി. പുതിയ തലമുറയിലെ വിദ്യാര്‍ത്ഥികള്‍ക്ക് അധ്യാപകരെക്കാള്‍ കമ്പ്യൂട്ടറില്‍ പരിജ്ഞാനമാകുന്നു. കമ്പ്യൂട്ടര്‍ പരിജ്ഞാനം ഇന്നിന്റെ അടിസ്ഥാന സാക്ഷരയാണ്, അടിസ്ഥാന ബോധന മാധ്യമവുമാണ്. മൂന്നു വര്‍ഷംകൊണ്ട് മുഴുവന്‍ അധ്യാപകര്‍ക്കും സ്വന്തമായൊരു ലാപ്ടോപ്പ് എന്നതാണ് ലക്ഷ്യം. അടുത്തവര്‍ഷം 150 അധ്യാപകര്‍ ലാപ്ടോപ്പ് ഉപയോഗിച്ച് ക്ലാസെടുക്കണം. ലാപ്ടോപ്പ് വാങ്ങുന്ന മുറയ്ക്ക് പരിശീലനവും ക്രമീകരിച്ചു കഴിഞ്ഞു. സാമ്പത്തിക സഹായം ആവ ശ്യമുള്ളവര്‍ക്ക് സൊസൈറ്റി വഴി വായ്പ തരപ്പെടുത്താന്‍ സാഹചര്യം ഒരുക്കാം. വാങ്ങാന്‍ ഉദ്ദേശിക്കുന്നവരുടെ പേര് വിവരം മാര്‍ച്ച് 28 നകം ഓഫീസില്‍ ഹെഡ്മാസ്റ്റര്‍മാര്‍ അറിയിക്കണം. ഒന്നിന്റെ വില 25000 രൂപയാണ്. ZENITH കമ്പനിയുടെ Medium Configuration നില്‍ പ്രത്യേ ക ഗുണമേന്‍മ ഉറപ്പാക്കിയിരിക്കുന്ന ലാപ്ടോപ്പുകളാണ്. സൊസൈറ്റി വഴി ലാപ്ടോപ്പ് വാങ്ങാന്‍ ആഗ്രഹിക്കുന്നവര്‍ക്ക് 12.5 % പലിശ വേണ്ടി വരും. 24 മാസം കൊണ്ട് തിരിച്ചടവ് ആഗ്രഹിക്കുന്നവര്‍ക്ക് 1183 രൂപ

പ്രതിമാസവും, 36 മാസംകൊണ്ട് തിരിച്ചടവ് ആഗ്രഹിക്കുന്നവർക്ക് പ്രതിമാസം 837 രൂപയും വരും.

**മാർച്ച് ഏപ്രിൽ മെയ് ജൂൺ മാസങ്ങളിൽ നടക്കേണ്ട പ്രധാന പ്രവർത്തനങ്ങൾ**

3. **"വിദ്യാജ്യോതി വിജയജ്യോതി"** പദ്ധതി പ്രകാരം നടത്തിയ പ്രവർത്തനങ്ങൾ, വർഷാവസാന വിലയിരുത്തൽ (ചോദ്യ പേപ്പർ നൽകിയിട്ടുണ്ട്) എന്നിവ സംബന്ധിച്ച റിപ്പോർട്ട് ഏപ്രിൽ 10-നകം ഓഫീസിൽ നൽകണം.

4. **യൂണിഫോം, നോട്ട്ബുക്ക്** എന്നിവ സംബന്ധിച്ച് ലഭിച്ച നിർദ്ദേശങ്ങളും എടുത്ത തീരുമാനങ്ങളും യഥാസമയം ബന്ധപ്പെട്ട സമിതികളിൽ ചർച്ച ചെയ്ത് സ്കൂൾ അടയ്ക്കുന്നതിനു മുമ്പ് വിദ്യാർത്ഥികളെയും രക്ഷിതാക്കളേയും അറിയിക്കണം.

5. **സ്കൂൾ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ,** ഫർണിച്ചർ, റിപ്പയർ എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആലോചനയും നടപടിയും ഉണ്ടാകണം.

6. **ഇംഗ്ലീഷ് പരിശീലനം -** ഇംഗ്ലീഷ് ട്രെയിനിംഗ് പ്രോഗ്രാമിന് പേര് തന്നിരിക്കുന്ന ടീച്ചേഴ്സ് ഏതു ബാച്ചിലാണ് ചേരുവാൻ ആഗ്രഹിക്കുന്നത് എന്ന കാര്യം ഹെഡ്മാസ്റ്റർ മാർച്ച് 31-ാം തീയതിക്ക് മുമ്പായി കോർപ്പറേറ്റ് ഓഫീസിൽ ഫോൺ വഴി അറിയിക്കേണ്ടതാണ്. വെക്കേഷൻ കാലത്തും തുടർന്നും പ്രത്യേക ഇംഗ്ലീഷ് പരിശീലനം ആഗ്രഹിക്കുന്ന കുട്ടികളെ കണ്ടെത്തി അവരുടെ ഫീസും ഇതരകാര്യങ്ങളും അറിയിക്കുകയും പഠിപ്പിക്കാൻ യോഗ്യരായ അധ്യാപകരെ പുറമേ നിന്ന് ഏർപ്പെടുത്തുകയോ, കോർപ്പറേറ്റിന്റെ സഹായം ആവശ്യപ്പെടുകയോ ചെയ്യാം.

7. **പുതിയ അഡ്മിഷൻ -** അടുത്ത അദ്ധ്യയനവർഷം മുതൽ ഒരു ഡിവിഷനിൽ അഡ്മിഷൻ കൊടുക്കാവുന്ന പരമാവധി കുട്ടികളുടെ എണ്ണം 45 ആയി നിജപ്പെടുത്തിയിരിക്കുന്നു. കുട്ടികളുടെ എണ്ണം പരിധിയില്ലാതെ വർദ്ധിച്ചാൽ ഗുണനിലവാരമുള്ള പഠനവും പഠിപ്പിക്കലും പ്രയാസമാകും. ഇതര സൗകര്യങ്ങളും കുറയും.

8. **സ്കൂൾ പ്രവർത്തനഫണ്ട് -** രൂപതാവിദ്യാഭ്യാസ നയം 4.1.3.6., 4.1.3.7. പ്രകാരം സ്കൂളിന്റെ പ്രവർത്തനത്തിനാവശ്യമായ ഏതെങ്കിലും സംഭാവനകൾ സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ

പ്രസ്തുത പ്രൊജക്ടുകൾ ഏപ്രിൽ 30-ന് മുമ്പായി സ്കൂൾ സ്റ്റാഫ് കൗൺസിൽ, സ്കൂൾ മാനേജ്മെന്റ് കമ്മറ്റിയുടെ നിർദ്ദേശത്തോടെ, മാനേജരുടെ അംഗീകാരത്തോടെ കോർപ്പറേറ്റ് ഓഫീസിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. കോർപ്പറേറ്റ് എഡ്യുക്കേഷനൽ ബോർഡിന്റെ അന്തിമ അംഗീകാരത്തിനു ശേഷമേ അഡ്മിഷൻ സംബന്ധമായ സംഭാവനകൾ സ്വീകരിക്കാൻ പാടുള്ളൂ. രൂപതാ വിദ്യാഭ്യാസ നയത്തിലെ മാർഗ്ഗരേഖകൾ ഇക്കാര്യത്തിൽ കർശനമായി പാലിക്കേണ്ടതാണ്.

9. **സ്കൗട്ട്, ഗൈയ്ഡ്സ്, ബുൾ ബുൾ, കബ്, റെഡ് ക്രോസ്, എൻ. സി. സി, എൻ. എസ്. എസ്, ഓവർറെയ്ഞ്ചർ** എന്നിവയിൽ സാധ്യമായവ- എല്ലാ വിദ്യാലയങ്ങളിലും അടുത്ത അദ്ധ്യയന വർഷം നിർബന്ധമായും ആരംഭിക്കണം. ഇതിലേക്കാവശ്യമായ ചാർജ്ജ് അധ്യാപരെ കണ്ടെത്തി **28-3-09 ന് ദ്വാരക എ.യു.പി. സ്കൂളിൽ 10 മണിമുതൽ വൈകുന്നേരം 4 മണി വരെ നടക്കുന്ന ആമുഖ പരിശീലനത്തിലേയ്ക്ക് അയയ്ക്കേണ്ടതാണ്.**

10. **അവധിക്കാല ക്യാമ്പുകൾ -** നിയമ തടസമില്ലാതെ അവധിക്കാലത്ത് നടത്താവുന്ന ക്യാമ്പുകൾ പ്ലാൻ ചെയ്ത് ഫലപ്രദമായി നടത്തുവാൻ മുൻകൂട്ടി ആലോചിക്കണം. ഇവ സംബന്ധിച്ച വിവരങ്ങൾ യഥാസമയം കോർപ്പറേറ്റ് ഓഫീസിൽ അറിയിക്കണം.

11. **യൂണിഫോം**

കോർപ്പറേറ്റ് സ്കൂളിന്റെ പുതിയ യൂണീഫോം സംബന്ധിച്ച സജീവ ചർച്ചകൾ കഴിഞ്ഞ കുറേ നാളുകളായി നടക്കുകയായിരുന്നു. പുതിയ പാറ്റേണുകൾ തീരുമാനിച്ചു. ഓരോ വിദ്യാലയത്തിന്റെയും താൽപര്യത്തിനനുസരിച്ച് സ്വീകരിക്കാവുന്ന നാലു കളറുകൾ ചിട്ടപ്പെടുത്തി എങ്കിലും കോർപ്പറേറ്റ് സ്കൂളുകൾക്ക് ഒരേ പാറ്റേണിൽ, ഒരേ കളറിൽ, ഒരേ ഐഡിന്റിറ്റി ഉള്ള യൂണീഫോം എന്ന ആശയത്തിനാണ് മാനേജർമാരുടെ യോഗത്തിൽ പ്രാമുഖ്യം ലഭിച്ചത്. ആ യോഗത്തിൽ എടുത്ത തീരുമാനം ഇപ്രകാരമാണ് "മാനന്തവാടി കോർപ്പറേറ്റിന് കീഴിലുള്ള എല്ലാ വിദ്യാലയത്തിലും ഒരേ പാറ്റേണും ഒരേ കളർ കോമ്പിനേഷനുമായിരിക്കണം. കോർപ്പറേറ്റ് കൂട്ടായ്മയും ശക്തിയും ബോധ്യപ്പെടുത്താൻ അതുപകരിക്കും. നമ്മുടെ കുട്ടികളെ എവിടെ വെച്ചും തിരിച്ചറിയാൻ ഇത് സഹായകമാകും" ഇതനുസരിച്ച് നമ്മുടെ മുഴുവൻ സ്കൂളുകളിലും ഒരേ കളറിലുള്ള യൂണീഫോം ചിട്ടപ്പെടുത്തുകയാണ്. യൂണീ

ഫോമിന്റെ മാറ്റസംബന്ധമായ കാര്യങ്ങൾ അധ്യാപകർ കുട്ടികളെ മുൻകൂട്ടി അറിയിക്കേണ്ടതാണ്. വിലയും മോഡലുകളും ഓരോ സ്കൂളുകളിലേയ്ക്കും നൽകുന്നതാണ്. പുതിയ അഡ്മിഷൻ എടുക്കുന്ന കുട്ടികൾക്കും പുതുതായി യൂണീഫോം വാങ്ങുന്നവർക്കുമാണ് പുതിയ യൂണീഫോം നിർബന്ധിതമാക്കേണ്ടത്. സൗജന്യമായി യൂണിഫോം ലഭിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ അത് നമ്മൾ അംഗീകരിച്ച പാറ്റേണിൽ ലഭ്യമാക്കാനുള്ള സാഹചര്യം ഒരുക്കണം.

**12. നോട്ടുബുക്ക്**

കോർപ്പറേറ്റ് എംബ്ലവും ആവശ്യമായ നിർദ്ദേശങ്ങളും പ്രധാനചട്ടങ്ങളും നിയമങ്ങളും നോട്ടുബുക്കിൽ ചേർത്തിരിക്കും. ഒപ്പം ഓരോ പേജിലും പ്രസക്തമായ ഉദ്ധരണികളും സന്ദേശ വാക്യങ്ങളും ഉണ്ടായിരിക്കും. അധ്യാപകർക്കും വിദ്യാർത്ഥിക്കും അവശ്യം രേഖപ്പെടുത്തേണ്ട വിവരങ്ങൾ ചേർക്കാൻ പ്രത്യേക പേജുകൾ ബുക്കിന്റെ പ്രത്യേകതയാണ്. ഓരോ വിഷയത്തിനും അനുയോജ്യമായ വിധമാണ് ബുക്ക് തയ്യാറാക്കുന്നത്. ഈ ബുക്കുകൾ പൊതു വിപണിയിൽ ലഭ്യമല്ലാത്ത വിവരം കുട്ടികളെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

**13. സ്കൂൾ ഡയറി**

അടുത്ത അധ്യയനവർഷം മുതൽ എല്ലാ വിദ്യാലയങ്ങളിലും സ്കൂൾ ഡയറി നടപ്പിലാക്കണം. ഡയറിയുടെ ഉള്ളടക്കത്തിൽ പൊതുവായ കാര്യങ്ങൾ C.D യിലാക്കി നൽകും. അതാത് സ്കൂളിൽ പ്രത്യേകം ചേർക്കേണ്ട കാര്യങ്ങൾ ഉൾപ്പെടുത്തി സ്കൂളുകളാണ് ഡയറി അച്ചടിക്കേണ്ടത്.

**14. അദ്ധ്യാപക കൺവെൻഷൻ 2009**

കോർപ്പറേറ്റിൽ ജോലി ചെയ്യുന്ന മുഴുവൻ അധ്യാപകരുടേയും ഒരു ഏകദിന സംഗമം 2009 മെയ് മാസം 30–ാം തീയതി മാനന്തവാടിയിൽ വച്ച് നടക്കും. എല്ലാവരും പങ്കെടുക്കണമെന്ന് വളരെ മുൻകൂട്ടി അറിയിക്കുന്നു. 10.00 am - 4.00 pm സമ്മേളന സ്ഥലത്ത് കൃത്യസമയത്തു തന്നെ എത്തിച്ചേരാൻ പ്രത്യേകം ശ്രദ്ധിക്കണം. അടുത്ത ഒരു വർഷത്തേയ്ക്കുള്ള നയപരിപാടികളുടെ വിശദീകരണവും മൾട്ടിപ്പിൾ ഇന്റലിജൻസി തിയറിയിലുള്ള പ്രത്യേക പരിശീലനവും ഉദ്ദേശിക്കുന്നു.

**15. പ്രധാനാധ്യാപകരുടെ ശ്രദ്ധയ്ക്ക്**

നമ്മുടെ സ്കൂളുകളിലെ എല്ലാ അധ്യാപകരുടെയും പേര്, സ്ഥാനം, സ്വന്തം ഇടവക/ സ്ഥലം Date of Joining, നാളിതുവരെ

സേവനം അനുഷ്ഠിച്ച സ്കൂളുകൾ, നിലവിലുള്ള സ്കൂളിൽ എത്ര വർഷം പൂർത്തിയാക്കി, എന്നിവ ഉൾപ്പെട്ട ഒരു ലിസ്റ്റ് ഏപ്രിൽ 5-ാം തീയതിക്കകം കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

**16. വിവിധ തരം പരിശീലനങ്ങളും അവസംബന്ധിച്ച വിവരങ്ങളും**

| | |
|---|---|
| പരിശീലനം | - ഇംഗ്ലീഷ് പരിശീലനം (ലാംഗേജ് ലാബ് ഉപയോഗിച്ച്) |
| പങ്കെടുക്കേണ്ടവർ | - ഇംഗ്ലീഷ് മീഡിയം ഡിവിഷനിൽ പഠിപ്പിക്കുന്നവർ, പഠിപ്പിക്കാനുദ്ദേശിക്കുന്നവർ |
| തീയതി | - 20-04-09 to 25-04-09 (5 days) |
| സ്ഥലം | - മേരിമാതാ കോളേജ് മാനന്തവാടി |
| സമയം | - 10 to 4 |
| പരിശീലനം | - ഇംഗ്ലീഷ് പരിശീലനം (നോൺ മലയാളി ടീച്ചേഴ്സ് നടത്തുന്നു) |
| പങ്കെടുക്കേണ്ടവർ | - ഇംഗ്ലീഷ് മീഡിയം ഡിവിഷനിൽ പഠിപ്പിക്കുന്നവർ, പഠിപ്പിക്കാനുദ്ദേശിക്കുന്നവർ |
| തീയതി | - 27-04-09, 10 am. to 01-05-09, 4.pm (5 days) |
| സ്ഥലം | - മേരിമാതാ കോളേജ് മാനന്തവാടി |
| സമയം | - റസിഡൻഷ്യൽ |
| പരിശീലനം | - IT പരിശീലനം |
| പങ്കെടുക്കേണ്ടവർ | - പുതിയ നിയമനത്തിനായി പരിശീലിപ്പിക്കപ്പെടുന്നവർ |
| തീയതി | - 20-04-09 to 16-05-09 |
| സ്ഥലം | - മേരിമാതാ കോളേജ് മാനന്തവാടി |
| സമയം | - റസിഡൻഷ്യൽ |
| പരിശീലനം | - IT പരിശീലനം |
| പങ്കെടുക്കേണ്ടവർ | - ലാപ് ടോപ്പ് വാങ്ങിയ അധ്യാപകർ |
| തീയതി | - 11-05-09 to 16-05-09 (6 days) |
| സ്ഥലം | - മേരിമാതാ കോളേജ് മാനന്തവാടി |
| സമയം | - 9 am to 5 pm |
| പരിശീലനം | - സ്കൗട്ട്, ഗൈഡ്, കബ്, ബുൾ ബുൾ, J.R.C. ect...ആമുഖ പരിശീലനം |
| പങ്കെടുക്കേണ്ടവർ | - സ്കൗട്ട്, ഗൈഡ്, കബ്, ബുൾബുൾ, J.R.C, N.C.C, Over Ranges എന്നിവയുടെ ചാർജ്ജ് വഹിക്കാൻ പുതുതായി നിർദ്ദേശിക്കപ്പെട്ട അധ്യാപകർ |

തീയതി - 28-03-09 (One day)
സ്ഥലം - ദ്വാരക യു.പി. സ്കൂൾ
സമയം - 10 am to 4 pm

മേൽപ്പറഞ്ഞ പരിശീലനങ്ങൾക്ക് ഇനിയും പേര് നൽകാത്തവർ ഈ സർക്കുലർ ലഭിച്ച് മൂന്ന് ദിവസത്തിനകം പേര് നൽകാവുന്നതാണ്. പങ്കെടുക്കേണ്ടവർ ഉണ്ടായിട്ടും പേര് നൽകാത്തതിന് വളരെ പ്രത്യേകമായ കാരണങ്ങളെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് പ്രധാനാധ്യാപകർ അടിയന്തരമായി മാനേജരെ അറിയിക്കണം.

**17. ശ്രദ്ധിക്കൂ.....**

താഴെപ്പറയുന്ന വിവിധതരം റിപ്പോർട്ടുകളും വിവരങ്ങളും അപേക്ഷകളും ഇനിയും നൽകാത്തവർ അവ ഉടനെ നൽകേണ്ടതാണ്.

1) വിദ്യാജ്യോതി വിജയദ്യോതി - പ്രാഥമിക റിപ്പോർട്ട്

2) പുതിയ നിയമനത്തിനായി പരിശീലനം നേടുന്ന അദ്ധ്യാപകരെ സംബന്ധിച്ചുള്ള റിപ്പോർട്ട്

3) ജീവനെക്കാരെ സംബന്ധിച്ച് രണ്ടുമാസത്തിലൊരിക്കൽ നൽകേണ്ട കോൺഫിഡൻഷ്യൽ റിപ്പോർട്ട്

4) വാർഷികാഘോഷത്തിന്റെ സംക്ഷിപ്ത റിപ്പോർട്ട്

5) ബെൽറ്റ് തയ്യാറാക്കാൻ സ്കൂൾ എംബ്ലത്തിന്റെ സ്കാൻ ചെയ്ത കോപ്പി

2008 ഒക്ടോബർ മാസത്തിൽ നടത്തിയ അധ്യാപക കൺവെൻഷനിൽ രൂപീകരിച്ച വിവിധ ഡിപ്പാർട്ടുമെന്റുകൾ സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 12 ഇന കർമ്മപദ്ധതി കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ നടപ്പിൽ വരുത്താൻ ആഗ്രഹിക്കുകയാണ്. ലോറൻസ് കോൾ ബർഗിന്റെ മോറൽ ഡവലപ്മെന്റ് തിയറിയും വിദ്യാഭ്യാസ മേഖലയിൽ നിറഞ്ഞുനിൽക്കുന്ന മൾട്ടിപ്പിൾ ഇന്റലിജൻസ് സിദ്ധാന്തവും അടിസ്ഥാനദർശനങ്ങളായിരിക്കും. രൂപതാ അക്കാഡമിക് കൗൺസിൽ, പ്രധാനാധ്യാപക സമ്മേളനം, പി.റ്റി.എ. പ്രതിനിധി സമ്മേളനം, ഡിപ്പാർട്ട്മെന്റ് തലവന്മാരുടെ കോൺഫറൻസ്, ലോക്കൽ മാനേജർമാരുടെ യോഗം എന്നിവയെല്ലാം അവതരിപ്പിക്കുകയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ച് മെച്ചപ്പെടുത്തുകയും ചെയ്തതിന് ശേഷമാണ് ഇവ നിങ്ങളുടെ അഭിപ്രായത്തിനും നിർദ്ദേശങ്ങൾക്കും സഹകരണത്തിനുമായി അറിയിക്കുന്നത്. പദ്ധതികളുടെ

ഓരോ മാസത്തെയും പ്രവർത്തനമാർഗ്ഗരേഖ രൂപപ്പെടുത്തുന്നു. നമ്മുടെ ലക്ഷ്യം **"മൂല്യാധിഷ്ഠിത സമഗ്രത എല്ലാവർക്കും"** എന്നതാണ്. 2009 മെയ് മാസം 30-ാം തീയതി മാനന്തവാടിയിൽ വച്ച് നടക്കുന്ന അധ്യാപക കൺവെൻഷനിൽ വച്ച് പഞ്ചവത്സര പദ്ധതിയിലെ 12 ഇന പരിപാടികളുടെ പൂർണ്ണരൂപം അവതരിപ്പിക്കപ്പെടും. അധ്യാപകരുടെ അവസാന ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി താഴെ 12 ഇന പരിപാടികൾ നൽകുന്നു. പ്രസ്തുത 12 ഇന പരിപാടികൾക്ക് ഉചിതമായ പേരുകൾകൂടി സ്വാഗതം ചെയ്യുന്നു.

**18. 12 ഇന പരിപാടികൾ**

1) **വിദ്യാജ്യോതി വിജയ ജ്യോതി:**

ഓരോ തലത്തിലും നേടേണ്ട കുറഞ്ഞ പഠന നിലവാരം ഉറപ്പുവരുത്തുകയെന്നതാണ് വിദ്യാജോതി. LP, UP, HS, HSSS തലങ്ങളിൽ ഇതിനാവശ്യമായ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടപ്പിലാക്കണം. "വിജയജ്യോതി" ഓരോ തലത്തിലും സമർത്ഥരായ കുട്ടികളെ കണ്ടെത്തി അവർക്കു കൂടുതലായി വളരുവാനും മികവ് തെളിയിക്കാനും പ്രത്യേക അവസരങ്ങളും പരിശീലനങ്ങളും ഒരുക്കുക.

2) **Standardization Programme**

5, 8, 11 ക്ലാസുകളിലേയ്ക്ക് പുതുതായി പ്രവേശനം ലഭിക്കുന്നവർക്ക് പുതിയ ക്ലാസിലേക്കാവശ്യം ഉണ്ടായിരിക്കേണ്ട ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള പ്രത്യേക പരിപാടിയാണിത്. വർഷാരംഭത്തിന് മുമ്പായി ഇതിനാവശ്യമായ പ്രവർത്തനങ്ങൾ നടക്കും. ഈ പദ്ധതിപ്രകാരം മെയ്മാസം മുതൽതന്നെ സ്കൂളിൽ പുതുതായി ചേരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുടെ ഗുണനിലവാര പരിശോധന നടത്തി അവധിക്കാലത്ത് പ്രത്യേക പരിശീലന പരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്. അധ്യാപകരുടെയും പൂർവ്വവിദ്യാർത്ഥികളുടെയും സേവനം ഇക്കാര്യത്തിലേയ്ക്കായി ഉപയോഗിക്കാവുന്നതാണ്.

3) **100% Attention Programme**

മൾട്ടിപ്പിൽ ഇന്റലിജൻസ് അടിസ്ഥാനമാക്കി ക്ലാസിലെ / സ്കൂളിലെ 100% കുട്ടികൾക്കും ശ്രദ്ധയും പരിഗണനയും ലഭിക്കുന്ന പദ്ധതിയാണിത്. ഇതിലൂടെ ഓരോ വിദ്യാർത്ഥിയേയും വിലയിരുത്തി അവനിലെ കഴിവുകൾ തിരിച്ചറിഞ്ഞ് ആ കഴിവിൽ വളരാനുള്ള സാഹചര്യം സൃഷ്ടിക്കണമെന്നതാണ് ലക്ഷ്യം. പത്താം ക്ലാസിൽ 20 % A+ എന്നതും ഈ പദ്ധതി പ്രകാരമുള്ള ലക്ഷ്യമാണ്.

### 4) Department & Club Formation

വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ഡിപ്പാർട്ടുമെന്റുകൾ രൂപീകരിച്ച് അധ്യാപകരെ വിഷയത്തിൽ ആഴമുള്ളവരാക്കുക. ഒപ്പം വിദ്യാർത്ഥികളെ വിവിധ ക്ലബ് പ്രവർത്തനങ്ങളിൽ പങ്കാളികളാക്കി അവരുടെ താൽപര്യ വിഷയങ്ങളിലും മേഖലകളിലും ശക്തിപ്പെടുത്തുകയെന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. ഓരോ മേഖലയിലേയും ഏറ്റവും പ്രഗത്ഭരായ പ്രശസ്തരെ നമ്മുടെ അധ്യാപകരും വിദ്യാർത്ഥികളുമായി ബന്ധപ്പെടുത്തുന്നതും ഈ പദ്ധതിയുടെ ഭാഗമാണ്.

### 5) National Integration Programme

എല്ലാ വിദ്യാലയങ്ങളിലും സ്കൗട്ട്, ഗൈഡ്, ബുൾബുൾ, കബ്, എൻ.സി.സി., എൻ.എസ്.എസ്., റോവർറെയ്ഞ്ചർ, ജെ.ആർ.സി. പോലുള്ള സന്നദ്ധ സേവനസംഘങ്ങൾ രൂപീകരിക്കുക. അതിലേക്ക് അധ്യാപകരെ പരിശീലിപ്പിക്കുക - അതുവഴി വിദ്യാർത്ഥികളും അധ്യാപകരും ദേശീയ ഉദ്ഗ്രദന രംഗത്ത് കരുത്തുറ്റവരാക്കുക. ദേശീയബോധം കാതലായ ചൈതന്യമാക്കുക.

### 6) School Counselling Programme

എല്ലാ വിദ്യാലയത്തിലും വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കൗൺസിലിംഗ് സൗകര്യം ഉറപ്പാക്കുക, അതിനായി ഹൈസ്കൂൾ, യു.പി. വിഭാഗങ്ങളിൽ ഓരോ കൗൺസിലേഴ്സിനെ നിയമിക്കുക. രക്ഷിതാക്കൾക്കും ഇതരകുട്ടികൾക്കും ബോധവൽക്കരണം നൽകുക. ഇതിലേക്ക് അധ്യാപകരെ പരിശീലിപ്പിക്കുക.

### 7) Morel Development Programme

ആഘോഷങ്ങളിലൂടെ ധാർമ്മികതയെ ഉറപ്പിക്കാൻ മാസാചരണങ്ങൾ, കുട്ടികൾക്ക് പ്രത്യേകമായി നൽകുന്ന പ്രോത്സാഹന സമ്മാനങ്ങൾ, അംഗീകാരങ്ങൾ, പോയിന്റുകൾ മുതലായവയിലൂടെ കുട്ടികളുടെ ധാർമ്മിക വളർച്ച ഉറപ്പാക്കുക. ലോറൻസ് കോൾബർഗിന്റെ മോറൽ ഡവലപ്മെന്റ് തീയറി അടിസ്ഥാനം.

### 8) പൂർവ്വവിദ്യാർത്ഥി അധ്യാപക സംഘടന

പൂർവ്വ വിദ്യാർത്ഥികളും പൂർവ്വ അധ്യാപകരും ഒരു സ്ഥാപനത്തിന്റെ ഏറ്റവും വലിയ സമ്പത്തും അഭിമാനവുമാണെന്ന് തിരിച്ചറിഞ്ഞ് അവരെ വിളിച്ചുകൂട്ടാനും ആദരിക്കാനും അവസരങ്ങൾ നൽകി പങ്കാളികളാക്കാനും വിവിധ പരിപാടികൾ ആലോചിച്ച് നടപ്പിലാക്കുക, എല്ലാ പൂർവ്വ വിദ്യാർത്ഥികളെയും തിരിച്ചറിയാനും ഒരുമിച്ചു ചേർക്കുവാനു

മുള്ള പദ്ധതികൾ, പഠനം പൂർത്തിയാക്കി പോകുന്ന വിദ്യാർത്ഥികളുടെ ഫോട്ടോ, പേരുകൾ സൂക്ഷിക്കൽ, പൂർവ്വവിദ്യാർത്ഥി അധ്യാപക സംഗമം മുതലായവ.

9) **Smart School Project**

സ്കൂളിന്റെ കെട്ടിലും മട്ടിലും അടുക്കും ചിട്ടയും സ്വീകാര്യതയും വരുത്തി സ്കൂൾ അന്തരീക്ഷവും നടപടിക്രമങ്ങളും മാതൃകാപരമാക്കുക അതുവഴി വിദ്യാർത്ഥികളുടെ ആത്മാഭിമാനം വളർത്തുക. എന്റെ വിദ്യാലയം എത്രമനോഹരം എന്ന ചിന്ത വളരണം, സ്കൂൾ യൂണിഫോമിന്റെ മാറ്റം, ഐഡിന്റിറ്റി കാർഡുകൾ, പരിസരം മനോഹരമാക്കൽ മുതലായവ.

10) **IT Programme**

മുഴുവൻ അധ്യാപകർക്കും IT പരിശീലനം നൽകുക - Lap top, LCD, Internet....... എന്നിങ്ങനെ IT യുമായി ബന്ധപ്പെട്ട അധ്യാപന സഹായികൾ ഉപയോഗിച്ച് അധ്യാപനം കാലികവും ഫലപ്രദവുമാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക. എല്ലാ അധ്യാപകർക്കും Lap top ലഭ്യമാക്കുക - കമ്പ്യൂട്ടർ സാക്ഷരത 100% അധ്യാപകർക്കും, വിദ്യാർത്ഥികൾക്കും ഉറപ്പുവരുത്തുക.

11) **English Programme**

എല്ലാ വിദ്യാലയങ്ങളിലും ഇംഗ്ലീഷ് ഡിവിഷൻ - Spoken English പരിശീലനം വിദ്യാർത്ഥികൾക്കും അധ്യാപകർക്കും, എല്ലാ സ്കൂളിലും നോൺ മലയാളി ഇംഗ്ലീഷ് ടീച്ചേഴ്സ് - ഇംഗ്ലീഷ് ഡിവിഷൻ അധ്യാപകർക്ക് പരിശീലനം.

12) **New Teachers Training Programme**

പുതിയ നിയമനത്തിന് മുമ്പ് അധ്യാപകരെ തികവിലേക്ക് നയിക്കുന്ന മൂന്ന് മാസത്തെ വിവിധ പരിശീലനങ്ങൾ, സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായ സേവനം.

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന 12 ഇന പരിപാടികളാണ് കോർപ്പറേറ്റ് സ്കൂളിൽ അടുത്ത വർഷം മുതൽ നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതികൾക്ക് ഉചിതമായ പേരുകൾ നൽകുവാൻ അധ്യാപകരേയും വിദ്യാർത്ഥികളേയും ക്ഷണിക്കുന്നു. തിരഞ്ഞെടുക്കപ്പെടുന്ന ഓരോ പേരുകൾക്കും 250 രൂപ വീതം സമ്മാനം നൽകുന്നതാണ്. ഏപ്രിൽ 30 ന് മുമ്പായി പേരുകൾ നൽകേണ്ടതാണ്.

**19. നമുക്ക് പരിചയപ്പെടാം**

1. **"CEADOM" - സെഡോം** - [Corporate Educational Agency Diocese of Mananthavady] - ഈ ചുരുക്കെഴുത്ത് നമ്മുടെ തിരിച്ചറിയൽ അടയാളമായി ഉപയോഗിക്കുകയും, മനസിലാക്കുകയും വേണം.
2. **രൂപത കോർപ്പറേറ്റിന്റെ പുതിയ എബ്ലം** ശ്രദ്ധിക്കുമല്ലോ. വിശദീകരണം പിന്നീട് നൽകാം.

**20.** സെഡോം ഓഫീസിൽ ഇലക്ട്രോണിക് സ്റ്റെൻസിൽ മിഷ്യന്റെ സേവനം ലഭ്യമാണ്. സ്കൂൾ ന്യൂസ് പേപ്പർ, മാസികകൾ, ന്യൂസ് ലെറ്റർ മുതലായവ ചുരുങ്ങിയ ചെലവിൽ പ്രിന്റ് ചെയ്യാനുള്ള സൗകര്യം സ്കൂളുകൾക്ക് ലഭിക്കുന്നതാണ്.

**നമുക്ക് ആദരാഞ്ജലി അർപ്പിക്കാം**

കോർപ്പറേറ്റ് കുടുംബത്തിലെ ഒരംഗം, തവിഞ്ഞാൽ സെന്റ് തോമസ് യു. പി. സ്കൂൾ അദ്ധ്യാപകൻ ബിജു തോമസ് 11-3-09 ബുധനാഴ്ച അപകടമരണം വഴി നമ്മിൽ നിന്ന് വേർപിരിഞ്ഞ ദുഃഖവാർത്ത നാമെല്ലാവരും അറിഞ്ഞതാണ്. പരേതന്റെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ നമുക്കും പങ്കുചേരാം. ബിജു സാറിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ആത്മാവിന് നിത്യശാന്തി നേരുന്നു.

പ്രവർത്തനവർഷത്തിൽ ആത്മാർത്ഥമായി സഹകരിച്ച എല്ലാ അധ്യാപകരേയും നന്ദിയോടെ അനുസ്മരിക്കുന്നു. പ്രത്യേകിച്ച് ദീർഘകാലത്തെ സേവനത്തിന് ശേഷം സർവ്വീസിൽ നിന്ന് വിരമിച്ചവരേയും. ഒത്തൊരുമിച്ച് നമുക്ക് മുന്നേറാം. കേരളത്തിലെ ഏറ്റവും മികച്ച വിദ്യാലയങ്ങൾ എന്ന നിലയിലേയ്ക്ക് ഉയരുവാനുള്ള നമ്മുടെ പരിശ്രമങ്ങളെ നല്ല ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. നിങ്ങൾക്കെല്ലാ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**ഫാ. റോബിൻ**
കോർപ്പറേറ്റ് മാനേജർ

# ന്യൂമാൻസ് കോളേജ്

**'ALIVE' എന്ന CAREER DIRECTORY**

ന്യൂമാൻസ് കോളേജിൽ പ്രവർത്തിക്കുന്ന കരിയർ ഗൈഡൻസ് സെൽ ALIVE എന്ന പേരിൽ അറിയപ്പെടുന്നു. Advanced Learning In Vocational Enterprises എന്നാണതിന്റെ പൂർണ്ണരൂപം. ഉയർന്ന കോഴ്സുകളും, തൊഴിൽ സാധ്യതകളും അന്വേഷിക്കുന്നവർക്കും ഒരു ചൂണ്ടു പലകയാകുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം. നിസ്സം ഗതയും, നിർജ്ജീവത്വവും വെടിഞ്ഞ് ജീവിതം തളിരിട്ട്, മൊട്ടിട്ട്, പുഷ്പ്പിച്ച്, വിടർന്ന്, വിരാജിച്ച്, സജീവമാകട്ടെ, ഉജ്ജ്വലമാകട്ടെ എന്നാണ് ALIVE എന്ന ആംഗലേയ പദം കൊണ്ടുദ്ദേശിക്കുന്നത്. സെല്ലിന്റെ ആപ്തവാക്യമായി സ്വീകരിച്ചിരിക്കുന്ന, A Helping Hand to Help Yourself '. നിങ്ങളെത്തന്നെ സഹായിക്കാൻ ഞങ്ങളുടെ ഒരുസഹായഹസ്തം എന്നത് പേരിനോട് ചേർന്നു പോകുന്നതാണ്. വയനാട്ടിലെ യുവതലമുറയ്ക്ക് തൊഴിൽ സാധ്യതയുള്ള വിവിധതരം കോഴ്സുകളെക്കുറിച്ചും, നൽകുന്ന സ്ഥാപനങ്ങളെക്കുറിച്ചും ആധി കാരികമായ അറിവ് നൽകുന്നതോടൊപ്പം അഡ്മിഷൻ, പ്ലേസ്മെന്റ് എന്നിവയും ഞങ്ങളുടെ കർമ്മ പരിപാടികളുടെ ഭാഗമാണ്. ഇതിനകം തന്നെ ഈ സെല്ലിലൂടെ വദ്യാർത്ഥികൾക്ക് വിവിധ പ്രൊഫഷണൽ സ്ഥാപനങ്ങളിൽ അഡ്മിഷൻ തരപ്പെടുത്തികൊടുക്കാനും. തൊഴില ന്വേഷകർക്ക് തൊഴിൽ നേടികൊടുക്കാനും സാധിച്ചിട്ടുണ്ട്.

ഇന്ന് പരമ്പരാഗതമായ കോഴ്സുകൾക്കു പുറമെ പുതിയ തൊ ഴിൽ സംരംഭങ്ങൾക്ക് സാധ്യത നൽകുന്ന ധാരാളം നൂതനമായ കോഴ്സുകളുമുണ്ട്. പലരീതിയിലും പിന്നോക്കം നിൽക്കുന്ന ജില്ലയാണ് വയനാടെങ്കിലും പുതുമയുള്ളതും തൊഴിലധിഷ്ഠിതവുമായ കോഴ്സു കൾ നൽകുന്ന സ്ഥാപനങ്ങൾ ഈ ജില്ലയിലുമുണ്ട്. വയനാട് ജില്ലയ്ക്ക് ഡയറക്ടറിയിൽ പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. കോഴ്സുകളും തൊഴിലുകളും തിരഞ്ഞെടുക്കാൻ വിദ്യാർത്ഥികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ കരീയർ ഡയറക്ടറി തയ്യാറാക്കി

യിരിക്കുന്നത്. ന്യൂമാൻസ് കോളേജിൽ പ്രവർത്തിക്കുന്ന 'ALIVE' എന്ന കരീയർ ഗൈഡൻസ് ആന്റ് പ്ലേസ്മെന്റ് സെല്ലിന്റെ കർമ്മപരിപാടികളുടെ ഭാഗമായിട്ടാണ് ഇതിനെ രൂപകൽപ്പന ചെയ്തിരിക്കുന്നത്. വയനാട് ജില്ലയിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊടുത്തുകൊണ്ടിരിക്കുന്ന Professional & Vocational കോഴ്സുകളുടെ വിശദവിവരങ്ങൾ ഡയറക്ടറി നൽകുന്നുണ്ട്. കൂടാതെ കേരളത്തിനകത്തും പുറത്തും തൊഴിൽ സാധ്യതയുള്ള കോഴ്സുകളുടെ വിശദാംശങ്ങളും, സ്ഥാപനങ്ങളുടെ അഡ്രസ്സ് സഹിതം ഡയറക്ടറിയിൽ കൊടുത്തിട്ടുണ്ട്. കോഴ്സുകളുടെ തെരഞ്ഞെടുപ്പിൽ പ്രാധാന്യമർഹിക്കുന്നതും തൊഴിൽ കേന്ദ്രീകൃതവുമായ ബിരുദബിരുദാനന്തര കോഴ്സുകളാണ് ഇതിൽ ചേർത്തിരിക്കുന്നത്. കേരളത്തിനകത്തുള്ള മിക്ക സ്ഥാപനങ്ങളെയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരളത്തിന് പുറത്തുള്ള പ്രശസ്തമായതും വിശ്വസനീയമായ ചുരുക്കം ചില സ്ഥാപനങ്ങളും അവയുടെ കോഴ്സുകളേയും കുറിച്ചുള്ള വിവരങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കേന്ദ്ര സർക്കാർ അംഗീകൃതവും, യൂണിവേഴ്സിറ്റി, സാങ്കേതിക വിദ്യാഭ്യാസ ബോർഡുകൾ നൽകുന്നതും പി.എസ്.സി അംഗീകൃതവുമായ ആധികാരിക സർട്ടിഫിക്കറ്റുകൾ നൽകുന്ന കോഴ്സുകൾക്കാണ് പ്രാധാന്യം നൽകിയിരിക്കുന്നത്.

പ്ലസ്സ് ടു കഴിഞ്ഞ് ഇനി എന്ത്, എങ്ങോട്ട് എന്നീ ചോദ്യങ്ങൾക്ക് കുട്ടികളുടെ ഭാവിയെ കുറിച്ച് ആശങ്കയും ഉത്കണ്ഠയുമുള്ള മാതാപിതാക്കൾക്കും, ശോഭനവും സുരക്ഷിതവുമായ ഒരു ഭാവി സ്വപ്നം കാണുന്ന ഇളം തലമുറക്കും ഈ ഡയറക്ടറി വഴികാട്ടിയാകട്ടെ എന്ന പ്രാർത്ഥനയോടെ ആശംസകളോടെ സവിനയം നിങ്ങൾക്കായി ഈ സംരംഭം സമർപ്പിക്കുന്നു.

ഇനി ഏത് കോഴ്സ്, ഇനി ഏത് ജോലി ... എന്നീ ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാതാകുമ്പോൾ നിങ്ങൾക്ക് ധൈര്യമായി ന്യൂമാൻസ് കോളേജിൽ പ്രവർത്തിക്കുന്ന ALIVE എന്ന കരിയർ ഗൈഡൻസ് സെല്ലിലേക്ക് കടന്നു വരാം. ഫോണിലൂടെയും വിവരങ്ങൾ അന്വേഷിക്കാം. ഡിറക്ടറിയുടെ വില 35 രൂപയാണ്. കോളേജിലും മാനന്തവാടി പ്രദേശത്തുമുള്ള ബുക്ക് സ്റ്റാളുകളിലും ഡിറക്ടറി ലഭ്യമായിരിക്കും.

Address: ALIVE
Career Guidance and Placement Cell
Newman's College, Mananthavady,
Ph: 04935-240460, Mob: 9447347565, 9496341875
E-mail :newmansmtdy@ymail.com



# അറിയിപ്പുകൾ

**1) വൈദികർക്ക് റിന്യൂവൽ കോഴ്സ്**

N.B.C.L.C. വൈദികർക്കായി പാസ്റ്ററൽ മിനിസ്ട്രിയുടെ ഒരു കോഴ്സ് സംഘടിപ്പിക്കുന്നു. 2009 നവംബർ 1 മുതൽ 21 വരെയാണ് കോഴ്സ്. താൽപര്യമുള്ളവർ താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക.

The Director, NBCLC
Post Bag 8426
Hutchins Road, 2nd Cross
Bangalore - 560084

**2) ദൈവവിളിക്യാമ്പ്**

**ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ (FCC)**

ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷനിൽ ചേരാനാഗ്രഹിക്കുന്ന പെൺകുട്ടികൾക്കായുള്ള ദൈവവിളി ക്യാമ്പ് 2009 ഏപ്രിൽ 4-ന് വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് 8-ന് രാവിലെ 8 മണിവരെ മാനന്തവാടി പ്രൊവിൻഷ്യൽ ഹൗസിൽ (ദീപ്തിഭവൻ) വച്ച് നടത്തപ്പെടുന്നു. വിവരങ്ങൾക്ക്:

The Vocation Promoter
Deepthi Bhavan
Mananthavady P.O.
Wayanad 670645
Ph: 04935-240336

**3) റേഡിയോ മാറ്റൊലി : മെയ് ഒന്നിന് സ്വിച്ച് ഓൺ കർമ്മം; ഉദ്ഘാടനം മെയ് നാലിന്**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മാനന്തവാടി രൂപതയിൽ ആരംഭിക്കുന്ന കമ്മ്യൂണിറ്റി റേഡിയോ

യുടെ സ്വിച്ച് ഓൺ കർമ്മം രൂപതാ ദിനമായ മെയ് ഒന്നിന് നടക്കുന്ന പൊതുസമ്മേളനത്തിൽ വെച്ച് രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം നിർവ്വഹിക്കും. നിലയത്തിന്റെ ഔപചാരികമായ ഉദ്ഘാടനം മെയ് നാലിന് തിങ്കളാഴ്ച ഉച്ചയ്ക്ക് രണ്ടുമണിക്ക് കേന്ദ്ര സംസ്ഥാന ഉദ്യോഗസ്ഥർ പങ്കെടുക്കുന്ന ചടങ്ങിൽ വെച്ച് നടത്തുന്നതാണ്.

വയനാട് ജില്ലയുടെ സാമൂഹ്യവും, സാമ്പത്തികവും, സാംസ്കാരികവും, വിദ്യാഭ്യാസപരവുമായ പുരോഗതിയെ ലക്ഷ്യം വെക്കുന്നവയാകും 'മാറ്റൊലി' പ്രക്ഷേപണം ചെയ്യുന്ന പരിപാടികൾ. ജാതിമത ഭേദമെന്യേ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെയും സഹകരണത്തോടെയുമാണ് പ്രക്ഷേപണ പരിപാടികൾ തയ്യാറാക്കുന്നത്.

കർഷകർ, കർഷക തൊഴിലാളികൾ, ആദിവാസികൾ, അസംഘടിത തൊഴിലാളികൾ, സ്ത്രീകൾ, കുട്ടികൾ, ഉദ്യോഗാർത്ഥികൾ, വിദ്യാർത്ഥികൾ, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ ഇവരുടെയെല്ലാം ആഗ്രഹങ്ങളും സ്വപ്നങ്ങളും റേഡിയോ തരംഗങ്ങളായി വയനാടിന്റെ വിഹായസ്സിൽ മാറ്റൊലി കൊള്ളും; മാറ്റത്തിന്റെ ശംഖൊലിയായി മാറും. കേരള ചരിത്രത്തിലാദ്യമായി ആദിവാസി ഭാഷകളിൽ 'റേഡിയോ മാറ്റൊലി'യിൽ നിന്നും വിവിധങ്ങളായ പരിപാടികൾ ശ്രവിക്കാനാവും. എല്ലാ റേഡിയോ സെറ്റുകളിലും, ഒട്ടുമിക്ക വാഹനങ്ങളിലും, ചില മൊബൈൽ ഫോണുകളിലും 'മാറ്റൊലി'യുടെ 90.4 MHz ലുള്ള FM പ്രക്ഷേപണം ലഭ്യമായിരിക്കും.

കേന്ദ്ര സർക്കാർ നയങ്ങൾക്ക് വിധേയമായി ശ്രോതാക്കൾക്ക് പ്രസക്തവും, ഗുണകരവും, വിജ്ഞാനപ്രദവുമായ വിഷയങ്ങളും, അറിയിപ്പുകളും, വാർത്താധിഷ്ഠിത പരിപാടികളും വിവിധ വിനോദപരിപാടികളുമാണ് മാറ്റൊലിയിലൂടെ പ്രക്ഷേപണം ചെയ്യുക. പരിമിത സമയത്തേക്കുള്ള റേഡിയോ പരസ്യങ്ങളാണ് നിലയത്തിന്റെ പ്രവർത്തനത്തിനാവശ്യമായ സാമ്പത്തിക സ്രോതസ്സ്.

തുടക്കത്തിൽ മാനന്തവാടി താലൂക്കിലെ 2,42,125 ജനങ്ങൾക്കും വൈത്തിരി, ബത്തേരി താലൂക്കുകളിലെ ഏകദേശം ഒരു ലക്ഷം പേർക്കും പരിപാടികൾ ശ്രവിക്കാനാവും. മാനന്തവാടിക്കടുത്ത് ദ്വാരകയിലാണ് റേഡിയോ നിലയം സ്ഥിതി ചെയ്യുന്നത്. പ്രക്ഷേപണത്തിനുള്ള ടവർ സ്ഥാപിച്ചിരിക്കുന്നത് സിയോൺ ചാപ്പലിന്റെ സമീപത്താണ്.

ആരംഭഘട്ടത്തിൽ രാവിലെയും, ഉച്ചക്കും, വൈകുന്നേരവും രണ്ടു മണിക്കൂർ വീതമായിരിക്കും പ്രക്ഷേപണമുണ്ടാവുക. മാറ്റൊലി "മറ്റൊരു റേഡിയോ അല്ല; വ്യത്യസ്തമായ ഒന്നാണ്". സാധാരണക്കാർ അറിയേണ്ടതും, അവർക്ക് പറയാനുള്ളതും; അതാണ് മാറ്റൊലിയായി, മാറ്റത്തിന്റെ ശംഖൊലിയായി മെയ് ഒന്നു മുതൽ അന്തരീക്ഷത്തിൽ അലയടിച്ചു തുടങ്ങുക. അത്യാധുനിക സൗകര്യങ്ങളോടു കൂടിയ വയനാട്ടിലെ ആദ്യത്തെ ഓഡിയോ സ്റ്റുഡിയോ ഏപ്രിൽ 2-ന് പ്രവർത്തനമാരംഭിക്കും.

ഏവരുടെയും സഹായസഹകരണങ്ങളും, ക്രിയാത്മക നിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്നു.

**ഫാ. തോമസ് ജോസഫ് തേരകം**
സ്റ്റേഷൻ ഡയറക്ടർ

### 4) POPE JOHN PAUL II INSTITUTE OF COUNSELLING AND BIOETHICS

### 1. DIPLOMA IN COUNSELLING PSYCHOLOGY

താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിലുള്ള Pope John Paul II of Counselling & Bioethics ഒരു വർഷത്തെ ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി (Diploma in Counselling Psychology) കോഴ്സ് നടത്തുന്നു. കൗൺസിലിംഗിനെ സംബന്ധിച്ച അടിസ്ഥാനപരവും ആധുനികവും ശാസ്ത്രീയവുമായ സമഗ്രപരിശീലനം നൽകി പക്വതയാർന്ന മനഃശാസ്ത്ര കൗൺസിലേഴ്സിനെ രൂപപ്പെടുത്തുവാനുള്ള പരിശീലനപദ്ധതിയാണിത്. പൂർണ്ണമായും റെസിഡൻഷ്യലായ ഈ കോഴ്സ് 2009 ജൂൺ 1 ന് ആരംഭിച്ച് 2010 മാർച്ച് 31 ന് അവസാനിക്കും. ഒരു മാസം നീണ്ടുനിൽക്കുന്ന പ്രായോഗിക കൗൺസിലിംഗ് പരിശീലനവും സമഗ്ര വ്യക്തിത്വവികസനത്തിനുള്ള മറ്റു പരിശീലന പരിപാടികളും ഈ കോഴ്സിന്റെ പ്രത്യേകതകളാണ്. വ്യക്തിഗത കൗൺസിലിംഗ്, ഫാമിലി കൗൺസിലിംഗ്, സ്കൂൾ കൗൺസിലിംഗ്, പാസ്റ്ററൽ കൗൺസിലിംഗ് എന്നീ മേഖലകളിൽ പ്രവർത്തിക്കാൻ ആവശ്യമായ പ്രാവീണ്യം നേടാൻ പര്യാപ്തമായ വിധത്തിലാണ് ഈ കോഴ്സ് ക്രമീകരിച്ചിരിക്കുന്നത്. ഈ കോഴ്സിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 2009 മെയ് 10-ാം തീയതിക്കു മുമ്പായി പേരു രജിസ്റ്റർ ചെയ്യേണ്ടതാണ്.

**II. DIPLOMA IN GERIATRIC COUNSELLING**

താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിലുള്ള Pope John Paul II of Counselling & Bioethics ഒരു മാസത്തെ Diploma in Geriatric Counselling Course സംഘടിപ്പിക്കുന്നു. വാർദ്ധക്യത്തെ സംബന്ധിച്ച വൈദ്യശാസ്ത്രപരവും മനഃശാസ്ത്രപരവുമായ സമീപനങ്ങളെ സമന്വയിപ്പിച്ച് വൃദ്ധസദനങ്ങളിൽ ഫലപ്രദമായ ശുശ്രൂഷ നൽകാൻ സമർപ്പിതരെ പ്രാപ്തരാക്കുന്ന സമഗ്ര പരിശീലന പദ്ധതിയാണിത്. പൂർണ്ണമായും റെസിഡൻഷ്യലായ ഈ കോഴ്സ് 2009 മെയ് 1 -ാം തീയതി ആരംഭിച്ച് മെയ് 31 -ാം തീയതി അവസാനിക്കുന്നു. ഈ കോഴ്സിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 2009 ഏപ്രിൽ 20-ാം തീയതിക്കു മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

അപേക്ഷാ ഫോറത്തിനും വിശദ വിവരങ്ങൾക്കുമായി ബന്ധപ്പെടുക:

Rev. Dr. Abraham Pulinchuvattil
Director, Pope John Paul II Institute of
Counselling & Bioethics
PMOC, Marikunnu P.O.
Kozhikode - 673012
Tel - 0495 - 2730860, 2730870
Mob: 9447385472
E - mail: Pulinchuvattil@ rediffmail.com



# Programme

## PASTORAL CENTRE, DWARAKA

### *April - 2009*

| | |
|---|---|
| *March 31- April 3* | *Vocation Camp (Girls)* |
| *3* | *Zion CRC : Night Vigil* |
| *4* | *Zion CRC : Prayer Day,* |
| | *Christeen Prayer Day* |
| *4-8* | *Marriage Preparation Course* |
| *12* | *EASTER* |
| *13-15* | *Catechism : Valuation Camp* |
| *15-18* | *Vocation Camp (Boys)* |
| *19-22* | *Marriage Preparation Course* |
| *23-26* | *Christeen : Retreat* |
| *27-30* | *Marriage Preparation Course* |
| *30* | *CML Executive and Team Meeting* |

**Rev. Fr. Mathew Madapallikunnel**
Director, Pastoral Centre



# Bishop's Programme

## 2009 April

| | | |
|---|---|---|
| 1 Wed | ............ | Back From Madras |
| 2 Thu | ............ | Mount Mary College: Minor Orders |
| 3 Fri 4 Sat | ..... | Out of Station |
| 5 Sun | ............ | Cathedral : Palm Sunday |
| 6 Mon | Morning | Cathedral : Death Anniversary of Bishop Mar Emmanuel Pothanamuzhy |
| | Evening | Annual Gathering of PG Seminarians |
| 7 Tue 8 Wed | ... | Annual Gathering of PG Seminarians |
| 9 Thu | ............. | Cathedral : Maunday Thursday |
| 10 Fri | ............. | Cathedral : Good Friday |
| 12 Sun | ............. | Cathedral : Easter |
| 13 Mon 14 Tue | .. | Ernakulam : KLM Women Empowerment Programme |
| 15 Wed | ............ | Machikolly : Priestly Ordination of Deacon Jerry Onampally |
| 16 Thu | Afternoon | Peruvaka : Convocation: St. Ann's Juniorate |
| 17 Fri | ............ | Out of Station |
| 18 Sat | Morning | Thalappuzha : Priestly Ordination of Deacon Vinod Pakkanikuzhiyil |
| | Afternoon | Adackathode : Conclusion of Parish Jubilee |

| | | |
|---|---|---|
| 19 Sun | Morning | Kuttimoola : First Communion & Confirmation |
| | Afternoon | Chithragiri : Blessing of presbytery |
| 20 Mon | ............. | Muthireri : First Communion & Confirmation |
| 21 Tue | Afternoon | Rippon |
| 22 Wed | ............ | Thonichal : Vestition and First Profession of SKD Novices |
| 23 Thu | ............ | Niravilpuzha : Blessing of Church |
| 24 Fri | 25 Sat ... | Out of station |
| 26 Sun | Morning | Thonichal : SKD Synaxis |
| | Afternoon | Chundakkara : Conclusion of Parish Jubilee |
| | Evening | Beginning of Major Seminarians' Gathering |
| 27 Mon | Morning | Vestition of Major Seminarians |
| | Afternoon | Vanjode : Holy Mass |
| 28 Tue | Morning | Chungakunnu : Priestly Ordination of Deacon Santhosh Anakkallil SAC |
| | Afternoon | Major Seminarians' Gathering |
| 29 Wed | Morning | Dwaraka : Vestition & First Profession of SABS Novices |
| | Afternoon | Kaniambetta : Blessing of FCC Convent |
| 30 Thu | ............ | Interview : Candidates to the Minor Seminary |

## 2009 May

| | | |
|---|---|---|
| 1 Fri | ............ | Diocesan day |
| 2 Sat | Morning | Kayyunny: First Communion & Confirmation |
| | Afternoon | Dharmagiri: First Communion & Confirmation |

| | | |
|---|---|---|
| 3 Sun | .............. | Prasanthagiri: First Communion & Confirmation |
| 4 Mon | Morning | Vincentgiri: Final Profession |
| | Noon | Dwaraka: Inauguration of Radio Mattoli |
| | Evening | Perikkalloor : Parish day |
| 5 Tue | ............. | Dwaraka : Vestition & First Profession of SH Novices |
| 6 Wed | ............ | Nadavayal : Vestition & First Profession of CMC Novices |
| 7 Thu | 19 July | Abroad |

## 2009 July

| | | |
|---|---|---|
| 20 Mon | 21 Tue | Engaged |
| 22 Wed | ............ | Visitors' day |
| 23 Thu | ............. | Engaged |
| 24 Fri | ............ | Out of Station |
| 25 Sat | ............ | Valad : Blessing of Convent of Nirmaladasi Sisters |
| 26 Sun | ............. | Pulpally : Holy Mass |
| 27 Mon | 28 Tue | Priests' Living Together (First Batch) |
| 29 Wed | ............. | Priests' Conference |
| 30 Thu | 31 Fri | Priests' Living Together (Second Batch) |